# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 മേയ് 19 | ദീപം 55 | നാളം 11 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# അടുക്കളയിൽ തീ കോരിയിടുന്നവർ





സിൽജി ജെ. ടോം

അടുക്കളകളെ തീപിടിപ്പിക്കുകയാണ് പാചക വാതക വിലവർധന. ഗാർഹിക പാചകവാതക സിലിണ്ടർ വില ആയിരം കടന്നത് സാധാരണ ജനത്തെ സംബന്ധിച്ചിടത്തോളം ഇരുട്ടടിയായിരിക്കുന്നു. 14.2 കി.ഗ്രാം വരുന്ന സിലിണ്ടറിന് ഇക്കഴിഞ്ഞ ദിവസം അമ്പതു രൂപകൂടി വർധിപ്പിച്ചതോടെ 956.50 രൂപയായിരുന്ന വില 1006.50 രൂപയിലെത്തിയിരിക്കുന്നു. ഇതാദ്യമാണ് രാജ്യത്ത് ഗാർഹികസിലിണ്ടർവില നാലക്കം കടക്കുന്നത്. കൊവിഡിൽ വഴിമുട്ടിയ ജീവിതം തിരിച്ചുപിടിക്കാൻ പെടാപ്പാടു പെടുന്ന സാധാരണക്കാർക്കു കനത്ത പ്രഹരമാണ് അടിക്കടിയുള്ള പെട്രോൾ - ഡീസൽ വില വർധനയ്ക്കൊപ്പം നിലവിലെ പാചക വാതക വിലവർധനയും. അടുക്കളകളെ പ്രതിസന്ധിയിലാക്കുന്ന കേന്ദ്രസർക്കാരിന്റെ ഇന്ധനനയത്തിലെ നയമില്ലായ്മ എല്ലാവർക്കും ബോധ്യമായിക്കഴിഞ്ഞു.

വിദേശത്തുനിന്നു വാങ്ങുന്ന ക്രൂഡോയിൽവിലയിൽ ഉണ്ടാകുന്ന വർധനയല്ല, മറിച്ച്, എണ്ണവില്പനവഴി ലഭിക്കുന്ന അമിതനികുതി വരുമാനമാണ് ഈ ജനവിരുദ്ധനടപടിക്കു കേന്ദ്രത്തെ പ്രേരിപ്പിക്കുന്നതെന്നു കരുതേണ്ടിയിരിക്കുന്നു. മൂന്നുനാലു വർഷത്തിനുള്ളിൽ മൂന്നുലക്ഷത്തിൽപ്പരം കോടി രൂപയുടെ അധികവരുമാനം എണ്ണവില്പനയിൽനിന്നുമാത്രം കേന്ദ്രഖജനാവിലെത്തിയിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. അടിസ്ഥാനവിലയ്ക്കൊപ്പം കേന്ദ്രനികുതിയും സംസ്ഥാനനികുതിയും ചേരുമ്പോഴാണ് പാചകവാതകവില ആയിരത്തിനു മുകളിലെത്തുന്നത്. സാധാരണക്കാരുടെ കുടുംബബജറ്റ് തകർക്കുന്ന ഇന്ധനവിലക്കയറ്റം വിപണിയിൽ സർവസാധനങ്ങളുടെയും വിലക്കയറ്റത്തിലാണ് എത്തിനിൽക്കുന്നത്.

വാണിജ്യസിലിണ്ടറുകൾക്കു പലതവണ വില വർധിപ്പിച്ചതിനുശേഷമാണ് ഇത്തവണ ഗാർഹിക സിലിണ്ടറിനു വില ഉയർത്തിയത്. മാർച്ച് 22ന് ഗാർഹികസിലിണ്ടറിന് 50 രൂപയും കഴിഞ്ഞ വാരത്തിൽ വാണിജ്യാവശ്യത്തിനുള്ള സിലിണ്ടറിന് 103 രൂപയും വർധിപ്പിച്ചിരുന്നു. ഏപ്രിൽ മാസത്തിൽ ഗാർഹിക സിലിണ്ടർ വിലയിൽ വർധനയുണ്ടായിരുന്നില്ല. കൊച്ചിയിൽ വാണിജ്യസിലിണ്ടർ വില 2,359 രൂപയാണ്. നാലു മാസത്തിനിടെ 365 രൂപയാണ് വാണിജ്യസിലണ്ടറുകൾക്കു കൂടിയത്.

പൈപ്പുവഴി വീടുകളിലെത്തുന്ന പ്രകൃതിവാതകത്തിന്റെ വിലയിലും യൂണിറ്റിന് 4.25 രൂപ വർധനയുണ്ട്.

യുപിഎ ഭരണകാലത്ത്, 2013 ഡിസംബറിൽ 414 രൂപയായിരുന്ന ഗാർഹികസിലിണ്ടർ വിലയാണ് ഇന്ന് ആയിരം കടന്നത്.

അഞ്ചു സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പു പൂർത്തിയായതിനു പിന്നാലെയാണ് കഴിഞ്ഞ മാസം വിലവർധനയ്ക്കു തുടക്കമിട്ടത്. പാവങ്ങളുടെ ജീവിതപ്രയാസങ്ങളിൽ മുതലക്കണ്ണീരൊഴുക്കുന്ന ഭരണാധികാരികൾ നിരന്തരം അവരെ വിലക്കയറ്റത്തിലേക്കു തള്ളിവിടുകയാണു ചെയ്യുന്നത്.

ഗാർഹികപാചകവാതകത്തിനു കേന്ദ്രം സബ്സിഡി നൽകിയിരുന്നത് ജനത്തിന് ആശ്വാസമായിരുന്നു. സിലിണ്ടർ വാങ്ങുമ്പോൾ ഉപഭോക്താവ് വില പൂർണമായും നൽകുകയും സബ്സിഡി അവരുടെ അക്കൗണ്ടുകളിലേക്ക് എത്തുകയുമായിരുന്നു ചെയ്തിരുന്നത്.

ഗ്യാസ് അത്ര പ്രചാരത്തിൽ ഇല്ലാതിരുന്ന കാലത്ത് വിറകിനെയാണു സാധാരണക്കാർ ആശ്രയിച്ചിരുന്നതെങ്കിൽ ഇന്നു വിറകിന്റെ ഉപയോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വിറകിന്റെ ലഭ്യത കുറയുകയും വില കുത്തനെ ഉയരുകയും ചെയ്തതോടെ സാധാരണക്കാർപോലും ഇന്ധനാവശ്യത്തിന് എൽപിജിയെ ആശ്രയിക്കാൻ നിർബന്ധിതരായി. സാധാരണക്കാർ വിറകടുപ്പു വിട്ട് എൽപിജിയിലേക്കു മാറുന്നതിനു സബ്സിഡി സഹായമായിരുന്നു. പിന്നീട് പാചകവാതകസബ്സിഡി സർക്കാർ നിർത്തലാക്കി. രണ്ടു വർഷത്തിലധികമായി നിർത്തിവച്ചിരിക്കുന്ന ഗ്യാസ് സബ്സിഡി വീണ്ടും നൽകുന്നതിനെക്കുറിച്ച് കേന്ദ്രം ആലോചിക്കേണ്ടിയിരിക്കുന്നു. നിശ്ചിതവരുമാനപരിധിക്കു താഴെയുള്ള എല്ലാവർക്കും സബ്സിഡി അനുവദിക്കുന്നതു വിലവർധനയിൽ നട്ടംതിരിയുന്ന സാധാരണകുടുംബങ്ങൾക്ക് ആശ്വാസമാകും.

ഒരു വർഷം മുമ്പത്തെ റിപ്പോർട്ടുപ്രകാരം 27.76 കോടിയാണ് രാജ്യത്ത് ഗാർഹികപാചകവാതക ഉപഭോക്താക്കളുടെ എണ്ണം. ആഗോളതലത്തിൽ രണ്ടാം സ്ഥാനമാണ് ഇന്ത്യക്ക്.

റഷ്യ - യുക്രെയ്ൻ യുദ്ധത്തെത്തുടർന്ന് അന്താരാഷ്ട്രവിപണിയിൽ ക്രൂഡോയിൽവില വർധിച്ചതാണ് പാചകവാതകവിലവർധനയ്ക്കു കാരണമെന്നു കേന്ദ്രം പറയുന്നു. എന്നാൽ, ലോകരാജ്യങ്ങൾ പലതിന്റെയും എതിർപ്പു വകവയ്ക്കാതെ അന്താരാഷ്ട്ര വിപണിയിലേതിനെക്കാളും കുറഞ്ഞ നിരക്കിൽ റഷ്യയിൽനിന്നാണ് ഇന്ത്യ ക്രൂഡോയിൽ വാങ്ങുന്നത് എന്നിരിക്കേ, അന്താരാഷ്ട്രവിപണിവില കണക്കാക്കി പെട്രോൾ ഉത്പന്നങ്ങൾക്കു വില നിശ്ചയിക്കുന്നത് ജനത്തിനെതിരായ നടപടിയെന്നേ പറയാനാവൂ. സർക്കാർനയങ്ങളുടെ ഗുണഭോക്താക്കൾ പ്രധാനമായും ജനങ്ങൾതന്നെയാവണമെന്ന വസ്തുത പലപ്പോഴും ഭരണത്തിലിരിക്കുന്നവർ മറന്നുപോകുന്നു.

വാണിജ്യസിലിണ്ടറിനു തുടർച്ചയായി വില വർധിപ്പിച്ചതു ഹോട്ടൽ ഭക്ഷണവിലയെയും കാര്യമായി ബാധിച്ചിട്ടുണ്ട്. കൊവിഡിൽ നട്ടം തിരിഞ്ഞ മേഖലകളിലൊന്നാണ് ഹോട്ടൽവ്യവസായം. ഇതിനിടയാണു പാചകവാതകവില തോന്നുംപോലെ വർധിക്കുന്നത്. അടുക്കളകൾക്കൊപ്പം ജനകീയഹോട്ടലുകളുടെയും താളം തെറ്റിക്കുകയാണ് പാചകവാതകവിലവർധന. ഇരുപതു രൂപയ്ക്ക് ഊണു നൽകി സാധാരണക്കാരന്റെ വിശപ്പകറ്റിയ ജനകീയഹോട്ടലുകൾ പാചകവാതകവിലവർധനയിൽ പിടിച്ചുനില്ക്കാൻ ക്ലേശിക്കുകയാണ്. പാചകവാതകവില ഉയരുമ്പോൾ ഭക്ഷണവില വർധിപ്പിക്കേണ്ടിവരും, ഇത് ഉപഭോക്താക്കളെയാണു ബാധിക്കുക.

ബസ്, ഓട്ടോചാർജുകൾ കുത്തനെ വർധിപ്പിച്ചിട്ട് അധികദിവസമായില്ല. തൊഴിലും വരുമാനമില്ലായ്മയും വിലക്കയറ്റവും പ്രതിസന്ധിയിലാക്കിയ ജീവിതത്തിനുമേൽ ഇന്ധനവിലവർധനയും കനത്ത പ്രഹരമാണു നൽകുന്നത്. സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർ, കൂലിപ്പണിക്കാർ, ലോട്ടറിത്തൊഴിലാളികൾ, തയ്യൽത്തൊഴിലാളികൾ, തൊഴിലുറപ്പുകാർ, ഓട്ടോ-ടാക്സി ഡ്രൈവർമാർ, സ്വകാര്യബസ് ജീവനക്കാർ തുടങ്ങിയവരൊക്കെ ജീവിതം കൂട്ടിമുട്ടിക്കാൻ പെടാപ്പാടു പെടുകയാണ്.

നേരത്തേ കേന്ദ്രസർക്കാറിന്റെ ഇന്ധനവില കൊള്ളയ്ക്കെതിരായ പ്രതിഷേധത്തിൽ മുൻനിരയിലുണ്ടായിരുന്ന ഇടതുപക്ഷം സംസ്ഥാനത്തു ഭരണത്തിലേറിയതോടെ മൗനത്തിലാണ്. പെട്രോളിയം ഉത്പന്നങ്ങൾക്കു വില കൂടുന്നതിനനുസരിച്ച് സംസ്ഥാനത്തിനു നികുതിയിനത്തിലും അധികവരുമാനമുണ്ടാകുമല്ലോ. ഇന്ധനവില നിയന്ത്രണാവകാശം എണ്ണക്കമ്പനികൾക്കു വിട്ടുകൊടുത്ത കോൺഗ്രസിനും ഈ ഉത്തരവാദിത്വത്തിൽനിന്നു കൈകഴുകാനാവില്ല.

അന്താരാഷ്ട്രവിപണിയിൽ വിലയുയരുമ്പോൾ എണ്ണക്കമ്പനികൾക്കു തോന്നുംവിധം വില വർധിപ്പിക്കുക, കുറയുമ്പോഴാവട്ടെ സർക്കാരിനുള്ള തീരുവ ഉയർത്തി വിലക്കുറവിന്റെ ഫലം ജനത്തിനു ലഭിക്കുന്നതു തടസ്സപ്പെടുത്തുക ഇതൊക്കെയാണ് ഇവിടെ നടക്കുന്നത്.

സബ്സിഡി പുനഃസ്ഥാപിച്ചു സാധാരണക്കാരന് ആശ്വാസമാകാനുള്ള നടപടികൾ അടിയന്തരമായി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടിയിരിക്കുന്നു. ■

# നിറത്തിന്റെ രാഷ്ട്രീയം




■ വീയെൻ

നമ്മൾ ജീവിക്കുന്ന വർത്തമാനകാലത്തിന്റെ ചില തീക്ഷ്ണതകളെയും ആസുരതകളെയും ഏറ്റവും ഹൃദ്യമായി അവതരിപ്പിച്ച ഒരു സിനിമയാണ് അടുത്ത കാലത്തിറങ്ങിയ ജനഗണമന. സമൂഹത്തിന്റെ മേലേക്കിടയിലുള്ളവരെന്ന് അഭിമാനിക്കുന്നവരും തങ്ങളെക്കാൾ മീതെ ആരും ഉയർന്നുവരേണ്ടതില്ലെന്നു ശഠിക്കുന്നവരുമായ വരേണ്യവർഗത്തിന്റെ മനുഷ്യത്വരഹിതമായ മുഖമായിരുന്നു സമകാലിക വാർത്തകളുടെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ട ഈ സിനിമ വലിച്ചുകീറിയത്. വ്യക്തമായ രാഷ്ട്രീയം കാഴ്ചവയ്ക്കുന്ന സിനിമകൂടിയാണിത്. മുറിവേറ്റവനെന്നും മാറ്റിനിർത്തപ്പെട്ടവനെന്നും വേർതിരിക്കപ്പെട്ട ദളിത്സമൂഹത്തിന്റെ പ്രശ്നങ്ങളെ സംബോധന ചെയ്തു എന്നതാണ് ഈ സിനിമയുടെ പ്രധാന മഹത്ത്വം. തമിഴിൽ ജയ്ഭീം, കർണൻ തുടങ്ങി കീഴാളസമൂഹത്തിന്റെ പരിത്യക്തതകളെയും അവഗണനകളെയും മുറിവേല്ക്കലുകളെയും ചിത്രീകരിക്കുന്ന നിരവധി സിനിമകൾ പുറത്തിറങ്ങുമ്പോഴും മലയാള സിനിമ അത്തരമൊരു വിഷയത്തിലേക്കു പൂർണശ്രദ്ധ തിരിച്ചിരുന്നില്ല. (സിദ്ധാർത്ഥ് ശിവയുടെ 'വർത്തമാന'ത്തിൽ നായികയുടെ കൂട്ടുകാരിയുടെയും സഹോദരന്റെയും പോലെയുള്ള ചില സൂചനകളെ മറന്നുകൊണ്ടല്ല ഇതെഴുതുന്നതും. ഫാസിസത്തിനെതിരേ രണ്ടു രീതിയിൽ പ്രതികരിച്ച സിനിമകളാണ് ജനഗണമനയും വർത്തമാനവും.)

കറുപ്പിന്റെ രാഷ്ട്രീയമാണ് ജനഗണമന ചർച്ച ചെയ്യുന്നത്. ബാംഗ്ലൂരിലെ പ്രശസ്തമായ യൂണിവേഴ്സിറ്റിയിൽ കഴിഞ്ഞ ഏഴു വർഷമായി പിഎച്ച് ഡി ചെയ്തിട്ടും അതു പൂർത്തിയാക്കാൻ അംഗീകാരം നല്കാൻ തയ്യാറാകാത്ത ഗൈഡിന്റെ മാനസികപീഡനംമൂലം ആത്മഹത്യ ചെയ്യുന്ന ദളിത് പെൺകുട്ടിയാണ് സിനിമയുടെ ഗതിവിഗതികളെ നിയന്ത്രിക്കുന്നത്. അവളുടെ മരണമാണ് അധ്യാപികയായ സഫയുടെ കൊലപാതകത്തിലേക്കും പിന്നീട് സംഘർഷഭരിതമായ നിമിഷങ്ങളിലേക്കും സിനിമയെ കൊണ്ടുപോകുന്നത്. ദളിത് പ്രശ്നം - കറുപ്പ് - മുന്നോട്ടുവയ്ക്കുന്ന സിനിമയെന്ന് അവകാശപ്പെടുമ്പോഴും മറ്റൊരർത്ഥത്തിൽ ഈ ചിത്രം ദളിതരുടെ അസ്തിത്വത്തെ വില കുറച്ചു കാണുകയാണു ചെയ്യുന്നതെന്നു ജനഗണമനയോടുള്ള എല്ലാ ആദരവോടുംകൂടി പറയട്ടെ. വിവിധ രീതിയിലാണ് ഇതു സംഭവിക്കുന്നത്.

ഒരു ഭാഗത്ത് വിദ്യ എന്ന ദളിത് പെൺകുട്ടിയെ, അവളുടെ നിസ്സഹായതയെ ഏറ്റവും ഹൃദയസ്പർശിയായി അവതരിപ്പിക്കുമ്പോഴും ഇതിനു സമാന്തരമായി ചലച്ചിത്രകാരന്മാർ അറിഞ്ഞോ അറിയാതെയോ അവതരിപ്പിക്കുന്ന മറ്റൊരു കാര്യം എതിർഭാഗത്ത് തിന്മയുടെ ഭാഗത്തുള്ളതും കറുത്ത നിറമുള്ള വ്യക്തിയാണെന്നതാണ്. അതായത്, അധികാരത്തിനുവേണ്ടി ഏതറ്റവും പോകാൻ തയ്യാറാകുന്ന രാഷ്ട്രീയക്കാരനാണ് ഈ സിനിമയിലെ വില്ലൻ. അയാളുടെ ദുഷ്ചെയ്തികളുടെ ഫലമാണ് സിനിമയിലെ നായകനുൾപ്പെടെയുള്ളവർ അനുഭവിക്കുന്നത്.

കറുപ്പിനോടുള്ള അസ്പൃശ്യത സിനിമകളുടെയെല്ലാം പൊതുസ്വഭാവമാണ്. നീലക്കുയിൽ തുടങ്ങിയുള്ള സിനിമകളുടെ ചരിത്രം വെളിച്ചപ്പെടുത്തുന്നത് അതാണ്. മാത്രവുമല്ല, ഭാഷാവ്യത്യാസമില്ലാതെ സിനിമകളെ അപഗ്രഥിച്ചുനോക്കുമ്പോഴും ഇക്കാര്യം മനസ്സിലാകും, ഭൂരിപക്ഷം സിനിമയിലും നെഗറ്റീവ് ഷേഡ് കഥാപാത്രങ്ങളാകുന്നത് കറുത്ത നിറമുള്ള വ്യക്തികളായിരിക്കും. കറുപ്പിനെ തിന്മയുടെ പ്രതിരൂപമായിട്ടാണു സിനിമകളിൽ പൊതുവെ അവതരിപ്പിക്കുന്നത്, അല്ലെങ്കിൽ പരിഹാസകഥാപാത്രമായി. ഇതിനു രണ്ടിനും നടുവിൽ അല്ലാതെയുള്ള, മികച്ച രീതിയിൽ അവതരിപ്പിക്കപ്പെടുന്ന കഥാപാത്രങ്ങൾ തുലോം കുറവാണ്.

അതിജീവനത്തിന്റെയോ സ്വയംവളർച്ചയുടെയോ ഭാഗമായി അവതരിപ്പിക്കാതെ ഇരകളാകേണ്ടിവരുന്നവർ എന്ന മട്ടിലാണ് കറുത്ത നിറമുള്ള പല കഥാപാത്രങ്ങളും കടന്നുവരുന്നത്. കറുപ്പു നിറമുള്ളവരെല്ലാം പാർശ്വവത്കരിക്കപ്പെട്ടവരാണെന്ന, താഴേക്കിടയിലുള്ളവരാണെന്ന സവർണ അധമബോധമാണ് ഇക്കാര്യത്തിൽ നയിക്കപ്പെടുന്നത്. വീട്ടുജോലിക്കാരിയോ നാടോടിയോ ഒക്കെയായ നായകകഥാപാത്രങ്ങളെ മേക്കപ്പിലൂടെ വികൃതമായി ചിത്രീകരിക്കുന്നതാണു പൊതുരീതി. അതുകൊണ്ടാണ് ഉദാഹരണം സുജാതയിൽ സുന്ദരിയായ മഞ്ജുവാര്യർക്കും കറുത്തപക്ഷികളിൽ പത്മപ്രിയയ്ക്കും ഡൾ മേക്കപ് ഉപയോഗിക്കേണ്ടിവന്നത്. കാക്കോത്തിയായി വരുമ്പോൾ രേവതിയും (കാക്കോത്തിക്കാവിലെ അപ്പൂപ്പൻതാടികൾ) പോണ്ടിച്ചേരി മുഖ്യമന്ത്രിയുടെ മകളായിരുന്നിട്ടും നാടുവിട്ടോടിപ്പോകുമ്പോൾ നാടോടിപ്പെൺകുട്ടിയുടെ വേഷം ധരിക്കേണ്ടിവരുന്ന നിത്യാദാസും (ഈ പറക്കും തളിക) പോലെയുള്ള നിരവധി ഉദാഹരണങ്ങൾ വേറേയുമുണ്ട്. കറുത്തമ്മ എന്ന പേരുണ്ടായിരുന്നിട്ടും മുക്കുവത്തിപ്പെൺകുട്ടിയായി വെളുത്ത ഷീലയെ അവതരിപ്പിച്ചതാണ് (ചെമ്മീൻ) ഇതിനെല്ലാം അപവാദമായി പെട്ടെന്നു മനസ്സിലേക്കു കടന്നുവരുന്ന ഉദാഹരണം. കെ.ജി ജോർജിന്റെയും ലെനിൻ രാജേന്ദ്രന്റെയും സിനിമകളിൽ ശ്രദ്ധേയവേഷം ചെയ്ത കറുത്ത നിറമുള്ള സൂര്യ എന്നൊരു നടിയുണ്ട്. കീഴാളജനവിഭാഗത്തെ പ്രതിനിധീകരിക്കുന്ന കഥാപാത്രം വരുമ്പോൾ പ്രസ്തുത നടിക്കുവേണ്ടിയായിരുന്നു അതു നീക്കിവച്ചിരുന്നത്. അപൂർവം ചില സിനിമകളിലൊഴികെ സൂര്യയെ ആകർഷകമായി അവതരിപ്പിച്ചിട്ടുമില്ല.



ജയറാം നായകനായുള്ള പഴയകാല സിനിമകളിൽ നായകന്റെ കൂട്ടുകാരനായി വരുന്ന കലാഭവൻ മണിയുടെയും ദിലീപ് നായകനായ സിനിമകളിൽ കൂട്ടുകാരായി വരുന്ന സലിം കുമാർ, ഹരിശ്രീ അശോകൻ തുടങ്ങിയവരുടെയും കാര്യങ്ങളും പരാമർശിക്കേണ്ടതുണ്ട്. രണ്ടാംകിടയോ മൂന്നാം കിടയോ ആയിട്ടാണ് ഈ കൂട്ടുകാരന്മാരെല്ലാം അവതരിപ്പിക്കപ്പെടുന്നത്. സുന്ദരനും വെളുത്ത നിറമുള്ളവനും ഉന്നതകുലജാതനുമായ നായകന്റെ അടി മേടിക്കുകയും അവർക്കുവേണ്ടി അബദ്ധങ്ങളിൽ ചെന്നു ചാടുകയും ചെയ്യുന്നവരാണ് ഇവരെല്ലാം. മാടമ്പിയോ വല്യേട്ടനോ പ്രമാണിയോ നരസിംഹമോ ഒക്കെയായി വെളുത്തവർ വരുമ്പോൾ, അവർ നന്മയുടെ അവതാരങ്ങളായി ചിത്രീകരിക്കപ്പെടുമ്പോൾ അവരുടെ അടിമകളായി, ഇരകളായി കറുത്ത നിറമുള്ളവർ മാറുന്ന രീതിതെല്ലും ആശാസ്യമല്ല. കരുമാടിക്കുട്ടൻ എന്നായിരുന്നു കലാഭവൻ മണി നായകനായ ഒരു ചിത്രത്തിന്റെ പേര്. നൂറ്റാണ്ടുകളായി പുലർത്തിവരുന്ന സവർണമേൽക്കോയ്മയുടെയും അടിച്ചമർത്തലിന്റെയും ഭാഗമാണ് ഇതെല്ലാം.

കറുത്തവർക്കുവേണ്ടിയുള്ള നിയമപോരാട്ടത്തിലും അവകാശസമരത്തിലും മുന്നിട്ടിറങ്ങുന്നത് വെളുത്തവരും സുന്ദരന്മാരുമാണ് എന്നതും കറുത്തവരെ രക്ഷിക്കാൻ വെളുത്തവർ വേണ്ടിവരുന്നു എന്നതുമാണ് ഇത്തരം സിനിമകളിലെ മറ്റൊരു വൈചിത്ര്യം. വെളുപ്പിന്റെ വിജയംതന്നെയാണ് ഇവിടെ ആഘോഷിക്കപ്പെടുന്നത്. അതാവട്ടെ, പ്രതിലോമകരവുമാണ്. കറുത്തവരെ ഇരയുടെ തലത്തിലേക്ക് ഇകഴ്ത്തിക്കാണിച്ച് അവരെ രക്ഷിക്കാൻ സവർണരും സുന്ദരന്മാരും സുന്ദരിമാരും വരുന്നതിലൂടെ പല സിനിമകളുടെയും ഇരട്ടത്താപ്പ് വ്യക്തമാക്കപ്പെടുന്നു. വെളുത്തവരുടെ പിച്ചക്കാശും ചില്ലറയുമാണ് സ്വന്തം അവകാശങ്ങൾപോലും നേടിയെടുക്കാൻ സഹായിക്കുന്നത് എന്നുവരുമ്പോൾ കറുത്തവരുടെ ആത്മാഭിമാനം വീണ്ടും ഹനിക്കപ്പെടുകയാണ്. ജനഗണമനയും ജയ്ഭീമുംതന്നെ ഇവിടെ ഉദാഹരിക്കപ്പെടണം. അഡ്വ ചന്ദ്രുവും (സൂര്യ-ജയ്ഭീം) അഡ്വ. അരവിന്ദ് സ്വാമിനാഥ(പൃഥിരാജ്)നും സഫ(മംമ്താ മോഹൻദാസ്)യുമാണ് ഇതിലെ രക്ഷകർ. ദിവ്യയെ പിന്തുണയ്ക്കാൻ എത്തുന്ന സഫയെ ഒരു മാലാഖയെപ്പോലെ അതീവ സുന്ദരിയായിട്ടാണു ചിത്രീകരിച്ചിരിക്കുന്നത്. ഇതിനു പകരമായി ഒരു കറുത്ത നിറമുള്ള ഒരു അഭിനേത്രിയെ പ്ലേസ് ചെയ്യാൻ ചലച്ചിത്രകാരന്മാർ തയ്യാറായില്ല. അഡ്വ. അരവിന്ദ് സ്വാമിനാഥൻ എന്ന പേരിലൂടെ സവർണമേൽക്കോയ്മയും അരക്കിട്ടുറപ്പിക്കുന്നു. കൃത്യമായ ജാതീയതയാണ് ഇവിടെ മറനീക്കി പുറത്തുവരുന്നത്. ആർഎസ്എസ് ബിജെപി നയങ്ങളെ പരസ്യമായി ചോദ്യം ചെയ്യുന്നു എന്ന പ്രതീതി ഉണർത്തിക്കൊണ്ടാണ് ഇതു ചെയ്യുന്നത് എന്നതാണ് ഏറെ ഖേദകരം.

സമൂഹത്തിന്റെ ചിന്താധാരയിൽ ആഴത്തിൽ വേരുറപ്പിക്കപ്പെട്ടുപോയതാണ് ജാതീയതയും വർണവിവേചനവും. എത്ര വിദ്യാഭ്യാസവും ഉന്നതപദവിയും ഉള്ളവരുടെ ഇടയിൽപോലും ഇത് ഏറ്റക്കുറച്ചിലോടെ നിലനിന്നുപോരുന്നുണ്ട്. സഭയിൽപ്പോലും ദളിത് സമൂഹം വിവേചനം നേരിടുന്നുണ്ടെന്നാണ് ചില പക്ഷങ്ങൾ. മനുഷ്യരെല്ലാവരും തുല്യജോലിക്ക് അർഹരല്ലെങ്കിലും തുല്യജീവിതത്തിന് അർഹരാണെന്നാണല്ലോ പറയുന്നത്. അതേ, നിറവും ജാതിയും മതവും നോക്കാതെ മനുഷ്യൻ എന്ന പൊതുസംജ്ഞയിൽ മറ്റുള്ളവരെ ആദരിക്കാനും അംഗീകരിക്കാനും സ്നേഹിക്കാനും നമുക്കു കഴിയണം. ഒരേ ഈശ്വരചൈതന്യമാണ് എല്ലാവരെയും പ്രകാശിപ്പിക്കുന്നതെന്ന അറിവിലേക്കു നാം വളരണം. അതിനു വരുംകാലങ്ങളിൽ സാമൂഹികാവബോധവും പാർശ്വവത്കരിക്കപ്പെട്ടവരോട് ഐക്യദാർഢ്യവും പ്രകടിപ്പിക്കുന്ന, സദുദ്ദേശ്യത്തോടെയുള്ള നല്ല സിനിമകൾ പുറത്തിറങ്ങണം. വരുംതലമുറയെങ്കിലും ജാതിയുംമതവും വർണവുംചേർന്ന് അന്ധരാക്കപ്പെടുന്ന അവസ്ഥയിൽനിന്നു പുറത്തുകടക്കണം.

■

# ടൂറിസം പുതുവഴി തേടുമ്പോൾ



ഹണി സുധീർ



**അ**ടിമുടി മാറ്റം വരുത്തിയാൽ ഗ്രാമവും നഗരവും ഒരുപോലെ മെച്ചപ്പെടുന്ന അനന്തമായ തൊഴിൽസാധ്യതകളുള്ള ഒരു വ്യവസായമേഖലയാണു ടൂറിസം. ഇതിലൂടെ നമുക്കു കൈവരിക്കാൻ സാധിക്കുന്ന നേട്ടങ്ങൾ നമ്മുടെ സംസ്കാരത്തെ, പൈതൃകത്തെ ഊട്ടിയുറപ്പിക്കാൻ പറ്റുന്ന തരത്തിലുള്ളതാണ്.

അതിഥികളെ ദൈവതുല്യരായിക്കണ്ടു പരിചരിക്കുകയെന്നതാണു നമ്മുടെ സംസ്കാരം. ഓരോ നാടിനും തനതായ സ്പന്ദനങ്ങളുണ്ട്, അവരവരുടെ പെരുമയെ വിളിച്ചോതാൻ പോന്നവ. കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് ഇത്തരം ദേശപ്പെരുമകളെ വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞാൽ, അതിലൂടെ സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നായ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണാനും വിനോദസഞ്ചാരത്തിന് ഒരു വേറിട്ട മുഖം നല്കാനും സാധിക്കും.

ടൂറിസംമേഖലയെ പരിപോഷിപ്പിക്കാൻ ആദ്യം ചെയ്യേണ്ടത് അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുകയാണ്; പ്രധാനമായും പൊതുഗതാഗതസൗകര്യങ്ങൾ, ഗസ്റ്റ് ഹൗസുകൾ തുടങ്ങിയവ. സുതാര്യമായ സമീപനം ഈ മേഖലയിൽ അത്യന്താപേക്ഷിതമാണ്. മനോഹരമായ വഴികളാണു സഞ്ചാരികളുടെ മനം കവരുന്നത്. പൊതുവഴിയിടങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുമ്പോൾത്തന്നെ മാറ്റങ്ങൾ കണ്ടുതുടങ്ങും.

ലോകജനതയെ മുഴുവൻ ലോക്കിട്ടു പൂട്ടിയ കൊറോണ സമ്പദ്വ്യവസ്ഥയെ തകിടം മറിച്ചു. അതിൽ സാരമായ നഷ്ടം സംഭവിച്ചത് ടൂറിസ്റ്റു മേഖലയ്ക്കും അതുമായി ബന്ധപ്പെട്ടു ജീവിക്കുന്നവർക്കുമാണ്. ഒരു തരത്തിൽ പറഞ്ഞാൽ ജീവിതം ഒരു സഞ്ചാരമാണ്. ജീവിക്കാനുള്ള സഞ്ചാരം. നയനമനോഹരമായ ഒരു ഭൂപ്രകൃതി നമുക്കുണ്ട്. ആ പ്രകൃതിയെ ചൂഷണം ചെയ്യാതെ എങ്ങനെ വിനിയോഗിക്കാമെന്നതും പ്രചരിപ്പിക്കാമെന്നതും നാം പഠിക്കണം.

ടൂറിസം മേഖലയിലെ നിക്ഷിപ്ത താത്പര്യക്കാരുടെ കടന്നുകയറ്റം ഗുണത്തെക്കാളേറെ ദോഷം ചെയ്യുന്ന ഒന്നായി മാറിക്കഴിഞ്ഞു. ഒരു വിഭാഗം ആളുകളുടെ പുരോഗതിയല്ലാതെ നാടിന്റെ വികസനം ചോദ്യമുനയിൽത്തന്നെയാണ്. സാമൂഹികക്കൂട്ടായ്മയിലൂടെ സംസ്കാരപ്പെരുമയെ വളർത്തിക്കൊണ്ടുവരാൻ കഴിയുന്ന ഒരു സമൂഹം വിസ്മൃതിയിൽ ആണ്ടുപോകുകയാണ്. ഉദാഹരണത്തിന്, കൈത്തൊഴിലുകൾ, നാടൻ രുചിക്കൂട്ടുകൾ, നാടൻ കലാരൂപങ്ങൾ, ഗോത്രകലകളും കലാകാരന്മാരും എല്ലാം അന്യമായിക്കൊണ്ടിരിക്കുന്നു. വിപണനത്തെക്കാളുപരി നിർമാണവും കലാസംരക്ഷണവും അത്യന്താപേക്ഷിതമാണ്. ഇത്തരം കലാരൂപങ്ങളും കലാകാരന്മാരും ഇതര തൊഴിൽമേഖലകളിലേക്കു ചേക്കേറിക്കൊണ്ടിരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാടെന്ന പെരുമയുള്ള കേരളത്തിനു ലോകസഞ്ചാരികളുടെ മനസ്സിൽ ഇടം നേടിക്കൊടുത്തിരുന്നത്, കേരളത്തിന്റെ തനതു കലകളും സംസ്കാരവുമാണ്.

കേരളീയ ഭക്ഷ്യവിഭവങ്ങൾ ഒട്ടും മായം ചേർക്കാതെതന്നെ രാജ്യാന്തര പ്രശസ്തി നേടിയെടുത്തിട്ടുണ്ട്. കോഴിക്കോടൻ ഹൽവയും പാലക്കാടൻ മട്ടയും രാമശ്ശേരി ഇഡ്ഡലിയും എല്ലാം ഉദാഹരണങ്ങളാണ്. കൂടാതെ, കലാസൃഷ്ടികളായ ആറന്മുളക്കണ്ണാടിയും കരകൗശലവസ്തുക്കളും എല്ലാം.

വള്ളംകളി, കളരിപ്പയറ്റ് തുടങ്ങിയ കായികകലകൾ വിദേശസഞ്ചാരികളെ ഏറെ ആകർഷിക്കുന്നവയാണ്. ഒപ്പമുണ്ട് കഥകളി, മോഹിനിയാട്ടം, ചാക്യർക്കൂത്ത് തുടങ്ങിയ കലാരൂപങ്ങളും.

കൊറോണ എന്ന മഹാമാരി നാടൻ കലാകാരൻമാരിൽ പലരെയും നഷ്ടപ്പെടുത്തിയിട്ടുണ്ട്. ടൂറിസംസാധ്യതകൾ മുന്നിൽക്കണ്ട് ഇത്തരം കലകൾ പുതുതലമുറയെ പരിശീലിപ്പിക്കാൻ സാധിച്ചാൽ പ്രദേശികമായ പുരോഗതി കൈവരിക്കാൻ കഴിയും.

ഉത്സവങ്ങളും അതുമായി ബന്ധപ്പെട്ട കലകളും വിനോദസഞ്ചാരികളെ ആകർഷിക്കുന്നവയാണ്. പൂരങ്ങളുടെ പൂരം എന്നറിയപ്പെടുന്ന തൃശൂർ പൂരം തുടങ്ങിയ പല പ്രാദേശിക ഉത്സവങ്ങളുടെയും നിറപ്പകിട്ടുകളും മേളങ്ങളുമെല്ലാം നമ്മുടെ നാടിന്റെ പൈതൃകസംസ്കാരത്തെ വിളിച്ചോതുന്നു.

കൈത്തറിയാണ് കൊറോണമൂലം ഏറെ നഷ്ടങ്ങൾ നേരിട്ട ഒരു വ്യവസായമേഖല. കേരള ഹാൻഡ്‌ലൂം എന്ന ബ്രാൻഡ് വിദേശസഞ്ചാരികളെ ആകർഷിക്കുന്ന ഒരു മേഖലയാണ്.

ആദിവാസി ഊരുകളെ അതേ സ്വാഭാവികതയോടെ നിലനിർത്തിക്കൊണ്ടുതന്നെ, അവരുടെ കലാരൂപങ്ങളെയും അറിവുകളെയും ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി മെച്ചപ്പെടുത്തിയെടുക്കാൻ സാധിച്ചാൽ അവർക്കും നാടിനും നേട്ടങ്ങൾ കൊണ്ടുവരാൻ സാധിക്കും. ഉള്ള വിഭവങ്ങളെ കൃത്യമായി വിനിയോഗിക്കാൻ സാധിച്ചാൽ മാത്രമേ സ്തംഭിച്ചുപോയ ജീവിതങ്ങളെ പച്ചപിടിപ്പിക്കാൻ സാധിക്കുകയുള്ളൂ. നാടിന്റെ വികസനം ഇനി കൂട്ടായ്മയിലൂടെയേ സാധിക്കൂ. ■

## 'ജീവിക്കാനുള്ള അവകാശം' പ്രകൃതിക്കുമുണ്ട്



**പൗ**രന്മാരെപ്പോലെതന്നെ നിയമപരമായ എല്ലാ അവകാശങ്ങളുമുള്ള 'ജീവനുള്ള വ്യക്തി'യാണു പ്രകൃതിയെന്ന് മദ്രാസ് ഹൈക്കോടതി മധുര ബെഞ്ച് പ്രഖ്യാപിച്ചു. പേരൻസ് പാട്രിയെ ജൂറിസ്ഡിക്ഷൻ എന്ന സവിശേഷ അധികാരം ഉപയോഗിച്ചാണു ജസ്റ്റിസ് എസ്. ശ്രീമതിയുടെ നിർണായക നടപടി. 'ജീവിക്കാനുള്ള അവകാശം' പ്രകൃതിക്കുമുണ്ട്. മനുഷ്യൻ നിലനിൽക്കണമെങ്കിലും ഇത് അനിവാര്യമാണ്. മൗലിക, ഭരണഘടനാ അവകാശങ്ങളെല്ലാമുള്ള വ്യക്തിത്വപദവി പ്രകൃതിമാതാവിനു നൽകുന്നത് ചൂഷണം ഇല്ലാതാക്കാനാണെന്നു കോടതി വ്യക്തമാക്കി.

അന്തസ്സ്, സുരക്ഷ, ആരോഗ്യസംരക്ഷണം, നിലനില്പ്, പുനരുജ്ജീവനം എന്നിവയ്ക്കുള്ള അവകാശങ്ങൾ പ്രകൃതിക്കും ഉറപ്പുവരുത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തരനടപടിയെടുക്കണം. ചില മനുഷ്യരുടെ ചെയ്തികൾ ജൈവവൈവിധ്യവും പരിസ്ഥിതിസന്തുലനവും പാടേ തകർക്കുന്നു. ജീവികൾക്കു വംശനാശം നേരിടുന്നു. കാലാവസ്ഥ തകിടം മറിയുന്നു. സുസ്ഥിരവികസനം എന്ന പേരിൽ നടക്കുന്നതു സുസ്ഥിരനശീകരണമാണെന്നും കപടവാക്കുകളല്ല, പ്രകൃതിയെ നിലനിർത്താനുള്ള പദ്ധതികളാണു വേണ്ടതെന്നും കോടതി രൂക്ഷവിമർശനമുന്നയിച്ചു.

സർക്കാർ ഭൂമിക്കു പട്ടയം നല്കിയ കേസിലെ അച്ചടക്കനടപടി റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുള്ള റവന്യു ഉദ്യോഗസ്ഥന്റെ ഹർജിയാണു പരിഗണിച്ചത്.

# അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം



യാത്ര

സാംസൺ പാലാ

സൗത്തമേരിക്കൻ ഭൂഖണ്ഡത്തിലെ ഏറ്റവും വലിയ രാജ്യമായ ബ്രസീൽ ലോകശ്രദ്ധയാകർഷിക്കാൻ പ്രധാന കാരണം, ക്രൈസ്റ്റ് റെഡീമർ എന്ന യേശുക്രിസ്തുവിന്റെ ഭീമാകാര പ്രതിമയാണ്. ലോകത്തിലെ അഞ്ചാമത്തെ വലിയ രാജ്യവും ജനസംഖ്യയിൽ ആറാമത്തെ രാജ്യവുമാണ് ബ്രസീൽ. പോർട്ടുഗീസ് കോളനിയായിരുന്നു ബ്രസീൽ. അമേരിക്കൻ ഭൂഖണ്ഡത്തിൽ പോർച്ചുഗീസ്ഭാഷ സംസാരിക്കുന്ന ഒരേയൊരു രാജ്യം ബ്രസീലാണ്. ലോകത്തിലേറ്റവും കൂടുതൽ കത്തോലിക്കരുള്ള രാജ്യവും ഇതുതന്നെ. ബ്രസീലിലെ പ്രധാന തുറുമുഖനഗരമായ റിയോയിലെ 'മൂർച്ചയുള്ള പാറക്കല്ല്' എന്നർത്ഥമുള്ള കോർക്കോവാഡോ എന്ന പ്രകൃതിമനോഹരമായ ഉയർന്ന കൊടുമുടിയിലാണു സമാധാനത്തിന്റെ പ്രതീകമായി കൈവിരിച്ച് അനുഗ്രഹിച്ച് ആകാശംമുട്ടെ ഉയർന്നുനിൽക്കുന്ന ക്രിസ്തുവിന്റെ ഈ പ്രതിമ സ്ഥാപിച്ചിരിക്കുന്നത്. ബ്രസീലിന്റെ ഏതു ഭാഗത്തുനിന്നു നോക്കിയാലും ഈ പ്രതിമ ദർശിക്കാനാവും. പനോരമ വ്യൂ പോയിന്റായ ഈ ക്രിസ്തുപ്രതിമയുടെ അടുത്തുനിന്നുള്ള ആകാശക്കാഴ്ച അതിമനോഹരവും അദ്ഭുതമുളവാക്കുന്നതുമാണ്.

1850 കളിൽ പെഡ്രോ മരിയ ബോസ് എന്ന വിൻസെൻഷ്യൻ പുരോഹിതനാണ് ആദ്യമായി കോർക്കോഡാവോ പർവതത്തിൽ ഒരു വലിയ ക്രിസ്ത്യൻ സ്മാരകം പണിയാനാഗ്രഹിച്ചത്. എന്നാൽ, അന്നതു നടന്നില്ല. പിന്നീട് ബ്രസീലിയൻ കത്തോലിക്കരുടെ തുറന്ന സംഭാവനകളിൽക്കൂടി പദ്ധതി പൂർത്തിയായി. 1922 നും 1931 നും മദ്ധ്യേയാണ് ഇതിന്റെ നിർമാണം പൂർത്തിയാക്കിയത്. 30 മീറ്റർ വീതിയും (98 അടി) 38 മീറ്റർ ഉയരവും (125 അടി) 65 ടൺ ഭാരവുമുള്ള ഈ പടുകൂറ്റൻ പ്രതിമ ഉറപ്പിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കോൺക്രീറ്റ് ഉപയോഗിച്ചാണു പണിതുയർത്തിയിരിക്കുന്നത്. 9 വർഷം കൊണ്ടു പണി പൂർത്തിയായ പ്രതിമ 1931 ഒക്ടോബർ 12 ന് പൊതുദർശനത്തിനായി സമർപ്പിച്ച് 2300 അടി ഉയരമുള്ള കോർക്കോവാഡോ എന്ന പർവതമുകളിൽ സ്ഥാപിച്ചു.

ഇരുന്നൂറിലധികം പടികൾ കയറിയാണ് പ്രതിമയുടെ സമീപമെത്തുന്നത്. ബ്രസീലിൽനിന്നുള്ള എൻജിനീയറായ ഹീറ്റർ ഡാ സിൽവ കോസ്റ്റയാണ് പ്രധാനമായും ഈ പ്രതിമ രൂപകല്പന ചെയ്തത്. ഫ്രഞ്ച് എൻജിനീയർ ആൽബർട്ട് കാക്കോട്ട്, ഫ്രഞ്ചു ശില്പിയായ ലാൻഡോവിസ്കി, പാരീസിലെ റൊമാനിയൻ ശില്പി ഗോർജ് ലിയോനിഡാ എന്നിവർ ചേർന്നാണ് ഇതു നിർമിച്ചത്. ഗോർജ് ലിയോനിഡായാണ് പ്രതിമയുടെ മുഖം രൂപകല്പന ചെയ്തത്. ചുവട്ടിലെ പീഠത്തിനു മാത്രം എട്ടു മീറ്റർ ചുറ്റളവുണ്ട്. ഇവിടെ നിന്നാൽ പറക്കുന്ന ഒരു പക്ഷിയുടെ ആകാശക്കാഴ്ചപോലെതന്നെ നമുക്കിവിടം ദർശിക്കാം. 2006 ൽ 75-ാം വാർഷികാഘോഷങ്ങൾക്കായി പ്രതിമയുടെ അടിഭാഗത്ത് ഒരു ചാപ്പൽ നിർമിച്ചു. അറ്റ്ലാന്റിക് സമുദ്രത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന ഉഷ്ണമേഖലാപ്രദേശമായ ഈ സ്ഥലം പ്രകൃതിഭംഗിയാൽ അനുഗൃഹീതമാണ്. ആമസോൺനദിയുടെ ഭൂരിഭാഗവും ബ്രസീലിലൂടെയാണ് ഒഴുകുന്നത്. 2008 ഫെബ്രുവരി പത്തിനുണ്ടായ ഒരു വലിയ ഇടിമിന്നലിൽ പ്രതിമയുടെ ഒരു വിരലിന് ചില പരുക്കുകൾ പറ്റിയെങ്കിലും പിന്നീടത് പൂർത്തീകരിച്ചു. ക്രിസ്തുവിന്റെ ഈ പ്രതിമ കാണാൻ ആണ്ടുതോറും ഇവിടെ വന്നെത്തുന്ന സന്ദർശകർക്കു കണക്കില്ല.

ദുബായിൽനിന്ന് എമിറേറ്റ്സ് വിമാനത്തിൽ 15 മണിക്കൂർകൊണ്ട് 12375 കിലോമീറ്റർ യാത്ര ചെയ്ത് ബ്രസീലിലെ റിയോ ഡിജനീറോ



യിലുള്ള ഗലീഓ ഇന്റർനാഷണൽ എയർപോർട്ടിലെത്താം. ഇവിടെനിന്ന് 12 കിലോമീറ്റർ ദൂരമുള്ള ക്രൈസ്റ്റ് റെഡീമർ പ്രതിമയുടെ അടുത്തെത്താൻ 15 മിനിറ്റുമതി. 25 മിനിറ്റുകൊണ്ട് എത്താവുന്ന അഞ്ചു വഴികൾ വേറേയുമുണ്ട്. മലയുടെ അടിവാരത്തുനിന്ന് കോർക്കോവാഡോ പർവതത്തിന്റെ കൊടുമുടിവരെ 710 മീറ്റർ ഉയരത്തിലേക്ക് ഒരു റാക്ക്കോഗ് ട്രെയിൻ അരമണിക്കൂർ ഇടവിട്ട് സർവീസ് നടത്തുന്നുണ്ട്. പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ടുള്ള ഇതിലെ യാത്ര ഒരു പ്രത്യേകാനുഭവമാണ്.

ഇരുപതു മിനിറ്റുകൊണ്ട് ഒരേസമയം 540 യാത്രക്കാരെ പർവതമുകളിലെത്തിക്കാൻ ഇതിനു സാധിക്കും. പയസ് പന്ത്രണ്ടാമൻ മാർപാപ്പ, ജോൺപോൾ രണ്ടാമൻ, ആൽബർട്ട് ഐൻസ്റ്റൈൻ, ഡയാന രാജകുമാരി തുടങ്ങിയ പ്രശസ്തരായ നിരവധിപേർ ഇതിൽ യാത്ര ചെയ്തിട്ടുണ്ട്. നാലു കിലോമീറ്റർ റെയിൽവേ ട്രാക്കിലൂടെ പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ട് രണ്ടു മണിക്കൂർ നടന്നാൽ മലമുകളിലെത്താം. കൂടാതെ, എലിവേറ്ററുകളിലൂടെയോ, എസ്കലേറ്റർ വഴിയോ പ്രതിമയുടെ അടുത്തെത്താം. ക്രിസ്തുമതത്തിന്റെ, ലോകത്തിലെ ഏറ്റവും വലിയ ഒരു ചിഹ്നമായി ആകാശത്തോളം ഉയർന്നുനിൽക്കുന്ന ക്രൈസ്റ്റ് റെഡീമർ എന്ന ഈ ഭീമാകാരപ്രതിമ ബ്രസീലിന്റെ ലാന്റ് മാർക്കായും ലോകാദ്ഭുതങ്ങളിൽ ഒന്നായും അറിയപ്പെടുന്നു.

■



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

അന്ധകാരത്തിൽപ്പെട്ട് ഉഴലുകയായിരുന്ന ഗാനാസ്വാദകർക്കു വെളിച്ചം പകരാൻ ഒരുകാലത്ത് ചില നക്ഷത്രങ്ങൾ ഉദിച്ചുയർന്നു. ആ താരകങ്ങളാണ് വയലാർ രാമവർമ, പി. ഭാസ്കരൻ, ഒ.എൻ.വി. കുറുപ്പ് തുടങ്ങിയവർ. അത്ര പ്രകാശപൂരിതമല്ലെങ്കിലും വീണ്ടും ചില ഉഡുക്കൾ പിറവികൊണ്ടു. എന്നാൽ, പില്ക്കാലത്ത് ഗാനനഭസ്സിൽ നക്ഷത്രങ്ങളേ ഉദിക്കാതായി. പകരം ഏതാനും മിന്നാമിനുങ്ങുകൾ മാത്രം ചെറുതായൊന്നു പ്രത്യക്ഷപ്പെട്ടു. അവ നക്ഷത്രങ്ങൾക്കു പകരമാവില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? എന്നാൽ, ഇക്കാലത്ത് മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടംപോലും ഇല്ലാതായിരിക്കുന്നു. പകരം കുറ്റാക്കൂരിരുട്ടു മാത്രം!

ഈ ലേഖകൻ അതിശയോക്തി കലർത്തി പറയുകയാണെന്ന് ആരും കരുതേണ്ട. ഇക്കാലത്തിറങ്ങുന്ന പാട്ടുകൾ കേട്ടാൽ ആരും എന്റെ അഭിപ്രായത്തോടു യോജിക്കുമെന്ന് എനിക്കുറപ്പുണ്ട്. സംശയമുള്ളവർ ഈ ഗാനം ശ്രദ്ധിക്കുക:

"തീയാണ് ചങ്കത്ത് നാളായി നീയിട്ട തീയാണെടി
കാണാതിരുന്നിട്ട് പ്രാണന്റെ മേലേക്കതാളുന്നെടി
നീയെന്റെ പെണ്ണ് മോഹിച്ച മിന്ന്
നാണിച്ചുനിന്ന് കാതൽനദി
ഈ രണ്ടു കണ്ണ് പൂവിട്ടതിന്
വേറെന്തിനെന്ന് നീയേ മതി

# ചങ്കും പുങ്കും തിരിച്ചറിയാത്തവർ

ചിരിയിത്തിരി തരാതെന്തെടി" (ചിത്രം - പത്രോസിന്റെ പടപ്പുകൾ; ഗാനരചന-ജോ പോൾ; സംഗീതം - ജേക്സ് ബി ജോയ്; ആലാപനം - കപിൽ കപിലൻ)

വാക്യത്തിലെ മറ്റു പദങ്ങളുമായുള്ള ബന്ധത്തെക്കുറിക്കാൻ നാമത്തിൽ വരുത്തുന്ന രൂപഭേദത്തെയാണു വിഭക്തി എന്നു പറയുന്നത്. താഴ്ന്ന ക്ലാസ്സുമുതൽ നിർബന്ധമായും വിഭക്തി പരിശീലിക്കുന്നതിന്റെ ഉദ്ദേശ്യം പദപ്രയോഗത്തിൽ തെറ്റു വരരുത് എന്നു കരുതിയാണ്. ഈ ഗാനത്തിന്റെ രചയിതാവ് ഇതു പഠിപ്പിച്ച ദിവസം ക്ലാസിൽ കയറിയില്ലയോ എന്നെനിക്കു സംശയമുണ്ട്. വ്യാകരണനിയമങ്ങൾ പലതും തെറ്റിച്ചാണ് അദ്ദേഹം പാട്ടെഴുതിയിരിക്കുന്നത്.

ചങ്ക് എന്നാൽ ഹൃദയമെന്നർത്ഥം. അതുമായി ബന്ധപ്പെട്ട ധാരാളം പ്രയോഗങ്ങൾ നമ്മുടെ ഭാഷയിൽ കടന്നുവന്നിട്ടുണ്ടെങ്കിലും 'ചങ്കത്ത്' എന്ന് ആദ്യമായി കേൾക്കുകയാണ്. ചങ്കും പുങ്കും തിരിച്ചറിയാത്ത ഒരാൾക്കേ ഇങ്ങനെയൊക്കെ എഴുതാൻ മനസ്സു വരുകയുള്ളൂ. പരസ്പരബന്ധമില്ലാത്ത ഏതാനും വരികളാണ് പാട്ടെഴുത്തുകാരന്റെ തൂലിക സംഭാവന ചെയ്തിരിക്കുന്നത്. എഴുതിക്കഴിഞ്ഞ് അദ്ദേഹം രണ്ടാമതൊന്നു വായിച്ചുനോക്കിയോ എന്നു സംശയമാണ്. അത്രയ്ക്ക് വിരുദ്ധങ്ങളായ ആശയങ്ങളാണ് ഓരോ വരിയും പ്രകടമാക്കുന്നത്.

കാതലിക്കുക എന്ന പഴയ മലയാളത്തിൽനിന്നാവാം കാതൽ എന്ന പദം ഭാഷയിൽ കടന്നുകൂടിയത്; പ്രേമം എന്നർത്ഥം. പ്രണയനദി നാണിച്ചു നിന്നുപോയത്രേ. എന്നുവച്ചാൽ പ്രണയം നിലച്ചുപോയി എന്നു പറയേണ്ടിവരും. പ്രണയഗാനത്തിൽ അത്തരമൊരു പ്രയോഗം അനുവദനീയമാണോ എന്നു പ്രിയപ്പെട്ട വായനക്കാർ സദയം ചിന്തിച്ചുനോക്കുക.

കൃത്രിമമായി ഒരീണമുണ്ടാക്കുക. അതിനനുസരിച്ച് വായിൽ വരുന്നതെന്തും കോതയ്ക്കു പാട്ട് എന്ന മട്ടിൽ തിരുകിക്കയറ്റുക. എന്നിട്ട് ശബ്ദസൗഭഗം തൊട്ടുതെറിച്ചിട്ടില്ലാത്ത ആരെയെങ്കിലുംകൊണ്ട് അതൊന്നു പാടിച്ച് ശബ്ദലേഖനം ചെയ്യുക. യാതൊരുവിധ യുക്തിയുമില്ലാതെ ആ ഗാനം തോന്നിയപോലെ ചിത്രീകരിക്കുക. ഇതാണു ചലച്ചിത്രരംഗത്ത് (പാട്ട് ആവശ്യമായി വരുന്ന മറ്റു മേഖലകളിലും) ഇന്നു നടക്കുന്നത്. എന്നിട്ടോ? വാളെടുത്തവരെല്ലാം വെളിച്ചപ്പാടായി ചമയുന്നു. ഈശ്വരോ രക്ഷതു എന്നല്ലാതെ എന്തു പറയാൻ?

■

# ദീപനാളം

കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




ഹൃദയം നുറുങ്ങിയവർക്ക് കർത്താവു സമീപസ്ഥനാണ്. മനമുരുകിയവരെ അവിടുന്നു രക്ഷിക്കുന്നു.

സങ്കീർത്തനം 34:18

**എഡിറ്റോറിയൽ**

## ഗുണനിലവാരമുള്ള ഭക്ഷണം മനുഷ്യന്റെ അവകാശം

ഭക്ഷ്യസുരക്ഷാവകുപ്പ് കാര്യക്ഷമമായ പരിശോധന നടത്തിയിരുന്നെങ്കിൽ ഒരു ജീവൻ രക്ഷിക്കാനാകുമായിരുന്നില്ലേ എന്ന ഹൈക്കോടതിയുടെ ചോദ്യം ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കാനുള്ള സർക്കാരിന്റെ ചുമതലയിലേക്കാണു വിമർശനാത്മകമായി വിരൽ ചൂണ്ടുന്നത്. കാസർകോട് ചെറുവത്തൂരിൽ ഷവർമ കഴിച്ചതിനെത്തുടർന്നുണ്ടായ വിഷബാധയേറ്റ് ദേവനന്ദ എന്ന പെൺകുട്ടി മരിക്കാനിടയായതു നിർഭാഗ്യകരമായ ഒരൊറ്റപ്പെട്ട സംഭവമായി തള്ളാനാവില്ല. ഭക്ഷണവിതരണകേന്ദ്രങ്ങളും അവയുണ്ടാക്കുന്ന സ്ഥലങ്ങളും പാചകക്കാരുൾപ്പെടെ അവിടെ പ്രവർത്തിക്കുന്നവരും പാലിക്കേണ്ട പെരുമാറ്റച്ചട്ടങ്ങളിൽ വീഴ്ച വരുത്തുന്നതാണ് ഇത്തരം മരണങ്ങളിലേക്കും മരണസമാനമായ ദുരനുഭവങ്ങളിലേക്കും മനുഷ്യരെ വലിച്ചിഴയ്ക്കുന്നത്. ചെറുവത്തൂരിൽ ഷവർമ കഴിച്ച് വിദ്യാർത്ഥിനി മരിച്ചതിനെത്തുടർന്ന് ആ കടയിൽനിന്നു ശേഖരിച്ച ഷവർമ സാംപിളുകളിൽ രോഗകാരികളായ ഷിഗെല്ല, സാൽമൊണെല്ല എന്നീ ബാക്ടീരിയകളുടെ സാന്നിധ്യം സ്ഥിരീകരിച്ചുവെന്ന റിപ്പോർട്ട് ഞെട്ടലോടെയാണു മലയാളിസമൂഹം കേൾക്കാനിടയായത്. ഏതായാലും, ഷവർമ തയ്യാറാക്കുന്നതിനും വിൽക്കുന്നതിനം ഭക്ഷ്യസുരക്ഷാവകുപ്പ് മാർഗനിർദേശം നല്കുമെന്ന പ്രഖ്യാപനമുണ്ടായത് ചെറുവത്തൂർ സംഭവത്തിൽ ഹൈക്കോടതി സ്വമേധയാ കേസെടുത്തതോടെയാണ്.

ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമം രൂപവത്കരിച്ചു പ്രാബല്യത്തിലായിട്ട് പത്തുവർഷത്തിലേറെയായെങ്കിലും ഗുണനിലവാരമുള്ള ഭക്ഷണം ഉറപ്പാക്കുന്നിൽ സംസ്ഥാന സർക്കാരും ഭക്ഷ്യസുരക്ഷാവകുപ്പും കാലങ്ങളായി തികഞ്ഞ അലംഭാവമാണു കാണിക്കുന്നത്. രണ്ടായിരം രൂപയിലധികം വിറ്റുവരവുള്ള ഭക്ഷണവില്പന കേന്ദ്രങ്ങൾക്കു ലൈസൻസ് വേണമെന്നാണു ചട്ടം. അതിൽ താഴെയെങ്കിൽ രജിസ്ട്രേഷനും. ഫാസ്റ്റ് ഫുഡും തട്ടുകടയും കഴിഞ്ഞ ഏതാനും വർഷത്തിനിടയിൽ സംസ്ഥാനത്തുടനീളം വൻതോതിലാണു പെരുകിയത്. പലതിനും ലൈസൻസോ രജിസ്ട്രേഷനോ ഇല്ലതാനും. കോഴിയിറച്ചികൊണ്ടുള്ള വിവിധയിനം വിഭവങ്ങൾക്കാണു ന്യൂജൻ ഭക്ഷണപ്രേമികൾക്കു കൂടുതൽ താത്പര്യമെന്നിരിക്കേ, കോഴിവളർത്തലും അറുത്തുവില്പനയും ശാസ്ത്രീയപരിശോധനയ്ക്കു വിധേയമാക്കി ഭക്ഷ്യസുരക്ഷാഗുണനിലവാരം ഉറപ്പാക്കേണ്ടത് അടിയന്തരാവശ്യമായിരിക്കുന്നു. എന്തെങ്കിലും ഭക്ഷണം കഴിച്ചു ജീവിക്കുക എന്നതല്ല, ഗുണനിലവാരമുള്ള ഭക്ഷണം കഴിക്കുക എന്നത് മനുഷ്യന്റെ അവകാശമാണെന്നു വാദിക്കുന്ന കാലമാണിതെന്ന് സർക്കാരുദ്യോഗസ്ഥരും ജനപ്രതിനിധികളും തിരിച്ചറിയേണ്ടതാണ്.

ഭക്ഷ്യസാധനങ്ങൾ വില്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും പാലിക്കേണ്ട ചട്ടങ്ങൾ ഏറെയുണ്ടെങ്കിലും ഏതു കുറ്റത്തിനുമുള്ള ശിക്ഷ പിഴയിലൊടുങ്ങുകയാണു പതിവ്. പിഴയിടീൽ ചടങ്ങിൽ 'എല്ലാം ശരിയാക്കു'ന്ന സർക്കാരിന് വീഴ്ചകൾ പരിഹരിച്ചോ എന്ന തുടർപരിശോധനയിൽ വലിയ തെറ്റു പറ്റിയിരിക്കുന്നു. കർക്കശമായ പരിശോധനയ്ക്കുശേഷമേ, വീണ്ടും പ്രവർത്തനാനുമതി നല്കാവൂ എന്നത് വെറും ചടങ്ങാണെന്നു ചുരുക്കം.

സാംപിളുകളുടെ പരിശോധനയ്ക്കു തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ലബോറട്ടറികളുണ്ട്. മൂന്നിടത്തും മൈക്രോബയോളജി വിഭാഗത്തിന്റെ പ്രവർത്തനം പരിമിതമാണ്. ദേശീയതലത്തിലുള്ള അക്രഡിറ്റേഷനില്ലെന്നും പറയപ്പെടുന്നു. കണ്ണൂരിൽ തുടങ്ങിയ ജില്ലാലബോറട്ടറിക്ക് കെട്ടിടം പണിയാനുള്ള തുക ബജറ്റിൽ വകയിരുത്തിയിട്ടു വർഷങ്ങളായെങ്കിലും സാങ്കേതികത്വത്തിന്റെ പേരിലാകാം പണി തുടങ്ങാനാവുന്നില്ലത്രേ.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പൊതുജനാരോഗ്യാധികാരിയായി മെഡിക്കൽ ഓഫീസർമാരെ ചുമതലപ്പെടുത്തി 2021 ൽ കൊണ്ടുവന്ന പബ്ലിക് ഹെൽത്ത് ഓർഡിനൻസ് ഫലം കാണുന്നില്ല എന്നതും ആശങ്കയുളവാക്കുന്നു. ഹെൽത്ത് ഇൻസ്പെക്ടർമാർക്കും സൂപ്പർവൈസർമാർക്കും ഉണ്ടായിരുന്ന ചുമതല, നിലവിൽ മെഡിക്കൽ ഓഫീസർമാർക്കുമാത്രമായി പരിമിതപ്പെടുത്തിയതോടെ ഭക്ഷ്യവില്പനശാലകളിലും നിർമാണയൂണിറ്റുകളിലും പണ്ടുണ്ടായിരുന്നത്ര പരിശോധനകളും നിയമനടപടികളും ഫലത്തിൽ ഇല്ലാതായിരിക്കുന്നു. ആശുപത്രിയുമായി ബന്ധപ്പെട്ട് ഒട്ടേറെ ജോലിത്തിരക്കുള്ള മെഡിക്കൽ ഓഫീസർമാർക്ക് കടകളിലെ പരിശോധനയ്ക്കുകൂടി സമയം കണ്ടെത്താൻ പ്രായോഗികബുദ്ധിമുട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. ഭക്ഷ്യവിഷബാധയും സാംക്രമികരോഗപ്പകർച്ചയും പരക്കെ റിപ്പോർട്ടു ചെയ്യുമ്പോഴും, അധികാരം നഷ്ടപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർക്കു നടപടി സ്വീകരിക്കാനാവാത്തതിനാലും അധികാരമുള്ള മെഡിക്കൽ ഓഫീസർമാർക്കു കാര്യക്ഷമമായി ഇടപെടാനാവാത്തതിനാലും പ്രശ്നം ഗുരുതരമായിത്തുടരുന്നു.

'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന പേരിലുള്ള ക്യാംപെയ്നിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം പരിശോധനകൾ നടത്തിവരികയാണ്. ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാത്ത ഇരുന്നൂറിലധികം കടകളാണ് ഇതുവരെ അടച്ചുപൂട്ടിയത്. പഴകിയതും വൃത്തിഹീനവുമായ മത്സ്യമാംസാദികൾ നശിപ്പിച്ചു. രണ്ടായിരത്തിലധികം ഭക്ഷണശാലകളിൽ ഈ മാസാദ്യംമുതൽ ഇതുവരെ പരിശോധനകൾ നടത്തിയെന്നത് സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനമായി വിലയിരുത്തുമ്പോഴും ഇതെത്രനാൾ തുടരുമെന്ന കാര്യത്തിലേ ആശങ്കയുള്ളൂ. ഹോട്ടലുകളെ ഭക്ഷണത്തിന്റെ ഗുണനിലവാരം, ശുചിത്വം എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചു ഭക്ഷ്യസുരക്ഷാവകുപ്പിന്റെ നേതൃത്വത്തിൽ സ്റ്റാർ റേറ്റിങ് നല്കുമെന്ന് ആരോഗ്യമന്ത്രി പ്രസ്താവിച്ചത് സ്വാഗതാർഹമാണ്. ഏതെങ്കിലും സംഭവത്തിന്റെ പേരിൽ റെയ്ഡും കേസും കടയടപ്പിക്കലുമൊക്കെ ഒട്ടനവധി തവണ കണ്ടവരാണ് കേരളീയർ. അല്പദിവസം കഴിയുമ്പോൾ എല്ലാം പഴയപടിയാകും. അതുണ്ടാകാതിരിക്കട്ടെ എന്നു ഭക്ഷ്യസുരക്ഷാവകുപ്പിനോട് അപേക്ഷിക്കാനാണ് ഇവിടെ താത്പര്യം. ഭക്ഷ്യസുരക്ഷാവകുപ്പ് കാര്യക്ഷമമായി പരിശോധന നടത്തിയിരുന്നെങ്കിൽ ഒരു ജീവൻ രക്ഷിക്കാമായിരുന്നില്ലേ എന്ന ഹൈക്കോടതിയുടെ ചോദ്യം ആവർത്തിച്ചുകൊണ്ട് ഈ പത്രാധിപക്കുറിപ്പ് അവസാനിപ്പിക്കുന്നു.

## സമരങ്ങൾ ജനദ്രോഹമാകരുത്

ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങൾക്ക് ഏറെ സന്തോഷവും സംതൃപ്തിയും പകരുന്ന വിധി ജനാധിപത്യത്തിന്റെ കാവലാളായ ജുഡീഷ്യറിയിൽനിന്നു നാം കഴിഞ്ഞയാഴ്ച കേട്ടു. രണ്ടു ദിവസം നീണ്ടുനിന്ന സമാരാഭാസത്തെ മൂക്കുകയറിടുവാൻ എടുത്ത തീരുമാനം. അസംഘടിതരും അതിനാൽത്തന്നെ എന്നും ചൂഷണത്തിനു വിധേയരുമായ ഈ നാട്ടിലെ പൊതുജനത്തിന് ആശ്വാസദായകമായി.

സംഘടിതശക്തിയുടെ ഇരുമ്പുദണ്ഡുകൊണ്ട് അടിച്ചമർത്തപ്പെടുന്ന നമ്മുടെ വ്യക്തിസ്വാതന്ത്ര്യം ആ വിധിവഴി ജീവശ്വാസം നിലനിറുത്തിയപ്പോൾ, ശമ്പളം മുടങ്ങാതെ വാങ്ങി രണ്ടു ദിവസം വീട്ടിലിരുന്ന് 'അറമാദി'ക്കാൻ തയ്യാറെടുത്ത ഒരു വിഭാഗത്തിന് അതൊരു മുന്നറിയിപ്പും താക്കീതുമായി. മഹാമാരിയിൽ വലഞ്ഞ് വീട്ടിലിരുന്ന് നരകിച്ച ഇന്നാട്ടിലെ ബഹുഭൂരിഭാഗം വരുന്നവർ അതിജീവനത്തിന്റെ പാത തേടുമ്പോൾ, അവിടെ ജനജീവിതം സ്തംഭിപ്പിച്ച് കൂരിരുൾ പടർത്തുന്നത് എങ്ങനെ ന്യായീകരിക്കാനാവും. ന്യായമായ പ്രശ്നങ്ങൾക്കു സമരമുറ വേണ്ട എന്നല്ല. ഗ്യാസ്, വൈദ്യുതി, വെള്ളം, ഇന്ധനം, യാത്രക്കൂലി,



**പ്രതികരണം**

നിത്യോപയോഗസാധനങ്ങൾ എന്നിവയ്ക്കെല്ലാം വിലയേറുമ്പോൾ പണിമുടക്കാതെ കൂടുതൽ സമയം ജോലി ചെയ്തും നമുക്കു പ്രതിഷേധിക്കാനാവില്ലേ? കക്ഷി-രാഷ്ട്രീയഭേദമെന്യേ എല്ലാവരും ഇക്കാര്യത്തിൽ ഒന്നിച്ചു നിന്നു പ്രവർത്തിക്കുകയല്ലേ വേണ്ടത്? ജനങ്ങൾക്കുവേണ്ടിയുള്ള സമരം ജനദ്രോഹമാകരുത്.

**ഡോമിനി രാമപുരത്ത്**
**ഭരണങ്ങാനം**

## ഈ പാഴ്വ്യയം നിറുത്തണം

പാഴായിപ്പോകുന്നു എന്നറിഞ്ഞുകൊണ്ട് ഒരു ഭീമൻവ്യയം ചെയ്യുക! അതൊരു നാറായണത്തുഭ്രാന്തൻ നിലപാടാണ്. വിവേകമുള്ള ജനസമൂഹത്തിന് അത്തരം നയം തുടരാനാവില്ല.

പറഞ്ഞു വരുന്നത് കെ. റെയിൽ കല്ലിടീൽ കാര്യം തന്നെ.

കായക്കഞ്ഞിക്കരി-യില്ലാത്തൊരു നാടു ലക്ഷങ്ങൾ ചെലവിട്ടു, എതിർപ്പുകൾ ഒന്നും വകവെക്കാതെ, സർവേകല്ല് നാട്ടി പോകുന്നു.

കല്ല് കുഴിച്ചിട്ടവരും പോലീസും നോക്കി നിൽക്കേ പറമ്പുടമകൾ ഇട്ട കല്ലുകൾ പിഴുതു തോട്ടിലിറിയുന്നു....!

ഇരുളുന്നു, വെളുക്കുന്നു....

കല്ലിടീലും പിഴുതുകളച്ചിലും തുടരുന്നു. വൻതോതിൽ പണം ഇതിനായി ചെലവഴിക്കപ്പെടുന്നു. കേരളജനത വാർത്തകൾ വായിച്ചു ദിനരാത്രങ്ങൾ തള്ളുന്നു.

ഇതൊരു മണ്ടൻസമൂഹത്തിനല്ലേ കഴിയൂ!

ഈ പ്രശ്നം ഏതുവിധേനയും പരിഹരിച്ചു മുന്നോട്ടുപോകുകയല്ലേ ഒരു വിവേകമുള്ള സമൂഹം ചെയ്യേണ്ടത്?


ഒന്നുകിൽ എതിർപ്പുകളെ രമ്യമായി പരിഹരിച്ചു, മുടക്കുന്ന പണം മുതലാക്കിയെടുക്കുക, അല്ലെങ്കിൽ ബലപ്രയോഗത്തിലൂടെ കാര്യം സാധിക്കുക. അതുമല്ലെങ്കിൽ സ്വരം നന്നായിരിക്കുമ്പോൾ പാട്ടുനിറുത്തി പദ്ധതി ഉപേക്ഷിക്കുക.

എങ്ങനെയായാലും പാഴ്വ്യയം അറിഞ്ഞുകൊണ്ടു തുടരുക, അഹന്തയുടെയോ അജ്ഞതയുടെയോ അവിവേകത്തിന്റെയോ തെളിവാണ്.

കേരളസമൂഹത്തിനു മൊത്തമായി മണ്ടൻകളിക്കാൻ പറ്റുമോ?

ഇക്കാലത്തു ധനമിങ്ങനെ കാര്യസാധ്യത്തിനല്ലാതെ പാഴാക്കാമോ?

**അഡ്വ. ഫിലിപ്പ്**
**പഴേമ്പള്ളി**
**പെരുവ**



ബാലനോവൽ 7 രാമപുരം മണി



# ധനുമാസത്തിലെ പൗർണമി

രാജകൊട്ടാരത്തിനു മുന്നിലായി നല്ലൊരുദ്യാനമുണ്ട്. പലതരം പൂക്കൾ പരിമളം പരത്തി നില്ക്കുന്ന ഉദ്യാനം. അവിടത്തെ കാറ്റിനെപ്പോഴും പൂക്കളുടെ മണമാണ്. രാജകൊട്ടാരത്തിലെ മട്ടുപ്പാവിലിരുന്നു വിശ്രമിക്കുമ്പോൾ സത്യധർമമഹാരാജാവും സീമന്തിനി രാജ്ഞിയും ആ പൂന്തോട്ടത്തിലേക്കു നോക്കാറുണ്ട്. നിറങ്ങളുടെ ഒരു സമ്മേളനമാണാ പുഷ്പവാടി. വെള്ള, നീല, പച്ച, ചുവപ്പ്, തവിട്ടു നിറം. അങ്ങനെ വർണങ്ങളുടെ കൂടാരം.

ആകാശവും ഭൂമിയും ഒത്തുചേർന്ന് അവിടെ സ്വർഗം തീർത്തിരിക്കുന്നു.

സത്യധർമരാജാവു ഭരിക്കുന്ന മന്ദരരാജ്യം. അവിടത്തെ പ്രജകൾ എന്നും സന്തോഷചിത്തരാണ്.

ധാരാളം വെള്ളം, ഭക്ഷണം. ധാന്യങ്ങളും പച്ചക്കറികളും കൃഷി ചെയ്യാൻ ഭൂമി. അഭ്യസ്തവിദ്യരായ പ്രജകൾക്കു ജോലി ചെയ്യാൻ വിവിധ സ്ഥാപനങ്ങൾ. നല്ല ശമ്പളം. ഇടയ്ക്കൊക്കെ മന്ത്രിയെ വിളിച്ച് രാജാവ് അന്വേഷിക്കാറുണ്ട്.



"സോമദേവാ, നമ്മുടെ പ്രജകൾക്കു സൗഖ്യം തന്നെയല്ലേ?"

"അതേ തിരുമനസ്സേ, നമ്മുടെ പ്രജകളെല്ലാം വളരെ സന്തുഷ്ടരാണ്." മന്ത്രി സോമദേവൻ അഭിമാനത്തോടെ പറഞ്ഞു.

"നമുക്കതു കേട്ടാൽ മതി മന്ത്രീ. യാതൊരു കാരണവശാലും നമ്മുടെ പ്രജകൾക്കൊരു ബുദ്ധിമുട്ടും വന്നുകൂടാ. മന്ത്രി അക്കാര്യത്തിൽ അതീവ ശ്രദ്ധാലു ആയിരിക്കണം."

"ഞാനതു വളരെ ശ്രദ്ധിക്കുന്നുണ്ടു രാജൻ."

"പിന്നെ മറ്റു വിശേഷങ്ങൾ വല്ലതും പറയാനുണ്ടോ മന്ത്രീ."

"ഇപ്പോൾ ഒന്നും അറിയിക്കാനില്ല രാജൻ. എന്തെങ്കിലുമുണ്ടെങ്കിൽ ഉടനെ അങ്ങയെ അറിയുക്കുന്നതാണ്."

"ശരി. എങ്കിൽ സോമദേവൻ പൊയ്ക്കൊള്ളൂ."

"ഉത്തരവുപോലെ." മന്ത്രി സോമദേവൻ പോയി.

* * * *

രാജകൊട്ടാരത്തിന്റെ മുമ്പിലുള്ള ഉദ്യാനത്തിൽ പൂക്കളോടും പൂമ്പാറ്റകളോടും സല്ലപിച്ചു സ്വകാര്യം പറഞ്ഞും കുളിർക്കാറ്റേറ്റും തോഴുമാരുമായി ചിരിച്ചുല്ലസിച്ചു നടക്കുകയായിരുന്നു രാജകുമാരി. കൊട്ടാരത്തിന്റെ മട്ടുപ്പാവിലിരുന്ന് അതെല്ലാം കാണുകയാണു സത്യധർമനും സീമന്തിനിയും. ആ രാജാവിന്റെയും രാജ്ഞിയുടെയും ഉള്ളം നിറഞ്ഞൊഴുകുകയായിരുന്നു. സന്തോഷംകൊണ്ടവർക്കു വീർപ്പുമുട്ടിപ്പോയി.

"നോക്കൂ, തിരുമനസ്സേ അങ്ങു ശ്രദ്ധിക്കുന്നുണ്ടോ ആ കാഴ്ച."

"ഉവ്വ് ദേവീ, ഞാനും ആ കാഴ്ച കണ്ടു മനം കുളിർക്കുകയായിരുന്നു. നമ്മുടെ മകൾ എന്നും ഉല്ലാസവതിയായിത്തന്നെ ഇരിക്കട്ടെ. അല്ലേ?"

"അതേ, അവൾ ഒരു മൗനവ്രതക്കാരിയായിരുന്നല്ലോ."

"ശരിയാണു പറഞ്ഞത്. പക്ഷേ, ഇന്നവൾ പാടേ മാറിയിരിക്കുന്നു. അവളുടെ ഉറ്റതോഴികൾ ചെമ്പകവും ചാരുലതയുമാണവളെ മാറ്റിയെടുത്തത്."

"ആവാം. ഏതായാലും നമ്മുടെ ഓമനമകൾക്ക് ഒരു പുത്തനുണർവ് കിട്ടിയിട്ടുണ്ട്." രാജാവ് സന്തോഷത്തോടെ പറഞ്ഞു.

"രാജകുമാരീ, നാം ഉദ്യാനത്തിൽ കളിച്ചു രസിക്കുന്നത് മട്ടുപ്പാവിലിരുന്നു മാതാവും പിതാവും കാണുന്നുണ്ട്."

ചാരുതല കൊട്ടാരത്തിന്റെ മുകളിലേക്കു നോക്കി രാജകുമാരിയോടു പറഞ്ഞു.

"കാണട്ടെ ചാരു. എന്റെ സന്തോഷം കണ്ട് മാതാപിതാക്കളുടെ മനസ്സിൽ നിലാവു പരക്കട്ടെ."

"നീയൊരു കവിയായിത്തീരുകയാണോ തങ്കക്കുടമേ..." ചെമ്പകം കുമാരിയോടു ചോദിച്ചു.

"അതെന്താ ചെമ്പകമേ, നീ അങ്ങനെ ചോദിച്ചത്."

"നിന്റെ വാക്കുകൾ ചിലപ്പോൾ കവിതാമയമാകുന്നു."

"ചില ജീവിതസാഹചര്യങ്ങളിൽ മനുഷ്യർ കവികളായിത്തീർന്നു പോവുകയാണു സ്വയം..." ഏതോ മനോരാജ്യത്തിൽ മുഴുകിയാണ് സുഗന്ധി അങ്ങനെ പറഞ്ഞത്.

"മനോരഥമെന്നൊരു രഥമുണ്ടോ?"

"അറിഞ്ഞൂടാ..."

"മന്മഥനെന്നൊരു ദേവനുണ്ടോ?"

"അറിഞ്ഞൂടാ... അറിഞ്ഞൂടാ... അറിഞ്ഞൂടാ..."

"ഇതേതു പാട്ടാണു തങ്കക്കുടമേ." ചാരുലത കുമാരിയോടു ചോദിച്ചു.

"ഞാൻ പറയാം ഇതൊരു പ്രേമഗാനമാണ്. ശകുന്തള എന്ന സിനിമയിലെ പാട്ട്." ചെമ്പകം പറഞ്ഞു.

സുഗന്ധി രാജകുമാരി സന്തോഷംകൊണ്ടു മതി മറന്നു ചെമ്പകത്തെ കെട്ടിപ്പിടിച്ചു.

*(തുടരും)*

# അമ്മയെ കാണാൻ



മേഴ്സിക്കുട്ടി എബ്രഹാം

അനേകകാലത്തെ തപസ്സിന്റെ ഫലമായി മഹർഷിമാരുടെ മനസ്സിൽ രൂപപ്പെട്ട ആശയങ്ങളാണ് ഭാരതസംസ്കാരത്തിന്റെ അടിത്തറ. മനു മഹർഷി ഇപ്രകാരം പറയുന്നു: "മാതാവിനെയും പിതാവിനെയും ആചാര്യനെയും അതിഥിയെയും ദേവനു തുല്യം കരുതുകയും ആദരിക്കുകയും ചെയ്യണം."ഈ കാലഘട്ടത്തിൽ നാം എങ്ങനെയാണു ജീവിക്കുന്നതെന്നു ചിന്തിക്കുന്നതു നല്ലതാണ്.



മാതാപിതാക്കൾ അന്ധരായിരുന്നതുകൊണ്ട് അവരെ എടുത്തുകൊണ്ടുനടക്കുന്ന മകനെപ്പറ്റി, പുരാണത്തിൽ നാം വായിച്ചിട്ടുണ്ട്. താൻ കുരിശിൽ കിടന്നപ്പോഴും മാതാവിനെപ്പറ്റി ആകുലനായ പുത്രനെപ്പറ്റി നമുക്കറിയാം. ഇപ്പോൾ നാം മാതാവിന് അർഹിക്കുന്ന സ്ഥാനവും ബഹുമാനവും വീടുകളിൽ നൽകാറുണ്ടോ? അമ്മേ, പോകുകയാണെന്നു പറഞ്ഞു വീട്ടിൽനിന്നു സ്കൂളിലോ മറ്റു സ്ഥലങ്ങളിലോ പോകുന്ന മക്കളുണ്ടായിരുന്നു. അമ്മയൊന്നു മൂളിയില്ലെങ്കിൽ, തിരിച്ചുവന്ന് അമ്മയോടു പറഞ്ഞിട്ടു പോകുമായിരുന്നു. പോയിട്ടുതിരിച്ചുവരുമ്പോൾ സ്കൂളിലെ കാര്യങ്ങളും പോയ സ്ഥലത്തെ വിവരങ്ങളും അടുക്കളയിൽ വന്നിരുന്ന് അമ്മയോടു പറയുന്നവർ. ഇന്നത്തെ അമ്മമാർക്ക് അവരുടെ മക്കൾ എവിടെപ്പോയെന്നോ എന്തിനു പോയെന്നോ അറിവുണ്ടോ? കള്ളും കഞ്ചാവും കഴിച്ച് തിരിച്ചുവന്ന് അമ്മെയെ ചവുട്ടിക്കൊല്ലുന്നവർ. പെൻഷൻ വാങ്ങി വന്ന അപ്പനെ, കള്ളു കുടിക്കാൻ കാശു കൊടുക്കാത്തതിനാൽ വെട്ടിക്കൊല്ലുന്ന മകൻ.


സ്ത്രീകളെ പാർപ്പിക്കുന്ന സഭയുടെ പല സദനങ്ങളിലും ഞാൻ പോയിട്ടുണ്ട്. ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് അവർക്ക് എന്നെ പരിചയപ്പെടുത്തും: ഒരമ്മച്ചി എന്നോടു പറയുകയാണ്. എന്റെ രണ്ടു മക്കൾ സാറന്മാരാണ്; സ്കൂളിൽ വരുംതലമുറയെ രൂപപ്പെടുത്തുന്ന അധ്യാപകർ. ഞാൻ ചോദിച്ചു: "അമ്മച്ചി പിന്നെ ഇവിടെ വന്നത്?" അമ്മച്ചി സങ്കടത്തോടെ പറയുകയാണ്: "അവരുടെ മക്കൾക്ക് എന്നെ ഇഷ്ടമില്ല. എന്റെ സംസാരവും ചുമയുമൊന്നും മരുമകൾക്ക് ഇഷ്ടമില്ല. അതുകൊണ്ട് എന്നെ ഇവിടെയാക്കി. എനിക്കിവിടെ സുഖമാണ്." കൊച്ചുമക്കളുടെയും മരുമക്കളുടെയും ഇഷ്ടത്തെപ്രതി, സ്വന്തം അമ്മയെ മാറ്റി നിറുത്തുന്നതു ശരിയാണോയെന്നു ഞാൻ ചിന്തിച്ചു.

അടുത്തറൂമിലെ അമ്മച്ചി അൾഷിമേഴ്സ് രോഗിയാണ്. എനിക്കു പരിചയമുള്ളയാളാണ്. ഏതാണ്ട് നാല്പതുവർഷം മുമ്പ് ഞങ്ങളുടെ നാട്ടിലെ നല്ല കൃഷിക്കാരിയായിരുന്നു. പച്ചക്കറിക്കൃഷി, ആടുമാടുകളെ വളർത്തൽ തുടങ്ങി എല്ലാ പണികൾക്കും സമർത്ഥ. ഭർത്താവ് ബിസിനസ്സുകാരനായിരുന്നു. നാലു പെൺമക്കളും ഒരു മകനും. വലിയ സാമ്പത്തികശേഷിയില്ലെങ്കിലും അമ്മച്ചി മക്കളെ പഠിപ്പിച്ചു. രണ്ടു പെൺമക്കൾ ജോലിക്കാരായി. മകൻ ബിസിനസ്സുകാരൻ. എല്ലാവരും വിവാഹിതർ. അപ്പച്ചൻ മരിച്ചു. അതിനുശേഷമാണ് അമ്മച്ചിക്ക് ഓർമക്കുറവ് തുടങ്ങിയത്. അപ്പച്ചൻ മരിക്കുന്നതിനുമുമ്പ് അഞ്ചു ലക്ഷം രൂപ അമ്മച്ചിയുടെ പേരിൽ ബാങ്കിൽ നിക്ഷേപിച്ചിരുന്നു. അമ്മച്ചി മകന്റെകൂടെ ജീവിച്ചുവരികയായിരുന്നു. ഇങ്ങനെയിരിക്കേ രോഗം വർദ്ധിച്ചു. വീട്ടിൽ വഴക്കായി. മരുമകളോടും മക്കളോടും അമ്മച്ചിക്കു ദേഷ്യമായി. അഞ്ചു ലക്ഷം രൂപ മകൻ ബാങ്കിൽനിന്ന് എടുത്തെന്നാണ് പെൺമക്കൾ പറയുന്നത്. അതുകൊണ്ട് മരുമകൾതന്നെ അമ്മച്ചിയെ നോക്കണമെന്നാണ് പെൺമക്കളുടെ ഡിമാന്റ്. എന്തായാലും അമ്മച്ചി ഇപ്പോൾ ബഹു. സിസ്റ്റേഴ്സിന്റെ സംരക്ഷണയിലാണ്.

ജീവിച്ചിരിക്കുന്ന മാതാപിതാക്കളെ ബഹുമാനിക്കുക. അമ്മയുടെ ഹൃദയം മക്കളോടുള്ള സ്നേഹത്താൽ നിറഞ്ഞതാണ്. ജീവിച്ചിരിക്കുമ്പോൾ, അമ്മയെ കാണാനും സംസാരിക്കാനും രോഗാവസ്ഥയിൽ അമ്മയെ കുളിപ്പിക്കാനുമൊക്കെ നാം സമയം കണ്ടെത്തണം. ആ കൈകൾകൊണ്ട് നമ്മെ എത്ര തവണ കുളിപ്പിച്ചതാണ്. നാത്തൂനോടുള്ള പിണക്കംകൊണ്ട് അമ്മയെ കാണാൻ വീട്ടിൽ വരാത്ത പെൺമക്കളുണ്ട്. ഓരോരുത്തരായി വല്ലപ്പോഴും വീട്ടിൽവന്ന് അമ്മയുടെ ഫോട്ടോ എടുത്ത് മറ്റുള്ള അനുജത്തിമാർക്കും ചേട്ടത്തിമാർക്കും അയച്ചുകൊടുക്കുന്നവർ! ആങ്ങള വിവാഹം കഴിച്ചു കൊണ്ടുവന്നവളാണ് നാത്തൂൻ. പക്ഷേ, അമ്മ നിങ്ങളെ പ്രസവിച്ചുവളർത്തിയവരാണെന്നു മറക്കരുതേ!

വല്യമ്മച്ചിയുടെ കോളാമ്പി (തുപ്പുന്ന പാത്രം) തേച്ച് സ്വർണനിറമാക്കാൻ ശ്രമിക്കുന്ന കൊച്ചുമക്കളുണ്ടായിരുന്ന നാടാണിത്. വല്യപ്പൻ പൂമുഖത്തിരുന്നാൽ ആ വഴി നടക്കാൻ പേടിച്ചിരുന്നവർ. ആ മക്കളാരും വഴിതെറ്റിയിട്ടില്ല. മാതാപിതാക്കൾ ദൈവതുല്യരാണ്. 'അമ്മയെ കാണണം മുമ്പിൽ അച്ഛനെ തൊഴുതീടണം" എന്നാണു കവി പാടിയത്. അമ്മ മരിച്ചതിനുശേഷം ഭിത്തിയിൽ ഫോട്ടോ തൂക്കിയിട്ട്, പല്ലിയും പാറ്റയും ഫോട്ടോയിലൂടെ കയറിയിറങ്ങുന്നതു നോക്കി, അമ്മയെ ഓർത്തു കരഞ്ഞിട്ടു കാര്യമല്ല. ജീവിക്കുന്ന അമ്മമാരെ സ്നേഹിക്കുക. മരിച്ചുപോയ അമ്മമാർ സ്വർഗത്തിൽ നമ്മുടെ മദ്ധ്യസ്ഥരാണ്.

■




**മേയ് 22**
**ഉയിർപ്പുകാലം**
**ആറാം ഞായർ**

ഉത്പ 9 : 8 – 17
2 രാജാ 2 : 1 – 15
റോമ 8 : 1 – 11
യോഹ 5 : 19 – 29

# ഈശോ ഉയിർപ്പും നിത്യജീവനും



ഡോ. ഫ്രാൻസീസ് പിട്ടാപ്പിള്ളിൽ

ഉയിർപ്പ് ആറാം ആഴ്ചയിൽ നാം ആഘോഷിക്കുന്ന നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം ദൈവത്തിന്റെ പക്കലേക്ക് എല്ലാവരും എത്തിച്ചേരുമെന്ന ഉറപ്പു നല്കുന്നു. ഇന്നത്തെ ദൈവവചനചിന്തകളെല്ലാം മിശിഹായിലുള്ള നവസൃഷ്ടിയെക്കുറിച്ചും അവിടുത്തോടുകൂടി ആയിരിക്കുന്നതിനെക്കുറിച്ചുമാണു പങ്കുവയ്ക്കുന്നത്. നോഹയുടെ കാലത്തെ ജലപ്രളയവിവരണത്തിനു ശേഷം ദൈവവും നോഹയും തമ്മിലുള്ള ഉടമ്പടിയെക്കുറിച്ചും അതിന് ഒരു അടയാളം നല്കുന്നതിനെക്കുറിച്ചുമാണ് ഒന്നാം വായനയിൽ പ്രതിപാദിക്കുന്നത്. തിന്മ വർദ്ധിക്കുന്നിടത്ത് ദൈവത്തിന്റെ ഇടപെടൽ ഉണ്ടാകുമെന്നും തിന്മയെ നശിപ്പിച്ച് ഒരു നവലോകം സൃഷ്ടിക്കുമെന്നുമുള്ള സന്ദേശമാണ് ഒന്നാംവായനയിലുള്ളത്. സൃഷ്ടപ്രപഞ്ചം മുഴുവൻ ദൈവികപദ്ധതിയനുസരിച്ചു നവീകരിക്കപ്പെട്ട് എന്നേക്കും ദൈവത്തോടുകൂടെയായിരിക്കുന്ന അവസ്ഥ സംജാതമാകുമ്പോഴാണു പുതിയ ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെടുന്നത്. ആയതിനാൽ, സർവജീവജാലങ്ങളെയും ഭൂമിയെയും നശിപ്പിക്കാൻ പോരുന്ന ജലപ്രളയം ഇനിയുണ്ടാവുകയില്ലെന്ന് ദൈവം നോഹയെ ഓർമിപ്പിക്കുന്നു. ഭൂമിയെ നശിപ്പിക്കുകയില്ലെന്ന ദൈവികവാഗ്ദാനം നമുക്കുള്ള ഓർമക്കുറിപ്പും മുന്നറിയിപ്പുമാണ്. നമ്മുടെ പൊതുഭവനമായ ഭൂമിയെ സംരക്ഷിക്കുകയും പ്രകൃതിയെ കാത്തുസൂക്ഷിക്കുകയും തിന്മകളിൽനിന്ന് അകന്നു നില്ക്കുകയും വേണമെന്ന ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ ഇത്തരുണത്തിൽ സ്മരണീയമാണ്. എല്ലാ ജീവജാലങ്ങൾക്കും തലമുറകൾക്കുമായി സ്ഥാപിച്ച ഉടമ്പടിയുടെ അടയാളമായി ദൈവം ആകാശത്തു മഴവില്ലു സ്ഥാപിക്കുന്നു. ഇതു സൃഷ്ടപ്രപഞ്ചത്തിലൂടെയുള്ള ദൈവികവെളിപ്പെടുത്തലിലേക്കാണു വിരൽചൂണ്ടുന്നത്. നന്മയുടെയും പ്രകൃതിസംരക്ഷണത്തിന്റെയും മാരിവില്ല് വെൺമേഘങ്ങളിൽ തെളിയാൻ ദൈവകല്പനകളനുസരിച്ചു നാം ജീവിക്കണം.

ഏലിയാ പ്രവാചകൻ സ്വർഗത്തിലേക്ക് എടുക്കപ്പെടുന്ന സംഭവത്തിന്റെ വിവരണമാണ് രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽനിന്നു വായിച്ചത്. ഏലിയാ പ്രവാചകന്റെ മരണം അസാധാരണമായ വിധത്തിലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഏലിയായുടെ വേർപാടുസമയത്ത് ഒരു അഗ്നിരഥംവന്ന് പ്രവാചകനെ സ്വർഗത്തിലേക്കു കൊണ്ടുപോയി. ഏലിയാ പ്രവാചകൻ ഇസ്രായേൽക്കാരുടെ മാർഗദർശിയും സംരക്ഷകനുമായിരുന്നുവെന്ന് അഗ്നിരഥം സൂചിപ്പിക്കുന്നു. കൂടാതെ, അഗ്നിരഥങ്ങളും അശ്വങ്ങളുമെല്ലാം ദൈവികസാന്നിധ്യത്തെയാണു പ്രതിനിധാനം ചെയ്യുന്നത്. ഏലിയായുടെ സ്വർഗീയപ്രവേശനം യുഗാന്ത്യജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ നമ്മിൽ നിറയ്ക്കുന്നു.


'അങ്ങയുടെ ആത്മാവിന്റെ ഇരട്ടി പങ്ക് എനിക്കു തരണം' എന്നാണ് ഏലിയാ പ്രവാചകനോടു ഏലീഷാ ചോദിക്കുന്നത്. ഇസ്രായേൽപാരമ്പര്യത്തിൽ കടിഞ്ഞൂലുകൾക്ക് അവകാശപ്പെട്ടതാണ് ഇരട്ടി അവകാശം, അതായത്, പിന്തുടർച്ചാവകാശം (നിയമ. 21:17). തന്നിൽനിന്ന് ഏലിയാ എടുക്കപ്പെടുന്നത് നേരിട്ടു ദർശിച്ച എലീഷാ പിന്തുടർച്ചാവകാശിയായി മാറി. അതുപോലെ, മിശിഹാ സ്വർഗത്തിലേക്കെടുക്കപ്പെടുന്നതു കാണുന്ന ശ്ലീഹന്മാരുടെ സമൂഹത്തിന് മിശിഹായുടെ ദൗത്യത്തിന്റെ തുടർച്ചയുണ്ട് എന്ന കാര്യത്തിലേക്കും ഈ സംഭവം ശ്രദ്ധ ക്ഷണിക്കുന്നു.

പരിശുദ്ധാത്മാവിലുള്ള പുതുജീവിതത്തെക്കുറിച്ചാണ് ലേഖനഭാഗത്ത് പൗലോസ് ശ്ലീഹാ സൂചിപ്പിക്കുന്നത്. പരിശുദ്ധാത്മാവിൽ ജീവിക്കുന്നവർക്കു ശിക്ഷാവിധിയില്ല; മറിച്ച്, അവർ മരണത്തിൽനിന്നു ജീവനിലേക്കു പ്രവേശിക്കുന്നു. അവർ പാപത്തിന്റെയും മരണത്തിന്റെയും കെട്ടുപാടുകളിൽനിന്നു സ്വതന്ത്രരാക്കപ്പെട്ടിരിക്കുന്നു. ശിക്ഷാവിധിയെന്നത് ഒരുതരം ശാപമാണ്. നിയമത്തിൽ എഴുതപ്പെട്ടിരിക്കുന്നത് അനുസരിക്കാതെയും പ്രവർത്തിക്കാതെയുമിരിക്കുന്നവൻ ശപിക്കപ്പെട്ടവനാണെന്ന് പൗലോസ് ശ്ലീഹാ പറയുന്നു (ഗലാ. 3:10). പരിശുദ്ധാത്മാവിൽ ജീവിക്കുന്നവർക്കു ശിക്ഷാവിധിയല്ല നിത്യജീവനാണു ലഭിക്കുന്നത്. മനുഷ്യന്റെ സ്വാഭാവികചിന്തകൾ ഒരുവനെ ജഡികതയിലേക്കും മരണത്തിലേക്കും നയിക്കുമെങ്കിൽ പരിശുദ്ധാത്മാവിലുള്ള ജീവിതം അവനെ മരണത്തിൽനിന്ന് ജീവനിലേക്കു നയിക്കുന്നു. തന്നെത്തന്നെ കേന്ദ്രീകരിച്ചുള്ള ജഡികതയുടെയും, ദൈവകേന്ദ്രീകൃതമായ ആത്മീയതയുടെയും ഭാവങ്ങൾ തമ്മിലുള്ള വ്യത്യാസമാണ് ജഡത്തിന്റെ നിയമവും ആത്മാവിന്റെ നിയമവും എന്നതിലൂടെ ശ്ലീഹാ അർത്ഥമാക്കുന്നത്. ശരീരം മരണത്തിനും ജീർണതയ്ക്കും വിധേയമാണെങ്കിലും അന്തിമവിധിനാളിൽ ദൈവം നമ്മെ ഉയിർപ്പിക്കും. ജഡത്തിന്റെ പ്രവൃത്തികളെ ആത്മാവിനാൽ നിഹനിച്ചു ജീവനിലേക്കു പ്രവേശിക്കുക എന്നതാണ് മിശിഹായിലുള്ള നവജീവിതം. മാമ്മോദീസായിലൂടെ ഒരുവൻ മിശിഹായുടെ പീഡാനുഭവ - കുരിശുമരണ - ഉത്ഥാനത്തിൽ പങ്കുചേരുകയും പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരുകയും ചെയ്യുന്നു. ആത്മാവിലുള്ള നവജീവിതത്തിലേക്കാണ് ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നത്.

പിതാവും പുത്രനും തമ്മിലുള്ള തുല്യതയും ഐക്യവും വ്യക്തമാക്കുന്ന ഇന്നത്തെ സുവിശേഷഭാഗം മിശിഹായുടെ ദൈവത്വവും പുത്രന്റെ അധികാരവും വെളിപ്പെടുത്തുന്നതാണ്. പിതാവ് ചെയ്തുകാണുന്നതല്ലാതെ പുത്രന് സ്വയമേവ ഒന്നും പ്രവർത്തിക്കാൻ സാധിക്കുകയില്ല; പിതാവ് ചെയ്യുന്നതെല്ലാം അപ്രകാരംതന്നെ പുത്രനും ചെയ്യുന്നുവെന്നു പറയുന്നതിലൂടെ പിതാവും പുത്രനും തമ്മിലുള്ള അഭേദ്യമായ ഏകത്വവും, പിതാവിനു തന്നിൽത്തന്നെ ജീവനുള്ളതുപോലെ, പുത്രനും തന്നിൽത്തന്നെ ജീവനുണ്ടെന്നത് രണ്ടുപേരുടെയും വ്യതിരിക്തതയും ചൂണ്ടിക്കാണിക്കുന്നു.

മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചും നിത്യജീവിതത്തെക്കുറിച്ചുമാണ് ഈശോ പഠിപ്പിക്കുന്നത്. അപ്പോൾ നന്മ ചെയ്തവർ ജീവന്റെ ഉയിർപ്പിനായും തിന്മ ചെയ്തവർ ശിക്ഷാവിധിയുടെ ഉയിർപ്പിനായും പുറത്തുവരും. ക്രീസിസ് എന്ന ഗ്രീക്കു പദമാണു വിധി എന്നു വിവർത്തനം ചെയ്തിരിക്കുന്നത്. ഈ പദത്തിനു വേർതിരിക്കൽ എന്നാണർത്ഥം. പുത്രന്റെ വിധി ജീവനും മരണവും, നന്മയും തിന്മയും, രക്ഷയും ശിക്ഷയും തമ്മിലുമുള്ള വേർതിരിക്കലാണ്. ആത്മാവിലുള്ള ജീവിതം നയിക്കുന്നവർ മിശിഹായിലുള്ള ജീവിതമാണു നയിക്കുന്നത്. അവർക്കു വിധിയെ ഭയപ്പെടേണ്ടതില്ല. കാരണം, അവർ മരണത്തിൽനിന്നു ജീവനിലേക്കു പ്രവേശിച്ചിരിക്കുന്നു. ദൈവത്തിൽ വിശ്വസിക്കുന്നവർ ഇപ്പോൾത്തന്നെ നിത്യജീവനിൽ പങ്കുചേരുന്നു. മിശിഹായുടെ വചനം ശ്രവിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്യണം. അങ്ങനെയെങ്കിൽ ഭൂമിയിൽവച്ചുതന്നെ നിത്യജീവന്റെ അനുഭവം നമുക്കുണ്ടാകും. ഇപ്പോഴുള്ള ജീവിതത്തിന്റെ നാഥനായ മിശിഹാതന്നെയാണു വരാനിരിക്കുന്ന ജീവിതത്തിന്റെയും കേന്ദ്രമെന്നതിനാൽ യുഗാന്ത്യത്തിലും നിത്യജീവൻ ലഭിക്കുമെന്നു സുവിശേഷഭാഗം ഓർമിപ്പിക്കുന്നു.

വി. കുർബാനയുടെ ആഘോഷത്തിലൂടെയാണ് ആരാധനസമൂഹം മിശിഹായുടെ മഹത്ത്വപൂർണമായ ദ്വിതീയാഗമനത്തിന്റെയും യുഗാന്ത്യസത്യങ്ങളുടെയും മുന്നാസ്വാദനം അനുഭവിക്കുന്നത്. സഭയിൽ അർപ്പിക്കപ്പെടുന്ന ഓരോ പരിശുദ്ധ കുർബാനയും സ്വർഗീയവിരുന്നിന്റെ മുന്നാസ്വാദനമാണ്. ശരീരത്തിന്റെ ഉയിർപ്പിലുള്ള നമ്മുടെ പ്രത്യാശയെ വി. കുർബാനയുടെ ആഘോഷം ശക്തിപ്പെടുത്തുന്നുവെന്ന് സാക്രമെന്തും കാരിത്താത്തിസ് എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ബനഡിക്ട് പാപ്പാ പ്രസ്താവിക്കുന്നു (സാക്രമെന്തും കാരിത്താത്തിസ് നമ്പർ, 32). മിശിഹായുടെ മരണോത്ഥാനങ്ങൾ നമ്മുടെ മരണോത്ഥാനങ്ങളുടെ അച്ചാരമാണെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. ആയതിനാൽ, യുഗാന്ത്യോന്മുഖപ്രതീക്ഷയോടെ ജീവിക്കാനും മണവാളനായ മിശിഹായെ സ്വീകരിക്കാൻ വിവേകമതികളായ കന്യകമാരെപ്പോലെ ഒരുക്കത്തോടെ വി. കുർബാനയിൽ പങ്കുചേരാനും ദിവ്യകാരുണ്യാധിഷ്ഠിതജീവിതം നയിക്കാനും നമുക്കു പരിശ്രമിക്കാം. ■



**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**തോമസ്**
ചേലാട്ട്
പൂഞ്ഞാർ

# ഐക്യം ഉറപ്പിച്ച പുഷ്പവടി



പീറ്റർ കുരിശിങ്കൽ

ലോകത്തിലാദ്യമായി നടന്ന വിമോചനസമരം! ക്രിസ്തുവിനു വളരെ മുമ്പ്, ഒരു ജനതയെ ഈജിപ്തിലെ ഫറവോയുടെ അടിമത്തത്തിൽനിന്നു മോചിപ്പിച്ച സമരം! സമരനായകൻ മോശ! ലോകത്ത് ഇന്നേവരെ അറിയപ്പെട്ട ജനനേതാക്കളിൽ അഗ്രേസരൻ. ഇസ്രായേൽജനതയുടെ വിമോചകൻ!

മോശയുടെ സന്തതസഹചാരിയും വിശ്വസ്ത അനുചരനുമായിരുന്നു അഹറോൻ. അഹറോനെ യഹോവതന്നെയാണ് മോശയ്ക്കു സഹചാരിയായി നല്കിയത്.

ഇസ്രായേൽജനതയുടെ നായകത്വം ഏറ്റെടുത്തുകൊണ്ട്; ഫറവോന്റെ അടിമത്തത്തിൽനിന്നു തന്റെ ജനതയെ മോചിപ്പിക്കാൻ യഹോവ തന്നെ മോശയോട് ആവശ്യപ്പെട്ടു. എന്നാൽ, ആദ്യം മോശ അതിനു തയ്യാറായില്ല. അദ്ദേഹം യഹോവയുടെ മുന്നിൽ നിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. മോശ പറഞ്ഞു, തനിക്കു വാക്ചാതുരി ഇല്ല. ഇതുകേട്ട് യഹോവ മോശയ്ക്കു ധൈര്യം നല്കിക്കൊണ്ടു പറഞ്ഞു: "നിനക്ക് ലേവ്യനായ ഒരു സഹോദരൻ ഉണ്ടല്ലോ; അഹറോൻ. അവൻ നന്നായി സംസാരിക്കും." അങ്ങനെയാണ് അഹറോൻ മോശയുടെ വക്താവും അനുയായിയും ആയിത്തീർന്നത്.

ഇസ്രായേൽ ജനത പന്ത്രണ്ടു ഗോത്രങ്ങളായാണ് ചരിത്രത്തിൽ മുന്നേറിയത്. ഗോത്രത്തലവന്മാരുടെ നേതൃത്വത്തിൽ യഹൂദജനതയെ യോജിപ്പിച്ചു നിറുത്തി മോശ വിമോചനസമരം ആരംഭിച്ചു. യോജിച്ചുള്ള മുന്നേറ്റത്തിനിടയിൽ പലപ്പോഴും നേതൃത്വത്തിനെതിരേയും ഗോത്രങ്ങൾ തമ്മിൽത്തമ്മിലും ചെറിയ കലഹങ്ങൾ ഇടയ്ക്കിടയ്ക്കു പതിവായിരുന്നു. മോശയുടെ സമർത്ഥമായ നേതൃത്വം അതെല്ലാം തന്ത്രപൂർവം പരിഹരിച്ചു മുന്നേറിക്കൊണ്ടിരുന്നു.

ഇസ്രായേൽജനത മരുഭൂമിയിൽ പ്രവാസികളായിക്കഴിഞ്ഞിരുന്നപ്പോൾ, അവരുടെ നായകന്മാരായ മോശയ്ക്കും അഹറോനുമെതിരേപോലും നിസ്സാര കാര്യങ്ങൾ പറഞ്ഞു കലഹിക്കുക പതിവായിരുന്നു. ഒന്നിനു പരിഹാരമാകുമ്പോൾ മറ്റൊന്ന്. ഇത്തരം കലഹങ്ങളും സൗന്ദര്യപ്പിണക്കങ്ങളും പരിഹരിക്കാൻ മോശയും അഹറോനും സ്വീകരിച്ച ബുദ്ധിപൂർവകമായ തന്ത്രങ്ങൾ കഥകളിലൂടെ ഈ ജനതയുടെ പാരമ്പര്യത്തിൽ കടന്നുകൂടിയിട്ടുണ്ട്.

അത്തരമൊരു സംഭവം; ഗൗരവതരമായ ഒന്ന്, സമർത്ഥമായി പരിഹരിച്ച മോശയുടെ നേതൃത്വപാടവം; പ്രശംസനീയംതന്നെ.

ജനനായകരായിരുന്നു മോശയും അഹറോനും; ലേവ്യഗോത്രജരും. എന്തുകൊണ്ട് ലേവ്യഗോത്രജർ മാത്രം നേതാക്കളാകുന്നു? നേതൃത്വത്തിന്റെയും പൗരോഹിത്യത്തിന്റെയും പ്രത്യേക അവകാശങ്ങളും പദവികളും എന്തുകൊണ്ട് ഞങ്ങൾക്കും അനുഭവിച്ചുകൂടാ? ഇതായിരുന്നു കലഹക്കാരായ മറ്റു ഗോത്രജന്മാരുടെ ചിന്ത. ഈ ചിന്താഗതിക്കു പിന്തുണ നല്കാനും ഒരു കൂട്ടം ജനങ്ങളും ഗോത്രങ്ങളും തയ്യാറുമായിരുന്നു.

കോരഹും സഹോദരന്മാരും; റൂബൻ ഗോത്രത്തിലെ ദാത്തൻ, അബിറാം, ഓൻ എന്നിവരുമാണ് കലാപത്തിനു നേതൃത്വം നല്കിയത്. അവർ പറഞ്ഞു: "നിങ്ങൾ അതിരുവിട്ടുപോകുന്നു. സമൂഹം ഒന്നൊഴിയാതെ എല്ലാവരും വിശുദ്ധരാണ്. കർത്താവ് അവരുടെ മധ്യേ ഉണ്ട്. പിന്നെന്തിനു നിങ്ങൾ കർത്താവിന്റെ ജനത്തിനുമീതേ നേതാക്കന്മാരായി ചമയുന്നു? എന്തിനു ലേവ്യഗോത്രത്തിനു മാത്രം വിശുദ്ധി കല്പിക്കുന്നു?"

ഈജിപ്തിലെ അടിമത്തം പോലും സ്വീകാര്യമായ മട്ടിലായിരുന്നു അവരുടെ പ്രചാരണം. പാലും തേനുമൊഴുകുന്ന ഒരു സ്വപ്നഭൂമിയിലേക്കാണത്രേ ഞങ്ങളെ കൊണ്ടുപോകുന്നത്. ഇതു വല്ലതും നടക്കുന്ന കാര്യമാണോ? ഇവർ നമ്മളെ വ്യാമോഹിപ്പിക്കുകയാണ്. ഇതു ചതി!

ഈ പ്രചാരണവും വാക്ധോരണിയും ഒരു കോലാഹലമായി; ഒരു കലാപമായി പടരുകയായിരുന്നു. മോശയുടെയും അഹറോന്റെയും കാതുകളിലും ഈ പടലപിണക്കങ്ങൾ എത്തുന്നുണ്ടായിരുന്നു. അവർ തങ്ങളുടെ വിശ്വസ്തരായ അണികളുമായി ആലോചിച്ചു.

ഇതു പാളയത്തിൽ പടയാണ്. ഈ പട വളർന്നാൽ നമ്മൾ വീണ്ടും ഫറവോയുടെ നുകം ചുമക്കേണ്ടിവരും. ഫറവോയുടെ പട നമ്മുടെ പിന്നാലെയുണ്ട്. അതുകൊണ്ട് ഈ കലഹം അവസാനിപ്പിച്ചേ മതിയാകൂ. തങ്ങളുടെ ജനത്തിന്റെ വിമോചനലക്ഷ്യം കാണണം. മോശയും അഹറോനും ഗാഢമായി ചിന്തിച്ചു. കലാപമൊതുക്കാൻ മോശ ഒരു പദ്ധതി വിഭാവനം ചെയ്തു.

മോശ ജനനേതാക്കളെയും ഗോത്രത്തലവന്മാരെയും വിളിച്ചുകൂട്ടി അവരോടു പറഞ്ഞു: "ഇസ്രായേൽമക്കളേ, കേൾക്കുക. നമ്മുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവ് അരുൾചെയ്തു. എല്ലാ ഗോത്രത്തലവന്മാരും ഓരോ വടികൾ; അങ്ങനെ പന്ത്രണ്ടു വടികൾ കൊണ്ടുവരിക. ഓരോ വടിയിലും ഗോത്രത്തലവന്റെ പേര് എഴുതിയിരിക്കണം. വടികൾ വിശുദ്ധ പേടകത്തിനു മുന്നിൽ നിരത്തി വയ്ക്കണം. പിറ്റേന്നു രാവിലെ നിങ്ങൾ ദർശനത്തിനെത്തുമ്പോൾ നിങ്ങൾ കാണുന്നതായിരിക്കും നിങ്ങൾക്കുള്ള അടയാളം."

മോശയുടെ വാക്കുകൾ അനുസരിച്ച് പന്ത്രണ്ടു ഗോത്രക്കാരും വടികളുമായെത്തി. ഗോത്രത്തലവന്മാരുടെ അധികാരചിഹ്നമായ വടികൾ ഓരോരുത്തരായി വിശുദ്ധ പേടകത്തിനു മുമ്പിൽ നിരത്തിവച്ചിട്ട്, പേടകത്തെ വണങ്ങി തിരിച്ചുപോയി.

മോശയുടെ നിർദേശമനുസരിച്ച് പിറ്റേന്നു രാവിലെതന്നെ ഗോത്രത്തലവന്മാർ വിശുദ്ധ കൂടാരത്തിൽ പ്രവേശിച്ചു. ഏവരുടെയും കണ്ണുകൾ തങ്ങളുടെ വടികൾക്ക് എന്തു സംഭവിച്ചിരിക്കും എന്നറിയാനുള്ള കൗതുകത്തിലായിരുന്നു. ഓരോരുത്തരും തങ്ങളുടെ വടികൾ കൈയിലെടുത്തു നോക്കി. ഇല്ല! ഒന്നും സംഭവിച്ചിട്ടില്ല. എന്നാൽ, ഒരു വടി മാത്രം തളിർത്തു മൊട്ടിട്ടു നില്ക്കുന്നു. അത് അഹറോന്റെ വടിയായിരുന്നു.

അതേ, അഹറോന്റെ വടി പച്ചത്തളിരുകൾ നീട്ടി സുരഭിലയായി നില്ക്കുന്നു. അതൊരു സൂചനയായിരുന്നു. നേതൃത്വം ലേവ്യഗോത്രത്തിനുതന്നെ! യഹോവ വ്യക്തമായ സൂചന നല്കിയിരിക്കുന്നു.

പാളയത്തിലെ പട അതോടെ അടങ്ങി. ഗോത്രത്തലവന്മാർ ഓരോരുത്തരായി തങ്ങളുടെ വടിയുമെടുത്തു തിരികെപ്പോയി.

മോശയുടെ സമയോചിതമായ യുക്തിയും ബുദ്ധിയും യഹൂദജനതയെ ഫറവോയുടെ ദീർഘനാളത്തെ അടിമത്തത്തിൽനിന്നു സ്വതന്ത്രരാക്കി.

ജനത്തിനു തൃപ്തിയായി. അന്നുമുതൽ ഇന്നുവരെയും ലേവ്യഗോത്രത്തിന്റെ പൗരോഹിത്യാധികാരവകാശങ്ങളെ ഇസ്രായേലിൽ ആരും ചോദ്യം ചെയ്തിട്ടില്ല. വിശുദ്ധപേടകത്തിൽ വിശുദ്ധവസ്തുവായി സൂക്ഷിച്ചിരിക്കുന്ന ലോഹദണ്ഡ് ഈ സംഭവത്തിന്റെ പ്രതീകമാണത്രേ. ■



# തായേ, വന്ദനം

കവിത

തെരേസ പീറ്റർ

ഊഷ്മളസ്നേഹത്തിരി തെളിച്ചു വന്ദിക്കുന്നു
കൈരളീമാതാവിന്റെ തൃച്ചേവടിയിങ്കൽ
കാലാനുകാലങ്ങളായ് വിജ്ഞാനരസാമൃതം
പൊഴിച്ചു വിളങ്ങുന്ന അക്ഷരാത്മികേ, വെൽക!

നാട്ടുശീലുകൾ പഴഞ്ചൊല്ലുകൾ കിളിപ്പാട്ട്
തുള്ളലിൻ കലാഭംഗിയേവമുൾക്കൊണ്ട മാതേ,
വായ്ത്താരിയായി പൂർവസൂരികൾ പൊഴിച്ചതാം
സംഗീതക്കതിരൊളിയേറ്റം പ്രസാദിച്ചോൾ.

ആത്മപ്രഭമങ്ങിയിരുണ്ട കാലങ്ങളിൽ
തുഞ്ചന്റെ കിളിക്കൊഞ്ചൽ കേട്ടുണർന്നൊരാനാളിൽ
കൈരളീമാതാവതി സൗന്ദര്യസ്വരൂപിണി
എന്നുമാക്കിളിക്കൊഞ്ചൽ മുക്തിക്കു നിദാനമായ്

തുഞ്ചനും കുഞ്ചനും ചെറുശ്ശേരിയും നിന്നെ
തേജസ്വിനിയാക്കി മാനസപ്രതിഭയാൽ
ആശാനുമുള്ളൂർ വള്ളത്തോളുമീ കവിത്രയ-
വിസ്തൃതാക്ഷരകാന്തിയേറ്റുമുൾപ്പുളകിത.

ദേവിക്കു പ്രസാദങ്ങളർപ്പിച്ച ഗുരുക്കളിൽ
'കേരളവ്യാസനായി' ലസിപ്പൂ കുഞ്ഞിക്കുട്ടൻ
തമ്പുരാൻ, മുസ്സിരിസ്സിന്നരും സുതനല്ലോ
അഭിമാനിപ്പൂ നമ്മൾ കവിതൻ വിഖ്യാതിയിൽ

കാലാനുകാലങ്ങളായ് മഹദ് മാനസങ്ങളാൽ
കാന്തിയുറ്റതി ധന്യയായീ കൈരളീദേവി,
വന്ദിപ്പൂയനുദിനമിന്നത്തെ പ്രതിഭകൾ
ഘോഷിപ്പൂവാഗ്ദേവിതൻ മാനസനൈപുണ്യത്തെ.

എങ്കിലും തായേ ഇന്നിൽ കലികാലത്തിന്നിരുൾ
നൽകീടുമിരുണ്ടുള്ള ശബ്ദാർത്ഥഘോഷങ്ങളാൽ
താവകമുഖപ്രസാദങ്ങളിൽ വിഷാദത്തിൻ
കരിനിഴൽ വീഴുന്നുവോ? സദയം പൊറുത്താലും.

ഇക്കലികാലം മാറ്റി സ്നേഹത്തിന്റെ വളർച്ചയായ്
വിശ്വത്തിൽ പ്രസാദത്തിൻ തേൻമഴയുതിർക്കുവാൻ
മാനസഭാവങ്ങളെ അത്യുദാത്തമാക്കിയും
നവ്യ സംസ്കൃതിക്കായി തൂലിക ചലിപ്പിപ്പാൻ

അക്ഷരപ്രകാശമേ, അകതാരിങ്കൽ പ്രഭ
യുതിർത്തിയുണർത്തണേ വന്ദനം, മാതേ വെൽക!
മധുരം മനോജ്ഞമീ മലയാളത്തിൻ നാടാം
കേരള നാട്ടിൽ തായേ, ശോഭിപ്പൂ ഭാവാഗ്നിയിൽ

# ടി. പത്മനാഭന് ഒ.എൻ.വി. പുരസ്കാരം



ഒ.എൻ.വി. കൾച്ചറൽ അക്കാദമിയുടെ ഈ വർഷത്തെ ഒ.എൻ.വി. സാഹിത്യപുരസ്കാരം കഥാകൃത്ത് ടി. പത്മനാഭന്. മൂന്നു ലക്ഷം രൂപയും ശില്പവും പ്രശസ്തിപത്രവും ഉൾപ്പെടുന്നതാണ് പുരസ്കാരം.

50,000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്ന 2021 ലെ ഒ.എൻ.വി. യുവസാഹിത്യപുരസ്കാരത്തിന് അരുൺ കുമാർ അന്നൂരിന്റെ 'കലിനളൻ' എന്ന കൃതിയും 2022 ലെ പുരസ്കാരത്തിന് കുമാരി അമൃതാ ദിനേശിന്റെ 'അമൃതഗീത' എന്ന കൃതിയും അർഹമായി.

ഒ.എൻ.വിയുടെ ജന്മദിനമായ മേയ് 27 ന് തിരുവനന്തപുരത്തു നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ സമ്മാനിക്കുമെന്ന് അക്കാദമി പ്രസിഡന്റ് അടൂർ ഗോപാലകൃഷ്ണൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

മലയാള കഥാസാഹിത്യത്തെ ലോകകഥാസാഹിത്യരംഗത്ത് ഉയർത്തുന്നതിൽ നിസ്തുല പങ്കുവഹിച്ച കഥാകാരനാണ് ടി. പത്മനാഭൻ എന്ന് ഡോ. എം.എം. ബഷീർ, ഡോ. ജോർജ് ഓണക്കൂർ എന്നിവർകൂടി ഉൾപ്പെട്ട ജൂറി വിലയിരുത്തി.

# ദൈവത്തിന്റെ വീട്ടുവേലക്കാരൻ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ദേവസഹായംപിള്ളയോടൊപ്പം 2022 മേയ് 15-ാം തീയതി വിശുദ്ധപദവിയിലേക്കുയർത്തപ്പെടുന്ന ഷാർള് ദ് ഫൂക്കോയുടെ ജീവിതവഴികളിലൂടെ**


II

**മാ**നസാന്തരത്തിനുശേഷവും സംഭവബഹുലമായ ജീവിതമാണ് ചാൾസ് നയിച്ചത്. ഇനി, തന്റെ ജീവിതം ദൈവത്തിനുമാത്രമെന്നു തീരുമാനിച്ച ചാൾസ് മുഴുവൻ സമയവും പ്രാർത്ഥനയിലും ധ്യാനത്തിലും കർശനമായ ദാരിദ്ര്യത്തിലും ജീവിക്കാനായി ഒരാശ്രമത്തിൽ ഉടൻതന്നെ ചേരാനാഗ്രഹിച്ചു. ആദ്ധ്യാത്മിക നിയന്താവായ അബെ യുവ്ളെന്റെ ഉപദേശപ്രകാരം ആശ്രമപ്രവേശനം മൂന്നു വർഷം താമസിപ്പിക്കാൻ ചാൾസ് തയ്യാറായി. സന്ന്യാസസഭകളുടെ നിയമാവലി പഠിക്കുന്നതിനുപകരം സുവിശേഷം പഠിക്കാനും ഈശോയെ സ്നേഹിക്കാനുമാണ് അബെ യുവ്ളെൻ ഉപദേശിച്ചത്. അദ്ദേഹത്തിന്റെ തന്നെ ഉപദേശപ്രകാരം വിശുദ്ധനാടു സന്ദർശനവും നടത്തി. ഏകനായിട്ടാണ് ഈ തീർത്ഥാടനം നടത്തിയത്. ഫ്രാൻസിലുള്ള ബനഡിക്റ്റൈൻ സിസ്റ്റേഴ്സൈൻ ആശ്രമവും സന്ദർശിച്ചു.

### ത്രാപ്പിസ്റ്റ് ആശ്രമത്തിൽ

ഈശോയുടെ നസ്രത്തിലെ ജീവിതമാണ് ഷാർള് ദ് ഫൂക്കോയെ ആകർഷിച്ചത്. അറിയപ്പെടാത്ത ജീവിതം - ജോലിയെടുത്തു ജീവിക്കുക - ദാരിദ്ര്യം അതിന്റെ പൂർണതയിൽ പാലിക്കുക ഇതൊക്കെ ആയിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ. സിസ്റ്റേഴ്സൈൻ സന്ന്യാസഭവനത്തിൽ നിന്നു പിരിഞ്ഞ് ലത്രാപ് എന്ന സ്ഥലത്തു കൂടുതൽ നിഷ്ഠയോടെ സന്ന്യാസനിയമങ്ങൾ പാലിക്കാനായി പുതിയ ഭവനം തുടങ്ങിയവരെ ത്രാപിസ്റ്റ് എന്നു വിളിക്കുന്നു. ഒരു ത്രാപിസ്റ്റ് സന്ന്യാസഭവനത്തിൽ ചേരുന്നതായിരിക്കും നല്ലതെന്ന് ആദ്ധ്യാത്മികനിയന്താവിന്റെ അനുവാദത്തോടെ ചാൾസ് തീരുമാനിച്ചു. എങ്കിലും ദൈവഹിതം അറിയാനായി രണ്ടിടങ്ങളിൽ ധ്യാനം നടത്തി. ഒരിടത്തുനിന്നു ധ്യാനം കഴിഞ്ഞു പോരുമ്പോൾ സന്ന്യാസഭവനത്തിന്റെ പ്രിയോരച്ചൻ പറഞ്ഞു: "ദുഃഖങ്ങളിൽ രണ്ടു കാര്യങ്ങൾ സ്മരിക്കുക. ഒന്ന്, ദൈവം എന്നെ സ്നേഹിക്കുന്നു. രണ്ട്, ഈ ലോകജീവിതം ശാശ്വതമല്ല."

തന്റെ പേരിലുള്ള സ്വത്തുക്കളെല്ലാം സഹോദരിക്ക് എഴുതിക്കൊടുത്തശേഷം 1890 ജനുവരി മാസത്തിൽ സിറിയയിൽ ശാഖാഭവനം ഉണ്ടായിരുന്ന 'നോത്ര് ദാം ദ് നിയേഷ്' എന്ന പേരുള്ള ത്രാപിസ്റ്റ് മൊണാസ്റ്ററിയിൽ ചേർന്നു. ബ്രദർ അൽബെരിക് എന്ന പേരാണ് ചാൾസിന് സന്ന്യാസഭവനത്തിൽ നല്കപ്പെട്ടത്. ആറുമാസത്തിനുശേഷം ബ്രദർ അൽബെരിക് സിറിയയിലെ ശാഖാഭവനത്തിലേക്കു മാറ്റം വാങ്ങി. ഈ ആശ്രമം വളരെ ദാരിദ്ര്യത്തിലാണു കഴിഞ്ഞിരുന്നത്. അപ്രകാരം ഒരു ജീവിതമാണ് ചാൾസ് ആഗ്രഹിച്ചിരുന്നത്. പരിപൂർണ നിശ്ശബ്ദതയിലാണു സന്ന്യാസികൾ കഴിഞ്ഞിരുന്നത്. രാത്രിയും പകലും നിശ്ചിതസമയങ്ങളിൽ ഒന്നിച്ചു പ്രാർത്ഥന നടത്തിയിരുന്നു. ജോലികൾക്കായി നിശ്ചിതസമയം നീക്കിവച്ചിരുന്നു. നോവിഷ്യറ്റുകാലത്ത് ആവിലായിലെ വിശുദ്ധ അമ്മ ത്രേസ്യായുടെ ആദ്ധ്യാത്മികത ആഴത്തിൽ മനസ്സിലാക്കി. 'എനിക്ക് ദൈവം മാത്രം മതി' എന്ന അമ്മ ത്രേസ്യായുടെ വാക്യം തന്റെ നോട്ടുബുക്കിലെ ഓരോ പേജിലും അദ്ദേഹം ആദ്യമേ എഴുതിയിരുന്നു. ആശ്രമജീവിതം സന്തോഷത്തോടെ നയിക്കുകയും 1892 ൽ പ്രഥമ വ്രതവാഗ്ദാനം നടത്തുകയും ചെയ്തു.



ഷാർള് ദ് ഫൂക്കോ



സെന്റ് അഗസ്റ്റിൻസ് ചർച്ച്, പാരീസ്

എങ്കിലും, ഈശോയുടെ ദാരിദ്ര്യം ഇവിടെയും ചാൾസിനു കണ്ടെത്താനായില്ല. 'സമ്പന്നരെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ദരിദ്രരാണ്. നമ്മുടെ കർത്താവോ ഫ്രാൻസിസ് അസ്സീസിയോ ആയിരുന്നതുപോലെ ദരിദ്രരല്ല ഞങ്ങൾ' എന്ന് അബെ യുവ്ളെന് എഴുതി. ഒരു പുതിയ ഭവനം ആരംഭിക്കുന്നതിനെക്കുറിച്ചു ചിന്തിച്ചു. നിയമാവലിയും തയ്യാറാക്കി. അതിന്റെ ഒരു കോപ്പി അബെ യുവ്ളെന് അയച്ചുകൊടുത്തു. ഇത് അസാധ്യമായ ജീവിതക്രമമാണെന്നും അധികാരികൾ അനുവദിച്ചാൽ ഏതെങ്കിലും ഒരാശ്രമത്തിന്റെ പടിവാതിക്കൽ അജ്ഞാതനായ ഒരു ജോലിക്കാരനായി ജീവിക്കുന്നതിനെക്കുറിച്ച് ആലോചിക്കാനും അബെ യുവ്ളെൻ ഉപദേശിച്ചു.

പക്ഷേ, അധികാരികൾ ഉടനെ റോമിൽ ജനറൽ ഹൗസിൽ എത്താൻ ആവശ്യപ്പെട്ടു. അവിടെ മൂന്നു വർഷം തിയോളജി പഠിച്ചു. എന്നാൽ, വൈദികനാകാനോ നിത്യവ്രതം ചെയ്യാനോ അദ്ദേഹം ആഗ്രഹിച്ചില്ല. സുപ്പീരിയർ ജനറൽതന്നെ ബ്രദർ അൽബെരികിനു പ്രാഥമികവ്രതങ്ങളിൽനിന്ന് ഒഴിവുനല്കി 'നസറത്ത്' ജീവിതം നയിക്കുവാൻ യാത്രയാക്കി.

നസ്രത്തിൽത്തന്നെ ഒരു സന്ന്യാസിനീഭവനത്തിന്റെ ജോലിക്കാരനായി 'നസ്രത്ത്' ജീവിതം നയിച്ചു. ധ്യാനചിന്തകൾ ഒരു നോട്ടുബുക്കിൽ എഴുതാൻ അബെ യുവ്ളെൻ ആവശ്യപ്പെട്ടതനുസരിച്ച് എഴുതിത്തുടങ്ങി. ഈ കുറിപ്പുകളും കത്തുകളുമെല്ലാം ശേഖരിച്ച് ഴാൻ ഫ്രൻസ്വാസിസ് എന്ന ഗ്രന്ഥകാരൻ 1966 ൽ പ്രസിദ്ധീകരിച്ചു. ദരിദ്രനായി ജീവിക്കാനും രക്തസാക്ഷിയായി മരിക്കാനുമുള്ള ആഗ്രഹം ഈ കുറിപ്പുകളിൽ നിരന്തരം ആവർത്തിക്കുന്നുണ്ട്. ഈശോയുടെ ബ്രദർ ചാൾസ് എന്ന പേരു സ്വീകരിച്ച് പലസ്തീനായിലെ ഒരു യാചകന്റെ വേഷത്തിലാണ് ചാൾസ് കഴിഞ്ഞിരുന്നത്. ജോലികഴിഞ്ഞു കിട്ടുന്ന സമയം മുഴുവൻ ആരാധനയിലും പ്രാർത്ഥനയിലും ചെലവഴിച്ചു. ഏകദേശം മൂന്നു വർഷം ഇപ്രകാരം ജീവിച്ചു. ഇതേ സമൂഹത്തിന്റെ ജറുസലേമിലുള്ള ഭവനത്തിലും വീട്ടുവേലക്കാരനായി കഴിഞ്ഞു. ആ ഭവനത്തിന്റെ അധിപ ചാൾസിനോട് വൈദികനായി വിശുദ്ധനാട്ടിൽ താപസജീവിതം നയിക്കുന്നതിനെക്കുറിച്ചു ചിന്തിക്കാൻ നിർദേശിച്ചു. വൈദികനായാൽ അനുയായികളെ കിട്ടാൻ സാധ്യതയുണ്ടെന്നും പറഞ്ഞു.

തന്റെ ആദ്ധ്യാത്മികനിയന്താവിനോട് ആലോചിക്കാനായി ഫ്രാൻസിൽ തിരിച്ചെത്തി. വൈദികനാകാൻ തീരുമാനം എടുത്തു.

### പുരോഹിതൻ

1901 ജൂൺ 9-ാം തീയതി വൈദികപട്ടം സ്വീകരിച്ചു. സ്നേഹത്തിന്റെ സുവിശേഷം അറിയിക്കുക എന്നതാണു തന്റെ ദൗത്യമെന്നു തിരിച്ചറിഞ്ഞു തനിക്കു പരിചിതമായ മറോക്കൻ മരുഭൂമിയിൽ താമസമാക്കാൻ ആഗ്രഹിച്ചു. ആഫ്രിക്കയിലെ അൾജിയേഴ്സിലെ മെത്രാന്റെ അനുവാദത്തോടെ മരുഭൂമിയിൽ ഓവാസീസിനു സമീപം ചെറിയ കുടിലുകെട്ടി താമസിച്ചു. ഫ്രഞ്ച് അധീനതയിലായിരുന്ന പ്രദേശങ്ങളായിരുന്നതുകൊണ്ട് ഫ്രഞ്ചു പട്ടാളക്കാരുമായി ബന്ധപ്പെട്ടിരുന്നു. ആ നാട്ടിൽ നടമാടുന്ന അടിമക്കച്ചവടംപോലുള്ള അനീതികളെക്കുറിച്ചു ബ്രദർ ചാൾസ് അധികാരികളോടു പരാതിപ്പെട്ടിരുന്നു.

'തൗരേഗ്' എന്ന ഏറ്റവും ദരിദ്രരായ നാടോടിവംശജരുടെ ഇടയിലാണ് അദ്ദേഹം ജീവിച്ചത്. മിശിഹായുടെ സ്നേഹത്തിന് നിശ്ശബ്ദസാക്ഷിയാവുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. സാർവത്രികസാഹോദര്യത്തിന്റെ വക്താവായിരുന്ന ചാൾസ് Universal Brother എന്നാണ് സ്വയം വിശേഷിപ്പിച്ചത്. ആ ജനതയുടെ ഭാഷ പഠിക്കുകയും ഒരു നിഘണ്ടു തയ്യാറാക്കുകയും ചെയ്തു. ആ പ്രദേശത്തുകൂടി കടന്നുപോകുന്നവർക്ക് ആതിഥ്യം നല്കുക എന്നതായിരുന്നു ബ്രദർ ചാൾസിന്റെ പ്രവർത്തനശൈലി.

അബ്ദ് ഈസാ, അതായത്, ഈശോയുടെ ദാസൻ എന്ന പേരു സ്വീകരിച്ചുകൊണ്ട് മരുഭൂമിയിലൂടെ കാൽനടയായി യാത്ര ചെയ്ത് മറോക്കൻ അതിർത്തിയിൽ 'തമന്റസേറ്റ്' എന്ന സ്ഥലത്തു താമസമുറപ്പിച്ചു. അദ്ദേഹം എഴുതിത്തയ്യാറാക്കി അനുസരിച്ചുപോന്ന സമയക്രമം: രാവിലെ 3.30 - 6. പ്രാർത്ഥന, ധ്യാനം, വിശുദ്ധ കുർബാന, 6 - പ്രഭാതഭക്ഷണം, 11.30 വരെ ജോലികൾ, 11.30 - 12.30 വരെ പ്രാർത്ഥന, 12.30 - 6 വരെ ജോലികൾ, 6-8 വരെ പ്രാർത്ഥന, 8 ന് ഭക്ഷണം. ഞായറാഴ്ച കുറച്ചു സമയം വായനയ്ക്കായി മാറ്റിവച്ചിരുന്നു.

എല്ലാവർക്കും സ്നേഹം മാത്രം പകർന്നു നല്കിയിരുന്ന ബ്രദർ ചാൾസിനെ 1916 ഡിസംബർ മാസം ഒന്നാംതീയതി വെള്ളിയാഴ്ച രാവിലെ അക്രമികൾ വളഞ്ഞു. അദ്ദേഹം അവരുടെ നടുവിൽ മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചു. നിശ്ശബ്ദനായി മരണത്തിനൊരുങ്ങി. ഒരു പതിനഞ്ചു വയസ്സുകാരൻ ഷാർള് ദ് ഫുക്കോയുടെ നേരേ നിറയൊഴിച്ചു. തത്സമയം അദ്ദേഹം അവിടെ മരിച്ചുവീണു.

ജീവിച്ചിരുന്നപ്പോൾ ഒരു സന്ന്യാസസമൂഹം തുടങ്ങണമെന്ന് ആഗ്രഹിച്ചെങ്കിലും ചാൾസിന് അതു സാധിച്ചിരുന്നില്ല. ഷാർള് ദ് ഫുക്കോയിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട്'ഈശോയുടെ ചെറുസഹോദരന്മാർ' എന്നും 'ചെറുസഹോദരികൾ' എന്നും രണ്ടു സന്ന്യാസസമൂഹങ്ങൾ രൂപംകൊണ്ടു. 2005 നവംബർ 13 ന് ഷാർള് ദ് ഫുക്കോ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിക്കപ്പെട്ടു.

(അവലംബം: ഴാൻ ഫ്രൻസ്വാസിസ് എഴുതിയ ജീവചരിത്രം).

■

# കാവാലിപ്പുഴ മിനി ബീച്ച്

## പ്രകൃതിയൊരുക്കിയ സ്വപ്നഭൂമി



**രഞ്ജിത്ത് കെ. ജി.**

**തി**രമാലകളില്ലാത്ത ബീച്ചിനെക്കുറിച്ചു കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കോട്ടയം കിടങ്ങൂരിലേക്കു വരൂ. ഇവിടെ ദൃശ്യവിരുന്നൊരുക്കി നിങ്ങളെ കാത്തിരിക്കുന്നതു കാവാലിപ്പുഴക്കടവാണ്. ശാന്തമായൊഴുകുന്ന അതിമനോഹരമായ പുഴ, അതിനോടു ചേർന്ന വിശാലമായ മണൽത്തീരം, സമീപത്തു തണൽ വിരിച്ചു തലയുയർത്തി നിൽക്കുന്ന കൂറ്റൻ മരങ്ങൾ, ഊഞ്ഞാലുകെട്ടാൻ പാകത്തിനു മരങ്ങളിൽനിന്നു താഴേക്കു തൂങ്ങിനിൽക്കുന്ന വള്ളിപ്പടർപ്പുകൾ, ചുറ്റിലും പച്ചവിരിച്ചു നിൽക്കുന്ന പുൽമേടുകൾ, ഓടിക്കയറാൻ കൊതിപ്പിക്കുന്ന മൺതിട്ടുകൾ, പ്രകൃതിയൊരുക്കിയ ഇരിപ്പിടങ്ങൾ എന്നുതുടങ്ങി കാവാലിപ്പുഴക്കടവിലെത്തുന്നവർക്കു പ്രകൃതി കാത്തുവച്ചിരിക്കുന്നതു നിരവധി വിസ്മയക്കാഴ്ചകളാണ്.

വെള്ളത്തിൽ ചാടിക്കുളിക്കാം, പൂഴിമണ്ണിലൂടെ കുട്ടികളുമായി ഓടിക്കളിക്കാം, അതുമല്ലെങ്കിൽ കുടുംബവുമായി മണൽത്തീരത്തു വട്ടമിരുന്നു കടല കൊറിച്ചു തമാശകൾ പറയാം. തനിച്ചാണെങ്കിൽ സായംസന്ധ്യയിൽ പൂഴി വിരിച്ച തീരത്തുകിടന്ന് ആകാശവിസ്മയം ആസ്വദിക്കാം... അങ്ങനെ ഒരു ബീച്ചിൽ ചെലവഴിക്കുന്ന അതേ അന്തരീക്ഷമാണു പ്രകൃതി കാവാലിപ്പുഴയുടെ തീരത്തു നമുക്കായി ഒരുക്കിയിരിക്കുന്നത്. കുട്ടികൾക്ക് ഊഞ്ഞാലാടണമെങ്കിൽ അതുമാകാം. സ്ഥിരം സന്ദർശകരും പ്രകൃതിസ്നേഹികളും ചേർന്ന് പുഴയോരത്തു മരക്കൊമ്പുകളിൽ ഊഞ്ഞാലുകൾ ഒരുക്കിയിട്ടുണ്ട്.

കാവാലിപ്പുഴയുടെ മനോഹാരിത കേട്ടറിഞ്ഞ് ധാരാളം പേർ ഇപ്പോൾ ഇവിടെയെത്തുണ്ട്. ഷൂട്ടിങ്ങുകാരുടെ ഇഷ്ടലൊക്കേഷനുംകൂടിയാണു കാവാലിപ്പുഴ. കിടങ്ങൂർ സ്വദേശിനിയും ബാലതാരവുമായ മീനാക്ഷി കുടുംബവുമായി വൈകുന്നേരങ്ങൾ ചെലവഴിക്കാൻ എത്തുന്നതും ഇവിടെയാണ്. കല്യാണ വീഡിയോകൾക്കും മറ്റുമായി എത്തുന്നവരുടെ തിരക്കും ഇപ്പോഴുണ്ട്. കുട്ടികളും കുടുംബവുമായി അല്പനേരം ചെലവഴിക്കാൻ ദൂരസ്ഥലങ്ങളിലൊന്നും പോകേണ്ടതില്ലെന്നും കാവാലിപ്പുഴ നൽകുന്നതു മറക്കാനാവാത്ത അനുഭവമാണെന്നും ഇവിടെയെത്തുന്നവർ പറയുന്നു.

വൈകുന്നേരങ്ങളിൽ സംഗീതനിശയും കുട്ടികളുടെ കലാപരിപാടികളുമൊക്കെ ഇവിടെ സംഘടിപ്പിക്കുന്നതു പതിവാണ്. കാവാലിപ്പുഴക്കടവിൽ വെളിച്ചമെത്തിക്കണമെന്ന നാട്ടുകാരുടെ ആവശ്യത്തെത്തുടർന്ന് ജില്ലാ പഞ്ചായത്ത് മെമ്പർ ജോസ്മോൻ മുണ്ടയ്ക്കലിന്റെ പ്രദേശികവികസനഫണ്ടിൽനിന്ന് രണ്ട് ഹൈമാസ്റ്റ് ലൈറ്റും സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി തൂക്കുപാലം പണിയുന്നതിനും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുമുള്ള ശ്രമങ്ങളും സർക്കാർ തലത്തിൽ നടത്തുന്നുണ്ട്.

**കാവാലിപ്പുഴക്കടവ് ബീച്ച് ആയ കഥ**

സംഹാരതാണ്ഡവമാടിയ മഹാപ്രളയം നാടുമുഴുവൻ നാശം വിതച്ചപ്പോൾ കിടങ്ങൂരുകാർക്കു പ്രകൃതി നൽകിയ സമ്മാനമാണ് കാവാലിപ്പുഴ ബീച്ച്. മീനച്ചിലാറിലെ ഒരു സാധാരണ കടവായിരുന്നു കാവാലിപ്പുഴയും. മഹാപ്രളയത്തിൽ മണലിനോടൊപ്പം ധാരാളം പ്ലാസ്റ്റിക് മാലിന്യങ്ങളും കാവാലിപ്പുഴക്കടവിൽ വന്നടിഞ്ഞു. പ്രദേശവാസിയും പ്രമുഖ ഫോട്ടോഗ്രാഫറുമായ രമേഷ് കിടങ്ങൂരാണ് മാലിന്യക്കൂമ്പാരത്തിനുള്ളിൽ പ്രകൃതി ഒളിപ്പിച്ച മനോഹാരിത ആദ്യം ക്യാമറയിൽ പകർത്തിയത്.

അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്താൽ കാവാലിപ്പുഴയുടെ തീരത്തു പ്രകൃതി ഒരുക്കിയ സ്വപ്നഭൂമി കണ്ടെത്താനാകുമെന്നു തിരിച്ചറിഞ്ഞ രമേഷ് കിടങ്ങൂരും സുഹൃത്തായ തോമസ് പുളിമൂട്ടിലും ചേർന്നാണ് ശുചീകരണപ്രവർത്തനത്തിനു തുടക്കം കുറിച്ചത്. നവമാധ്യമങ്ങളിലൂടെ വിവരമറിഞ്ഞ് അമ്പതോളം പേരാണ് ആദ്യഘട്ടത്തിൽ കാവാലിപ്പുഴയുടെ ശുചീകരണത്തിൽ പങ്കാളികളായത്. മാലിന്യങ്ങൾ പൂർണമായും നീക്കം ചെയ്തതോടെ കാവാലിപ്പുഴയുടെ മനോഹാരിത പുറംലോകമറിഞ്ഞു. പിന്നെ സന്ദർശകരുടെ ഒഴുക്കായിരുന്നു.

ഓരോ മഴക്കാലത്തും കാവാലിപ്പുഴയിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടും. ഇവ നീക്കം ചെയ്യാൻ സന്നദ്ധരായി ഇപ്പോൾ നൂറോളം പേരാണു രംഗത്തുള്ളത്. പ്രദേശവാസികളോടൊപ്പം പാലാ സെന്റ് തോമസ് കോളജ്, കിടങ്ങൂർ സെന്റ് മേരീസ് സ്കൂൾ, എൻ എസ് എസ് സ്കൂൾ, ഏറ്റുമാനൂർ എസ് എ ഫ് എ സ് സ്കൂൾ, മണർകാട് സെന്റ് മേരീസ് കോളജ്, കിടങ്ങൂർ എൻജിനീയറിങ് കോളജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നുള്ള വിദ്യാർത്ഥികളുടെയും ശ്രമഫലമായാണ് കാവാലിപ്പുഴ മനോഹരിയായിത്തുടരുന്നത്.

■




# ഈശോ 17


FROM THE BIBLE



**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

## തെറ്റുധാരണ

**മൂ**ന്നു വർഷം മാത്രം നീണ്ട പൊതുജീവിതത്തിനിടയിൽ ഇത്രയേറെ തെറ്റിദ്ധരിക്കപ്പെട്ട വേറൊരു മനുഷ്യൻ വാഴ്‌വിലുണ്ടായിട്ടുണ്ടോ? അവനെ തെറ്റിദ്ധരിച്ചവരായിരുന്നു അധികവും. മനോരോഗിയെന്നുവരെ മനുഷ്യർ അവനെ വിളിച്ചില്ലേ? തെറ്റുധാരണകൾ തന്നെയാണു തടിക്കുരിശിൽ അവനെ കൊണ്ടെത്തിച്ചതും. കൾ നമ്മുടെമേൽ ആരോപിക്കപ്പെട്ടപ്പോഴും, അകാരണമായി പീഡിപ്പിക്കപ്പെട്ടപ്പോഴും, നമ്മുടെ ആത്മാർത്ഥതയെ മറ്റുള്ളവർ മുഖവിലയ്ക്കെടുക്കാതെ പോയപ്പോഴും, നമ്മുടെ വാക്കുകൾ വളച്ചൊടിക്കപ്പെട്ടു. ദുർവ്യാഖ്യാനിക്കപ്പെട്ടപ്പോഴും തെറ്റുധാരണയുടെ തീക്കനലിൽ നാം നടക്കുകയായിരുന്നു. അവയ്ക്കൊക്കെ നിമിത്തമായവരോടു നമ്മുടെ നാഥനെപ്പോലെ നിരുപാധികം പൊറുക്കാം. 'എന്നെ ആരും മനസ്സിലാക്കിയില്ല' എന്നു സങ്കടപ്പെടുമ്പോൾ ഓർക്കണം, നാം പ്രതീക്ഷിക്കുന്നതുപോലെ എല്ലാവരും നമ്മെ മനസ്സിലാക്കണമെന്നില്ല. എന്നാൽ, എല്ലാം മനസ്സിലാക്കുന്ന ഒരുവൻ മുകളിലുണ്ട്.



എത്രമാത്രം താത്പര്യത്തോടും തീക്ഷ്ണതയോടുംകൂടിയാണ് അവൻ മർത്ത്യരിൽ ഒരുവനായി അവരുടെ മദ്ധ്യത്തിലേക്കു വന്നത്. പക്ഷേ, അവർക്ക് അവനിലെ രക്ഷകനെ ദർശിക്കാൻ കഴിഞ്ഞില്ല. സ്വജനംപോലും അവനെക്കുറിച്ചു ശരിയായ ധാരണയില്ലാത്തവരായിപ്പോയി. നൊന്തുപെറ്റ കുഞ്ഞ് തന്നെ തിരിച്ചറിയാതെ വരുമ്പോൾ ഒരമ്മയ്ക്കുണ്ടാകുന്ന മനോവേദന അപ്പോഴൊക്കെ അവൻ മനസ്സിലാക്കിയിട്ടുണ്ടാവണം. മക്കളായ നാംതന്നെ തിരിച്ചറിയാതെ പോകുന്നതാണ് ദൈവത്തിന്റെ നൊമ്പരങ്ങളിലൊന്ന്. നമ്മുടെ ദൈവം നാമാൽ തെറ്റിദ്ധരിക്കപ്പെടാൻ ഇടയാകരുത്. ആവശ്യത്തിലധികം അവൻ സ്വയം നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. അവന്റെ വചനങ്ങളും അവനെക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ളവയും നാം വായിച്ചു ധ്യാനിക്കണം. നമ്മുടെ ഹൃദയനാണയത്തിന്റെ പ്രതലത്തിൽ കൊത്തിവച്ചിട്ടുള്ള അവന്റെ രൂപത്തെയും ലിഖിതത്തെയും അകക്കണ്ണു തുറന്നു കാണണം.

'തെറ്റിദ്ധരിക്കപ്പെട്ടു' എന്നതല്ലേ നമ്മുടെയും ആകുലതകളിലൊന്ന്? അറിയാത്ത തെറ്റു മറ്റുള്ളവരാൽ തെറ്റിദ്ധരിക്കപ്പെടാൻ ഇടവരാതിരിക്കേണ്ടതും പ്രധാനപ്പെട്ടതാണ്. കുറെക്കൂടി തുറവോടെ ജീവിക്കാൻ ശീലിക്കാം. ദൃഷ്ടിശുദ്ധിയുടെ ദാരിദ്ര്യമാണ് തെറ്റുധാരണയുടെ അടിസ്ഥാനകാരണം.

നമ്മുടെ കാഴ്ചകൾ നേർക്കാഴ്ചകളായിരിക്കട്ടെ. ദൃശ്യങ്ങൾക്കപ്പുറത്ത് അദൃശ്യയാഥാർത്ഥ്യങ്ങൾ ഉണ്ടെന്നറിയാം. കണ്ണിമകൾക്കിടയിൽ കുടുങ്ങിയ ഒരു കരടുമതി നമ്മുടെ കാഴ്ചയെ വികൃതമാക്കാനും തെറ്റിദ്ധരിപ്പിക്കാനും. തെറ്റുധാരണയുടെ ഒരു തുരുമ്പിച്ച കണ്ണി വ്യക്തിബന്ധങ്ങൾ പൊട്ടിത്തകരാൻ ധാരാളമാണ്. മനസ്സിലാക്കണമെങ്കിൽ മനസ്സു മനസ്സോടു ചേർന്നിരിക്കണം. പരസ്പരം സംസാരിച്ചാൽ പരിഹരിക്കാവുന്ന പ്രശ്നങ്ങളേ ഈ ഭൂഗോളത്തിനു മീതെയുള്ളൂ. ഭവനാംഗങ്ങൾ ഒരുമിച്ചിരുന്നു സംഭാഷിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നിടത്ത് തെറ്റിദ്ധാരണകൾക്ക് ആയുസ്സുണ്ടാവില്ല. തെറ്റുകൾ ഒഴിവാക്കുക. അപ്പോൾ നേർധാരണ നമുക്കുണ്ടാവും. നാം തെറ്റിദ്ധരിച്ചതു മൂലം ഇനിയാരുടെയും ഉള്ളം തേങ്ങാതിരിക്കട്ടെ.

■

നോവൽ 13



# ദേവാങ്കണം

**ഗിരീഷ് കെ. ശാന്തിപുരം**

**നീ**ലകണ്ഠന്റെ രാത്രികൾ നിദ്രാവിഹീനങ്ങളായി തുടരുകയായിരുന്നു. മരുതുകുളങ്ങര ഭവനത്തിനുമേൽ പതിക്കുന്ന കഷ്ടനഷ്ടങ്ങളെക്കുറിച്ചുള്ള ആകുലതകൾ മാത്രമായിരുന്നില്ല നീലകണ്ഠനെ മഥിച്ചിരുന്നത്. ക്യാപ്റ്റൻ ഡിലനായി പറഞ്ഞുകൊടുത്ത ക്രിസ്തുവിന്റെ ചരിത്രംകൂടിയായിരുന്നു.

നീലകണ്ഠന്റെ ഹൃദയത്തിലൂടെ ക്രിസ്തു നഗ്നപാദങ്ങളൂന്നി നടക്കുകയാണ്. ഓരോ പാദപതനവും ഹൃദയത്തിൽ മുദ്രകളാകുന്നു. ആർദ്രതയും കനിവും നിറഞ്ഞ രണ്ടു കണ്ണുകൾ മനോമുകുരത്തിൽ തെളിയുന്നു. ലോകത്തിന്റെ സ്നേഹം മുഴുവൻ നിറച്ച ആഴമുള്ള കണ്ണുകൾ.

ഉറങ്ങാൻ കണ്ണുകളടച്ചാൽ, കുരിശിൽക്കിടന്നു പിടയുന്ന അർദ്ധനഗ്നനായ ഒരു മനുഷ്യനെ കാണാവുന്നു. ക്രിസ്തുദേവൻ തന്നെ പിൻതുടരുകയാണെന്ന് നീലകണ്ഠനു തോന്നി.

ഗദ്സെമനിയിൽനിന്നു കാറ്റു വീശുന്നു. അത് മരുഭൂമി കടന്ന് ഗലീലിയത്തടാകത്തിൽ കുളിച്ചു കയറിയാണു വരുന്നത്. അത് ക്രിസ്തുവിനെ പ്രഘോഷിക്കുന്നുണ്ട്. കാട്ടിലെ മൃഗങ്ങളും ആകാശപ്പറവകളും ഭൂമിയിലെ സസ്യങ്ങളും ആഴിയിലെ മത്സ്യങ്ങളും ആകാശമേഘങ്ങളും അതുതന്നെയാണു ചെയ്യുന്നത്. ആകാശം മുട്ടിയ പർവതങ്ങളും ആകാശത്തിന്റെ നാലതിരുകളും ഭൂമിയുടെ ആഴങ്ങളും മറ്റൊന്നല്ല പറയുന്നത്. ഓരോ അണുവും അവനെക്കുറിച്ചു പറയുന്നു.

നീലകണ്ഠന്റെ ദിനങ്ങൾക്ക് അടുക്കും ചിട്ടയുമില്ലാതായി. അശാന്തിയുടെ ഒരു കടൽ നീലകണ്ഠനിൽ ഇളകിമറിയാൻ തുടങ്ങി. ആത്മപീഡകളുടെ ഒരു മരുഭൂമി അവനിൽ കിടന്നു തപിച്ചു.

ക്യാപ്റ്റൻ ഡിലനായിയുമായി സംസാരിച്ചതിന്റെ മൂന്നാംസന്ധ്യയിലാണ് നീലകണ്ഠൻ മരുതുകുളങ്ങരയിലെത്തിയത്. എന്തുകൊണ്ടോ ഭാർഗവിയെ കാണണമെന്ന് നീലകണ്ഠനു തോന്നി. ഭാർഗവി എപ്പോഴും തന്റെ കൂടെ ഉണ്ടായിരുന്നെങ്കിലെന്ന് നീലകണ്ഠൻ ആഗ്രഹിച്ചു.

പത്മനാഭപുരത്തേക്ക് ഭാർഗവിയെ കൂട്ടിക്കൊണ്ടുപോകാം. അവിടെ പാർക്കാനുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. പക്ഷേ, അതെങ്ങനെ സാധിക്കും? തറവാട്ടുകാര്യങ്ങൾ വേണ്ടവിധം നടത്തിക്കൊണ്ടു പോകാൻ ഭാർഗവിയല്ലാതെ മറ്റാര്?

നീലകണ്ഠന് പത്മനാഭപുരത്തെ ജോലിയുപേക്ഷിക്കാനും നിർവാഹമുണ്ടായിരുന്നില്ല. മഹാരാജാവിന് അനിഷ്ടമുണ്ടാകുന്നതൊന്നും ചെയ്തുകൂടാ. ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങളിൽനിന്നു പിൻവാങ്ങുക അസാധ്യം. അതു പുരുഷന്മാർക്കു യോജിച്ചതല്ല.

മുന്നറിയിപ്പൊന്നുമില്ലാതെയാണ് നീലകണ്ഠൻ മരുതുകുളങ്ങരയിലെത്തിയത്. പടിപ്പുരയിൽ ഭാർഗവി കാത്തുനില്പുണ്ടായിരുന്നു. ഒരുപക്ഷേ, അവൾ അകലെനിന്നേ തന്റെ കുതിരയുടെ കുളമ്പടിശബ്ദം കേട്ടിരിക്കാം.

ഭാർഗവി പ്രസന്നവതിയായിരുന്നില്ല. പടിപ്പുരവിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ഭാർഗ്ഗവിയുടെ മുഖം ക്ലാന്തമായിക്കണ്ടു. അവളുടെ കണ്ണുകളിലെ മോഹിപ്പിക്കുന്ന തിളക്കം നഷ്ടമായിരിക്കുന്നു.

നീലകണ്ഠൻ ഭാർഗ്ഗവിയെ ചേർത്തുപിടിച്ച് തറവാടിനകത്തേക്കു നടന്നു. വിളക്കുവെട്ടത്തിൽ നടുമുറ്റത്തിനരുകിലെ നന്ത്യാറുവട്ടപ്പൂക്കൾ ചിരിക്കുന്നത് നീലകണ്ഠൻ കണ്ടു.

കുളി കഴിഞ്ഞ് അല്പം അത്താഴവും കഴിച്ച് നീലകണ്ഠൻ ദീനക്കിടക്കയിലായിരുന്ന കാരണവരെയും മറ്റു കുടുംബാംഗങ്ങളെയും കണ്ടു. ആരോഗ്യവിവരങ്ങളന്വേഷിച്ചു. മരുന്നും ആഹാരവുമൊക്കെ വൈദ്യരുടെ വിധിപ്രകാരം കഴിക്കണമെന്നുപദേശിച്ചു. പിന്നെ കിടപ്പറയിലേക്കു പോയി.

ഉറക്കറയുടെ ജാലകങ്ങൾ തുറന്നിട്ടു നീലകണ്ഠൻ. മോന്തായക്കൊളുത്തുകളിൽ ചങ്ങലവിളക്കുകൾ കത്തുന്നുണ്ട്. ജാലകക്കാറ്റ് സാവധാനം വീശുന്നുണ്ട്. രാക്കാറ്റ് ഒരു തൂവലിന്റെ സ്നിഗ്ധവേഗത്തിലാണു വീശുന്നത്. നീലകണ്ഠൻ കണ്ണുകളടച്ചു. പക്ഷേ, ഉറങ്ങുകയായിരുന്നില്ല.

തനിക്ക് ആന്തരികമായി എന്തോ വ്യതിയാനം സംഭവിക്കുന്നു എന്ന് നീലകണ്ഠൻ അറിയുകയായിരുന്നു. തന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനശിലകൾക്ക് ഇളക്കം തട്ടുന്നു. താൻ മറ്റൊരാളായി മാറുകയാണോ?

ഭാർഗവി വന്നു. അവൾ കുളി കഴിഞ്ഞ് ഈറൻ മുടിയിൽ കുടമുല്ലപ്പൂക്കൾ ചൂടിയിരുന്നു. മിഴികളിൽ മഷിയെഴുതിയിരുന്നു. നെറ്റിയിൽ സിന്ദൂരതിലകം. ഭാർഗവിയിൽനിന്നു കാച്ചെണ്ണയുടെ ഗന്ധം പ്രസരിക്കുന്നു. ഇപ്പോൾ വീശുന്നത് സുഗന്ധവാഹിയായ കാറ്റാണ്.

ഭാർഗവി നീലകണ്ഠനടുത്തായി ഇരുന്നു. പക്ഷേ, അവൾ ഒന്നും സംസാരിച്ചില്ല. അവൾക്ക് നീലകണ്ഠനോടു സംസാരിക്കാനായി ഒട്ടേറെ കാര്യങ്ങളുണ്ടായിരുന്നു. പക്ഷേ, ഒന്നും പറയാൻ കഴിഞ്ഞില്ല.

നീലകണ്ഠനും അങ്ങനെ തന്നെയായിരുന്നു. ഒരു കടൽ തന്നെയുണ്ടായിരുന്നു നീലകണ്ഠന്റെയുള്ളിൽ ഭാർഗവിയുമായി പങ്കുവയ്ക്കാൻ. പക്ഷേ, ഒരു തുള്ളിപോലും കോരിയെടുക്കാൻ നീലകണ്ഠനു കഴിയുന്നില്ല.

ഇരുവരും അങ്ങനെ കുറെ നേരമിരുന്നു. മൗനം അവർക്കിടയിൽ ഒരു മഹാമരുവുപോലെ. അതു മേടവെയിലിൽ തിളയ്ക്കുന്നു. സമയം സാവധാനം, വളരെ സാവധാനം ഇഴഞ്ഞു നീങ്ങിക്കൊണ്ടിരുന്നു.

നീലകണ്ഠൻ തന്നോട് ഒന്നും സംസാരിക്കുന്നില്ല എന്നു കണ്ട് ഭാർഗവി വ്യസനഭരിതയായി. അവൾക്കിപ്പോൾ കുറെയായി വ്യസനങ്ങൾ മാത്രമാണുളവാകുന്നത്. സന്തോഷിക്കാനുള്ളതൊന്നും സംഭവിക്കുന്നില്ല. സംഭവിക്കുന്നതെല്ലാം അശുഭകരങ്ങളായവതന്നെ. വന്നുചേരുന്നതെല്ലാം വിധിവിഹിതങ്ങൾ എന്നാശ്വസിക്കാൻ അവൾ ശ്രമിച്ചു. പക്ഷേ, ആ ശ്രമങ്ങളെല്ലാം പാഴ്‌വേലയായിത്തീരുകയായിരുന്നു.

ഓരോ രാത്രിയും ഉറങ്ങിയും ഉറങ്ങാതെയും കിടക്കുമ്പോൾ തന്റെ പ്രിയതമൻ തന്നോടൊപ്പമുണ്ടായിരുന്നെങ്കിൽ എന്നവൾ ഉത്കടമായി ആഗ്രഹിച്ചു. ഇപ്പോൾ നീലകണ്ഠൻ തന്നോടൊപ്പമുണ്ട്. പക്ഷേ,



ഒന്നും സംസാരിക്കുന്നില്ല.

തന്റെ ഭാര്യയോട് എന്തെങ്കിലുമൊക്കെ പ്രണയപൂർവം സംസാരിക്കണമെന്ന് നീലകണ്ഠനും ആഗ്രഹിച്ചിരുന്നു. പക്ഷേ, ഒന്നിനും കഴിയുന്നില്ല. മനസ്സ് ഇരുണ്ടു കുത്തിക്കിടക്കുന്ന ആകാശംപോലെയാണ്. ഒരു കാറ്റു വീശുന്നില്ല. കരിമേഘങ്ങളിൽനിന്ന് ഒരു തുള്ളിപോലും പൊഴിയുന്നില്ല.

"അങ്ങേക്ക് എന്നോട് എന്തെങ്കിലും അനിഷ്ടമുണ്ടോ?" ഭാർഗവി ചോദിച്ചു. ഒരു കരച്ചിലിന്റെ വിളുമ്പിൽനിന്നുകൊണ്ടായിരുന്നു അവളുടെ ചോദ്യം.

അത് നീലകണ്ഠന്റെ ഹൃദയത്തിന്റെ ആഴങ്ങളിലാണു വന്നു ഭവിച്ചത്. നീലകണ്ഠൻ കണ്ണുകളുയർത്തി ഭാർഗവിയെ നോക്കി. ഒരു നെയ്‌വിഗ്രഹംപോലെയായിരുന്നു ഭാർഗവിയപ്പോൾ. വിരൽ തൊട്ടാൽ ഉരുകിപ്പോകും.

നീലകണ്ഠൻ അവളെ പ്രണയപൂർവം മാറോടു ചേർത്തു. ഒരു കസവുകച്ച മാറിൽ പറ്റിച്ചേർന്നു കിടക്കുന്നതുപോലെ ഭാർഗവി നീലകണ്ഠന്റെ മാറോടു ചേർന്നു. നീലകണ്ഠന്റെ കൈകൾ പ്രണയപൂർവം അവളെ ചുറ്റി. എവിടെയോ തീക്ഷ്ണസുരഭിയായ ഒരു വനപുഷ്പം വയസ്സറിയിച്ചിരിക്കുന്നു.

"എല്ലാം നേരേയാകും. കാളീദേവനോടു പ്രാർത്ഥിച്ചാൽ മതി."

ഭാർഗവി പറഞ്ഞു. "അങ്ങേക്കു വേണ്ടിയും കുടുംബത്തിനുവേണ്ടിയും മുറതെറ്റാതെ പൂജകൾ കഴിക്കുന്നുണ്ട് ഞാൻ."

"നല്ലത്." നീലകണ്ഠൻ അത്രമാത്രം പറഞ്ഞു.

പക്ഷേ, നീലകണ്ഠന്റെ മനസ്സിലപ്പോൾ മരുതുകുളങ്ങര കുടുംബക്ഷേത്രത്തിലെ ദുർഗാദേവിയായിരുന്നില്ല. ഇടംകൈയിൽ തലമുടിയിൽ ചുറ്റിപ്പിടിച്ച ശിരസ്സും വലംകൈയിൽ രക്തംപുരണ്ടവാളും തുറിച്ചു കണ്ണുകളും പുറത്തേക്കു നീണ്ടു ചോരചീറ്റുന്ന നാവുമായി നില്ക്കുന്ന സംഹാരരുദ്രയായ മഹാകാളിയായിരുന്നില്ല.

യൂദയായിലെ ഇടവഴികളിലൂടെ ഗലീലിത്തടാകക്കരയിലൂടെ, ജറുസലേമിലെ നഗരവീഥികളിലൂടെ ഭൂമിയെപ്പോലും നോവിക്കാതെ പാദങ്ങൾ വച്ചു നടക്കുന്ന സൗമ്യരൂപനായ ഒരു മനുഷ്യനായിരുന്നു. പാദപതനങ്ങൾ കൊണ്ട് ഭൂമിയെയും ഒരു നോട്ടം കൊണ്ട് ആകാശത്തെയും തരളിതമാക്കുന്നവൻ. സിനഗോഗുകളിലും യോർദാനിലെ കടൽക്കരയിലും ഗത്സെമനിയിലെ മലഞ്ചെരുവുകളിലും വിജ്ഞാനം പ്രസംഗിക്കുന്നവൻ.

അന്ന് നീലകണ്ഠൻ ഭാർഗവിയുടെ മാറിലെ ചൂടേറ്റ് കുറച്ചെങ്കിലും ഉറങ്ങി. പിറ്റേന്ന് പുലരും മുമ്പേ പത്മനാഭപുരത്തേക്കു മടങ്ങി. അന്ന് പതിവിനു വിപരീതമായി നീലകണ്ഠൻ ഭദ്രകാളിക്കോവിലിൽ തൊഴുതില്ല. തന്റെ പ്രിയ കൂട്ടുകാരൻ കരുവാൻ മാതേവനെ കണ്ടില്ല.

നീലകണ്ഠനും ഉദയസൂര്യനും ഒരുമിച്ചാണ് പത്മനാഭപുരത്തെത്തിയത്. പത്മനാഭപുരം കോട്ടയുടെ പണികൾ പൂർത്തിയായിട്ടില്ല. ജോലിക്കാർ വന്നു തുടങ്ങിയിട്ടേയുള്ളൂ. ദീർഘചതുരത്തിൽ അളന്നു മുറിച്ചെടുത്ത കല്ലുകൾ കുമ്മായവും സുർക്കിയും ചേർത്തടിച്ച് പതംവരുത്തിയ ചാന്തുപയോഗിച്ചാണു കെട്ടുന്നത്. ആയതിനാൽ, കോട്ടയ്ക്ക് ഒരു കാലത്തും ബലക്ഷയം സംഭവിക്കുന്നില്ല. ശത്രുക്കളുടെ ഏതാക്രമണങ്ങളെയും ഒട്ടൊക്കെ പ്രതിരോധിക്കാൻ കോട്ടയ്ക്കു കഴിയും.

വെയിൽ കത്താൻ തുടങ്ങിയിരിക്കുന്നു. പൊള്ളിക്കാൻ പോന്ന ചൂടാണ്. അതിനെയെല്ലാം തൃണവത്ഗണിച്ചുകൊണ്ടാണ് ജോലിക്കാർ തങ്ങളുടെ ജോലികളിലേർപ്പെട്ടിരിക്കുന്നത്.

മഴക്കാലം അടുത്തുവരുന്നു. അതിനുമുമ്പേ കോട്ടയുടെ പണി പൂർത്തിയാക്കണം. നീലകണ്ഠൻ സദാനേരവും ജോലിക്കാരുടെ കൂടെ നിന്ന് അവർക്കു വേണ്ട നിർദേശങ്ങൾ നല്കിക്കൊണ്ടിരുന്നു.

നേരം ഉച്ചയോടടുത്തിരുന്നു. നീലകണ്ഠനു വിശപ്പും ദാഹവും തോന്നി. നീലകണ്ഠൻ കൊട്ടാരത്തിലേക്കു പോകാനൊരുങ്ങി. കൊട്ടാരം ഭോജനശാലയിൽനിന്നായിരുന്നു നീലകണ്ഠനു ഭക്ഷണം. എപ്പോൾ വേണമെങ്കിലും എന്തുവേണമെങ്കിലും കൊട്ടാരത്തിലെ ഊട്ടുപുരയിൽനിന്നു കഴിക്കാം.

അപ്പോഴാണ് ക്യാപ്റ്റൻ ഡിലനായി വന്നത്. തന്റെ കുതിരയെ വൃക്ഷത്തണലിൽ തളച്ച് ഡിലനായി നീലകണ്ഠന്റെ സമീപത്തേക്കു വന്നു. ക്യാപ്റ്റൻ ഡിലനായി സന്തോഷവാനായിരുന്നു. ഡിലനായി അങ്ങനെയാണ്. എപ്പോഴും ആഹ്ലാദചിത്തൻ. ഒരു കാര്യങ്ങളിലും ക്യാപ്റ്റൻ ആകുലനാകുന്നില്ല. കുളച്ചൽയുദ്ധത്തിൽ പിടിക്കപ്പെട്ട് തിരുവിതാംകൂറിന്റെ തടവറയിൽ കഴിഞ്ഞിരുന്ന കാലത്തും ഡിലനായിയിൽ നിരാശ എന്ന വികാരം ഒരിക്കൽപ്പോലും കാൺമാനായില്ല.

അടുത്തേക്കു വന്ന ഡിലനായി നീലകണ്ഠനെ അഭിവാദ്യം ചെയ്തു. നീലകണ്ഠൻ തിരിച്ചും.

''തറവാട്ടിൽ ഏവർക്കും സുഖംതന്നെയോ സുഹൃത്തേ...''

തലേന്നു വൈകുന്നേരം നീലകണ്ഠൻ മരുതുകുളങ്ങരയിലേക്കു പുറപ്പെട്ട വിവരം ഡിലനായി അറിഞ്ഞിരുന്നു. അതുകൊണ്ടാണ് അങ്ങനെയൊരു ചോദ്യമുണ്ടായത്.

നീലകണ്ഠൻ വളരെ ബദ്ധപ്പെട്ട് ഒരു ചിരിയുതിർത്തതല്ലാതെ മറുപടിയൊന്നും പറഞ്ഞില്ല. ഇന്നലെ രാത്രി ഭാർഗവിയോടൊത്തുള്ള ഒരർദ്ധമയക്കമൊഴിച്ചു നിർത്തിയാൽ നീലകണ്ഠൻ തന്റെ ഹൃദയത്തിലും ചിന്തകളിലും വല്ലാത്ത ക്ലേശമനുഭവിച്ചിരുന്നു. അത് ക്യാപ്റ്റൻ ഡിലനായിക്കു ബോധ്യമാവുകയും ചെയ്തിരുന്നു.

ശേഷം 12-ാംപേജിൽ

# ഞെട്ടില്ലാ വട്ടയില



ഷാജി മാലിപ്പാറ

ഒരുതരം ഇലയെക്കുറിച്ചാണു പറയുന്നത്; ഞെട്ടില്ലാ വട്ടയില.

രണ്ടു പ്രത്യേകതകളാണ് ഇതിനുള്ളത്. ഒന്നാമത്, ഞെട്ടില്ലാത്ത ഇലയാണ്.

രണ്ടാമത്, വട്ടത്തിലുള്ള ഇലയാണ്. ഇലയല്ല. വട്ടത്തിലുള്ള മറ്റൊരു വസ്തുവാണ്. ഇത്തരം ആലോചന നമ്മെ ഉത്തരത്തിലേക്ക് എത്തിക്കുന്നു. ഞെട്ടില്ലാത്ത ഇലയുണ്ടോ? അതാണു പപ്പടം.

കടങ്കഥകൾ ഇങ്ങനെയാണ്. ഒരു കാര്യത്തെക്കുറിച്ച്, വേറേ കാര്യങ്ങൾ പറയും. ഒന്നിനെ മറ്റൊന്നായി പറയും.

നമുക്കിനി മറ്റൊരു കടങ്കഥ നോക്കാം: 'മുറ്റത്തെ ചെപ്പിന് അടപ്പില്ല.'

ചെപ്പ് എന്നാൽ അടപ്പുള്ള ചെറിയ പാത്രമാണ്.

ഈ കടങ്കഥയിലെ ചെപ്പിന് അടപ്പില്ല എന്ന വ്യത്യാസമുണ്ട്. എന്ന കടങ്കഥയുടെ ഉത്തരം നമുക്കറിയാം: മത്തങ്ങ.

വാസ്തവം പറഞ്ഞാൽ ഇതിൽ കാളയുമില്ല, കയറുമില്ല.

ഉള്ളതു വലിപ്പമുള്ള മത്തങ്ങയും മത്തച്ചെടിയുടെ നീളംകൂടിയ വള്ളിയുമാണ്. മത്തങ്ങ ഉണ്ടായാൽ നിലത്തുതന്നെ കിടന്നു വളർന്നു വലുതാകും. മത്തവള്ളിയാകട്ടെ മുന്നോട്ടു മുന്നോട്ടു വളർന്നുപോകും. അങ്ങനെ ആലോചിക്കുമ്പോൾ ഓരോ കടങ്കഥയും എത്രയോ അർത്ഥമുള്ളതാണ്! നമ്മുടെ ചിന്താശേഷി വർദ്ധിപ്പിക്കാൻ ഇവ സഹായിക്കും. ഒളിപ്പിച്ചുവച്ച ഒരു ഉത്തരം



ഏതാണീ ഇല? ഉത്തരം എല്ലാവർക്കും അറിയാം – പപ്പടം.

ഇനി ഒരു ചോദ്യം. പപ്പടം ഒരു ഇലയാണോ? ഏതെങ്കിലും ചെടിയിൽനിന്നോ മരത്തിൽനിന്നോ പറിച്ചെടുക്കുന്നതാണോ? അല്ലേയല്ല. ഇതാണു കടങ്കഥകളുടെ പ്രത്യേകത. ഒരു വസ്തുവിനെ മറ്റൊന്നായി പറയും. ശരിയായി ആലോചിച്ചാൽ നമുക്കതു മനസ്സിലാവുകയും ചെയ്യും. വട്ടയില എന്നു കേട്ടാൽ വട്ടത്തിലുള്ള പലതരം ഇലകൾ ഓർമവരും. ഞെട്ടില്ല എന്നു പറഞ്ഞാലോ? എല്ലാ ഇലകൾക്കും ഞെട്ടുണ്ട്. ഇല്ലെങ്കിലോ? അത് സാധാരണ മറ്റൊരു സൂചനകൂടി ഇതിലുണ്ട്. മുറ്റത്താണ് ഈ ചെപ്പിന്റെ സ്ഥാനം.

സാധാരണയായി വീട്ടുമുറ്റങ്ങളിൽ കാണുന്നതാണ് കിണർ. അതിനു ചെപ്പിന്റെ വൃത്താകൃതിയാണ്. അതിനാകട്ടെ, അടപ്പുമില്ല. അങ്ങനെ ആലോചിച്ചാൽ നമുക്കു കിണർ എന്ന ഉത്തരത്തിൽ എത്താൻ കഴിയും. ഇവിടെ കിണറിനെ ചെപ്പായി സങ്കല്പിച്ചിരിക്കുന്നു. ഇത് പഴയ കടങ്കഥയാണെന്ന് ഓർക്കണം. ഇന്നത്തെ പല കിണറുകൾക്കും അടപ്പുള്ള കാര്യം നമുക്കറിയാമല്ലോ.

'കാള കിടക്കും കയറോടും' ഇത്തരം ചോദ്യങ്ങളിൽ ഉണ്ടാവും. ബുദ്ധിയും ഭാവനയും ഉപയോഗിച്ച് അതിന്റെ ഉത്തരം കണ്ടെത്തണം. അപ്പോഴുണ്ടാകുന്ന രസം ചെറുതല്ല.

മലയാളത്തിൽ പത്തും നൂറുമല്ല, ആയിരക്കണക്കിനു കടങ്കഥകളുണ്ട്. വീടിനകത്തും പുറത്തുമുള്ള വസ്തുക്കൾ, ഭൂമിയിലും ആകാശത്തുമുള്ള കാര്യങ്ങൾ എന്നിവയൊക്കെ കടങ്കഥയ്ക്കു വിഷയങ്ങളാണ്. അവ കേൾക്കാനും ഉത്തരം കണ്ടെത്താനും കുട്ടികൾ ശ്രമിക്കണം. വിനോദത്തിനും വിജ്ഞാനത്തിനും ഉപകാരപ്പെടുന്ന കടങ്കഥകൾ കൊണ്ട് പലതരം കളികളും ഉണ്ട്. കടങ്കഥപ്പയറ്റുമുതൽ കടങ്കഥയുണ്ടാക്കൽവരെ നാനാവിധത്തിലുള്ള കേളികൾ. ചങ്ങാതിമാരോടൊപ്പം അവയിൽ ഏർപ്പെടുന്നത് അറിവും ആനന്ദവും പകരുമെന്ന കാര്യത്തിൽ സംശയമില്ല. ■


ചെറുവള്ളിൽ ആയുർവേദിക്സ്
CONSULTATION, TREATMENT, MEDCINE
സെൻട്രൽ ജംഗ്ഷൻ – കിടങ്ങൂർ
Mob: 8547413604, 9495863604
■ ആയുർവേദമരുന്നുകൾ ■ അങ്ങാടിമരുന്നുകൾ ■ സൗന്ദര്യവർദ്ധക ഉത്പന്നങ്ങൾ ■ വിവിധ കമ്പനികളുടെ പേറ്റന്റ് മരുന്നുകൾ
■ ഹെർബൽ ബേബി പ്രോഡക്ട്സ്
■ ഗർഭകാല–പ്രസവാനന്തര ശുശ്രൂഷാമരുന്നുകൾ




## ദേവാങ്കണം

11–ാംപേജ് തുടർച്ച

ന്നു. അത് ക്യാപ്റ്റൻ ഡിലനായിക്കു ബോധ്യമാവുകയും ചെയ്തിരുന്നു.

"ആത്മമിത്രമേ, നശിച്ചുപോകുന്ന ഈ ലൗകികസുഖങ്ങൾക്കായിട്ടാണോ നിങ്ങൾ ഇത്രമാത്രം ദുഃഖമനുഭവിക്കുന്നത്." ഡിലനായി ചോദിച്ചു.

ഉച്ചസൂര്യൻ നീലകണ്ഠന്റെ കണ്ണിൽ കുത്തി. കണ്ണിൽനിറഞ്ഞ ഇരുട്ടിലൂടെ പളുങ്കുഗോളങ്ങൾ ചിന്നി. ഇമകൾ ചിമ്മിത്തുറന്ന് നീലകണ്ഠൻ ക്യാപ്റ്റനെ നോക്കി. ക്യാപ്റ്റൻ പറഞ്ഞു:

"ഇന്നത്തെ ഉച്ചഭക്ഷണം എന്റെ മാളികയിൽനിന്നാകാം."

നീലകണ്ഠൻ എതിർപ്പൊന്നും പറഞ്ഞില്ല. സത്യത്തിൽ നീലകണ്ഠൻ ഡിലനായിയുടെ സാമീപ്യവും സംസാരവും ആഗ്രഹിച്ചിരുന്നു. ഡിലനായി സംസാരിക്കുമ്പോൾ നീലകണ്ഠൻ ഹൃദയത്തിൽ ഒരു നനവ് അനുഭവിക്കുന്നു.

മാളികയിലേക്കുള്ള നടത്തയ്ക്കിടയിൽ ഡിലനായി പറഞ്ഞു:

"ഈ ലോകം വഞ്ചനാഗുപ്തമാണ് മിത്രമേ. നമ്മൾ കാണുന്നതും കേൾക്കുന്നതും ഒന്നും സത്യമല്ല. നമ്മൾ ഹൃദയംകൊണ്ടും ബുദ്ധികൊണ്ടും അറിയുന്നതു മാത്രമാണു സത്യം. മനുഷ്യജീവിതം ക്ഷണികമാണ്. അത് ഹൃദയമോഹനവും നീർക്കുമിളപോലെ ക്ഷണഭംഗുരവുമാണ്. എന്നിട്ടും മനുഷ്യൻ നാശോന്മുഖമായ ലൗകികഭോഗങ്ങൾക്കുവേണ്ടി ഭ്രാന്തു പിടിച്ചോടുകയാണ്. ഒന്നോർക്കുക: ഈ ലോകം മുഴുവൻ നേടിയാലും ആത്മാവ് നശിച്ചുപോയാൽ എന്തു പ്രയോജനമാണുള്ളത്?"

പത്മനാഭപുരത്തിനു മുകളിൽ ഉച്ചവെയിൽ പെയ്യുകയാണ്.

ഉഷ്ണം വമിക്കുന്ന കാറ്റിൽ കോട്ടപണിക്കാരുടെ ശബ്ദകോലാഹലങ്ങൾ കലങ്ങിപ്പോകുന്നു.

"ശരീരത്തെക്കാളും ലൗകികസുഖഭോഗങ്ങളെക്കാളും ആത്മാവിനെയും സത്യത്തെയും വിലമതിക്കുന്നുവെങ്കിൽ ശരീരത്തോടുകൂടി നശിച്ചുപോകുന്ന ഈ ലോകസുഖത്തിനായി താങ്കൾ ഇത്രമാത്രം സങ്കടപ്പെടുന്നതെന്തിന്?"

"ഒരുവന്റെ ജീവിതത്തിന്റെ സംഭവിക്കുന്ന സുഖവും ദുഃഖവുമെല്ലാം അവന്റെ അന്തഃകരണനിലയെ ആശ്രയിച്ചാണിരിക്കുന്നത്. അത് അവന്റെ അറിവില്ലായ്മയുടെ പരിണതഫലമാണ്. സുഖങ്ങളുടെ പിന്നാലെ ഓടുന്ന ഒരുവൻ അവസാനം ചെന്നു പതിക്കുന്നത് അനാദിയായ ദുഃഖങ്ങളുടെ ആഴക്കടലിലാണ്. അതുകൊണ്ടാണ് മഹാത്മാക്കൾ സുഖദുഃഖങ്ങളിൽ മിതശീലരായിക്കാണുന്നത്."

*(തുടരും)*

ശ്രേഷ്ഠമലയാളം

# ബൃഹദ്ഗ്രന്ഥം

ഡോ. ഡേവിസ് സേവ്യർ



"കേരളീയഭാഷാശൈലിയിൽ ബൃഹത്തായ രൂപശില്പവും മഹത്തായ ഭാവശില്പവും ഒത്തുചേരുംവണ്ണം വിരചിച്ച ഗൗരവപ്പെട്ട ആദ്യകാവ്യ"*മെന്ന് രാമചരിതത്തെ ഡോ. എം. ലീലാവതി വിശേഷിപ്പിച്ചിട്ടുണ്ട്. ബൃഹത്തായ എന്ന ശുദ്ധരൂപം ചിലർ എഴുതുമ്പോൾ 'ബ്രഹത്തായ' എന്നായിപ്പോകുന്നു. ഉച്ചാരണവ്യതിയാനം അശ്രദ്ധമൂലം എഴുത്തിലേക്കു കടന്നുവന്നതാകാം. വിദ്യാർത്ഥികളിലാണ് ഇത്തരം പിശകുകൾ പൊതുവെ കാണുന്നത്. അച്ചടിച്ചുവന്നാൽപ്പിന്നെ തെറ്റുകൾക്ക് ആധികാരികസ്വഭാവം കൈവരുമല്ലോ.

ഇവിടെ പൂർവപദം(ബ്രഹത്' അല്ല, ബൃഹത് ആണ്. ബൃഹത് എന്ന ശബ്ദത്തിന് വലിയ എന്നർത്ഥം. 'ബൃഹത് എന്ന ശബ്ദത്തോട് ഉത്തരപദമായി ഗ്രന്ഥം' എന്ന സംജ്ഞ ചേരുമ്പോൾ രൂപം ബൃഹദ്ഗ്രന്ഥം എന്നാകും. ബൃഹത്+ഗ്രന്ഥം = ബൃഹദ്ഗ്രന്ഥം. പദാന്തത്തിൽ വരുന്ന ദൃഢത്തിന് മൃദു ആദേശം വരുമെന്നാണല്ലോ നിയമവും.** ബൃഹത് എന്ന ശബ്ദത്തിന് വർദ്ധിക്കുന്നത് (വൃഹവൃദ്ധൗ) എന്നു പദാർത്ഥം. അങ്ങനെ ബൃഹദ്ഗ്രന്ഥം വലിയ ഗ്രന്ഥമാകുന്നു. എവിടെയും 'ബ്രഹത്' എന്നൊരു രൂപമില്ലെന്നു മനസ്സിലാക്കുക. വിശങ്കടം (പറന്നത്) പൃഥു (പ്രസിദ്ധം) ബൃഹദ്വിശാലം മഹത്*** (പൂജിക്കപ്പെടുന്നത്) എന്നാണല്ലോ അമരകോശമനനവും.

ബൃഹസ്പതിയെ ബ്രഹസ്പതിയും ആക്കരുത്. "ബൃഹസ്പതി: സുരാചാര്യോ (ദേവന്മാരുടെ ഗുരു) ഗ്രീഷ്പതിർ (വാക്കുകളുടെ നാഥൻ) ധിഷണോ (ബുദ്ധിയുള്ളവൻ) ഗുരു" **** എന്നാണ് അമരകോശത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അങ്ങനെ ബൃഹസ്പതി ദേവന്മാരുടെ ഗുരു അല്ലെങ്കിൽ അവരുടെ ഉപദേഷ്ടാവാകുന്നു. കൂടാതെ ബൃഹതഃവാചഃപതിഃ (വാക്പതി വചസ്പതി) എന്നുമുണ്ടല്ലോ." അതിചാരേതു വക്രേതു പൂർവ്വരാശിഗതംഫലം; ബൃഹസ്പതേസ്തു തന്നാസ്തിതത്ത്രാശിഗതംഫലം" ***** ജ്യോതിഷത്തിൽ ബൃഹസ്പതിക്ക് സൂര്യഗ്രഹം എന്നർത്ഥം കല്പിക്കാം. 'ബ്രഹസ്പതി' അപപാഠമാണെന്നു ധരിക്കണം.

* ലീലാവതി, എം.ഡോ., മലയാളകവിതാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1996, പുറം – 22.

** ജോൺ കുന്നപ്പള്ളി, പ്രക്രിയാഭാഷ്യം, ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം – 41

*** പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരി), എൻ.ബി.എസ്., കോട്ടയം, 2013, പുറം – 695

**** പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരി), എൻ.ബി.എസ്., കോട്ടയം, 2013, പുറം 107

***** ദാമോദരൻ നായർ പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം – 457.

# സ്പർശനം നൽകുന്ന സൗഖ്യം



ജോസ് വഴുതനപ്പിള്ളി

യേശുവിന്റെ വസ്ത്രാഞ്ചലത്തിൽ സ്പർശിച്ചതേയുള്ളൂ അപ്പോഴേക്കും ഒരു സ്ത്രീ രോഗവിമുക്തയാകുന്നു. യേശു കുഷ്ഠരോഗിയെ സ്പർശിച്ചപ്പോൾ അവൻ അദ്ഭുതകരമാംവിധം സുഖപ്പെടുന്ന സംഭവവും നാം വിശുദ്ധ ഗ്രന്ഥത്തിൽ വായിക്കുന്നു. അവൻ ചെന്നിടങ്ങളിലെല്ലാം മനുഷ്യർ അവനു ചുറ്റിലും കൂടി, അവനെ ഒന്നു സ്പർശിക്കാൻ എന്നാണ് ലൂക്കായുടെ സുവിശേഷത്തിൽ വിവരിക്കുന്നത്.

നാം ഈ ജീവിതത്തിൽ ആദ്യം അനുഭവിക്കുന്ന പ്രേമവായ്പാണ് 'സ്പർശനം'. ഒരു ഇളംകുഞ്ഞായി ജനിച്ചുവീഴുമ്പോഴേ നമ്മുടെ ശരീരം അമ്മയുടെ സ്നേഹത്തലോടലിനായി പുളകത്തോടെ കാത്തുനിൽക്കും. അതാണു നമുക്കു കിട്ടുന്ന ആദ്യത്തെ ജീവശ്വാസം. അതു ജീവിതത്തിന്റെ പലവഴികളിലായി പൂത്തുലഞ്ഞു നമ്മുടെ ഞരമ്പുകളിൽ, മജ്ജയിൽ ഊർജമായി നിലകൊള്ളും. ഒടുവിൽ അവസാനശ്വാസം വലിക്കുമ്പോഴും നമ്മെ സമാശ്വസിപ്പിക്കാൻ ഉയരുന്ന ഏതെങ്കിലും കരങ്ങളെ മനസ്സുകൊണ്ടെങ്കിലും ആശ്ലേഷിക്കും.

ഗർഭപാത്രത്തിൽ പതിനാറ് ആഴ്ച വളർച്ചയെത്തിയ ശിശുവിന് ശരീരത്തിലാകമാനം ലനുഗോ ലോമികകൾ വളരാൻ തുടങ്ങും. മൃദുവായ സ്പർശനത്തിന്റെ സുഖാനുഭവങ്ങളിലൂടെ കടന്നുപോകാൻ ഈ രോമങ്ങൾ കുഞ്ഞിനെ പ്രാപ്തനാക്കുന്നു.

**മാതാപിതാക്കന്മാരുടെ സ്പർശനം**

മനുഷ്യശരീരത്തിലെ പരമപ്രധാനമായ ഒരു ഇന്ദ്രിയമാണ് ത്വക്കിലെ സ്പർശനേന്ദ്രിയങ്ങൾ. മനുഷ്യൻ ജനിക്കുന്നത് ഏറെ പരിമിതികളോടെയാണ്. ഭക്ഷണത്തിനും ശാരീരികതാപം നിലനിർത്താനും അവന് ഒരമ്മയുടെ ആവശ്യമുണ്ട്. അമ്മയാണ് അവന്റെ ശരീരത്തിലെ ചൂടും അവന്റെ വിശപ്പും അറിയുന്നത്. അവനെ കുളിപ്പിക്കുമ്പോഴും പാലൂട്ടുമ്പോഴും, താരാട്ടുപാടി ഉറക്കുമ്പോഴുമൊക്കെ ആ സ്നേഹസ്പർശമുണ്ട്. ഇതൊന്നും കിട്ടാതെ വളരുന്ന ദൗർഭാഗ്യവാന്മാരായ കുഞ്ഞുങ്ങൾക്കു ജീവിതത്തിലുടനീളം അതിന്റെ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നുമുണ്ട്.

കുഞ്ഞുങ്ങളെ നാം ആലിംഗനം ചെയ്യുമ്പോഴും അവർക്ക് ഉമ്മകൊടുക്കുമ്പോളും നമ്മുടെയും കുഞ്ഞുങ്ങളുടെയും ശരീരത്തിൽ ഒരേപോലെ ഓക്സിടോസിനിന്റെ അളവു വർധിക്കുന്നുണ്ട്. സന്തുഷ്ടി വളർത്തുന്ന അനുഭൂതികളിലേക്കു നമ്മെ കൈപിടിച്ചുയർത്താൻ ഇതിനു കഴിയും. നാം വെറുതെ ഒരു മൊബൈലിലോ മേശയിലോ തൊടുമ്പോൾ നമുക്ക് ഇത്തരം ഒരു അനുഭൂതി വരുന്നില്ല; കാരണം, നമ്മുടെ ന്യൂറോസയന്റിസ്റ്റുകൾ പറയുന്നത് നമ്മുടെ തലച്ചോറിൽ അത്തരം സ്പർശനവും ശാരീരികമായ സ്പർശനവും വേർതിരിച്ചറിയാനുള്ള സംവിധാനം ഉണ്ടെന്നുള്ളതാണ്.

പക്ഷേ, ജീവിതത്തിന്റെ ഏതെങ്കിലും ഒരു സ്റ്റേജിൽ നാം മക്കളെ അകറ്റി നിർത്തുന്ന, അകലം പുലർത്തുന്ന ഒരു പ്രവണത നമ്മുടെ നാട്ടിലുണ്ട്. 'തൻ പിള്ളയായാലും തന്നോളമായാൽ താനെന്നു കാണണം' എന്നൊക്കെ പഴമക്കാർ പറയുമെങ്കിലും, അവർ നമ്മുടെ ചോരയാണ് എന്ന സത്യം മറക്കാതെ അവരെ മരണംവരെ തഴുകിത്തലോടി നിൽക്കുന്നതാവട്ടെ നമ്മുടെ സ്നേഹം. അവരെ ഒന്നു കെട്ടിപ്പിടിക്കാനോ വല്ലപ്പോഴും ഒരു ഉമ്മകൊടുക്കാനോ തലോടാനോ ഒന്നും പലപ്പോഴും നമുക്കു സാധിക്കാറില്ല. 'ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നുണ്ട്, നിങ്ങളുടെ സുഖദുഃഖങ്ങൾ എല്ലാറ്റിലും ഞങ്ങൾ പങ്കാളികളാണ്' എന്നൊക്കെയുള്ള സന്ദേശം അവരിലെത്തിക്കാൻ കിട്ടുന്ന അവസരങ്ങളെല്ലാം നാം പാഴാക്കുകയാണ്. അത്തരം സ്നേഹവായ്പു പകർന്നു കൊടുക്കുന്ന കുടുംബങ്ങളിൽ മക്കൾ വഴിതെറ്റിപ്പോകാനുള്ള സാധ്യത തീരെ കുറവാണെന്നത് മറ്റൊരു സത്യം.



**ചികിത്സാരംഗത്ത്**

തിരുമ്മ്, പിഴിച്ചിൽ, മർമചികിത്സ, ഫിസിയോതെറാപ്പി എന്നീ ചികിത്സാവിധികളിലെല്ലാം സ്പർശനത്തിനു വലിയ ഒരു പങ്കുണ്ട്. മരുന്നുകളെക്കാളേറെ സ്പർശനം ഒരുക്കുന്ന മായാജാലം അവിടെ വലുതാണ്. ന്യൂറോസയന്റിസ്റ്റുകൾ നമ്മെ ഓർമിപ്പിക്കുന്നുണ്ട്, മമതയോടെയുള്ള തലോടലിനും സ്നേഹസ്പർശനത്തിനും ഒരു തീരാരോഗിയെപ്പോലും സുഖപ്പെടുത്താനുള്ള ശക്തിയുണ്ടെന്ന്. മസാജ് തുടർച്ചയായി ചെയ്ത്, ഒരിക്കലും നടക്കുകയില്ല എന്നുപറഞ്ഞ് എഴുതിത്തള്ളിയവരെപ്പോലും നടത്തിച്ചതായി ചരിത്രമുണ്ട്.

മേല്പറഞ്ഞ ചികിത്സാവിധികളിൽ ഉൾപ്പെടാത്ത മറ്റു ഡോക്ടർമാരും നേഴ്സുമാരും രോഗികളെ കാരുണ്യത്തോടെ സ്നേഹത്തോടെ ഒന്നു പുറത്തു തട്ടി സമാശ്വസിപ്പിക്കുമ്പോഴും അവർക്കു കൂടുതൽ മനോബലം ലഭിക്കുന്നു, ആശ്വാസം ലഭിക്കുന്നു. സ്പർശനം നല്ല വിധത്തിൽ ഉപയോഗിച്ചാൽ ചികിത്സയ്ക്കുള്ള ഉത്തമോപകരണമായി അതു പരിണമിക്കുന്നു, പരസ്പരബന്ധം കുറെക്കൂടി അരക്കിട്ടുറപ്പിച്ചുകൊണ്ടു രോഗിയെ തന്റെ ദുരവസ്ഥകളിൽനിന്നു കൈപിടിച്ചുയർത്താൻ അപ്പോൾ ഡോക്ടർ ശക്തനാവുന്നു.

**സ്പർശനത്തിന്റെ ശാസ്ത്രം**

നമ്മുടെ സുഖദുഃഖങ്ങളും പ്രേമവികാരങ്ങളും ലൈംഗികമായ ഉദ്ദീപനങ്ങളുമെല്ലാം സ്പർശനങ്ങളിലൂടെ ഉച്ചസ്ഥാനത്തെത്തുന്നു; വാചാലങ്ങളാകുന്നു. സ്പർശനത്തിനു മനോസമ്മർദങ്ങളെ നിയന്ത്രിക്കുന്ന രക്തസമ്മർദം, കോർട്ടിസോളിന്റെ നിലവാരം ഇതിനെയൊക്കെ നിയന്ത്രിക്കാനാകും. ഓക്സിടോസിൻ എന്ന ഹോർമോണിന്റെ പ്രവാഹം ത്വരിതപ്പെടുത്തി കുടുംബാന്തരീക്ഷത്തിൽ ശാന്തിയും ഉല്ലാസവും വിശ്രാന്തിയും സാധ്യമാക്കാൻ സ്പർശനം ശക്തമാണ്.

**സ്പർശനത്തിനായി കാത്തിരിക്കുന്നവർ**

ഓർഫനേജുകളിലും അഗതിമന്ദിരങ്ങളും ഒക്കെ കഴിയുന്നവർ പലപ്പോഴും സ്പർശനത്തിനായി കൊതിക്കുന്നവരാണ്. അവരെത്തേടി വല്ലപ്പോഴും എത്തുന്നവർ നീട്ടുന്ന കരങ്ങളെ ഒന്നു സ്പർശിക്കാൻ അവർ വെമ്പുന്നുണ്ടാവും. സാമൂഹികമായ ഇടപാടുകൾ ഒന്നുമില്ലാതെ കൂട്ടിലടച്ചതുപോലെ കഴിയുന്നവർക്കു വേഗത്തിൽ മരണമടയാനുള്ള സാധ്യത ഏറെയാണെന്നു നമുക്കറിയാം.

ഒരു കൊച്ചു സംഭവകഥകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ലേഖനം ഉപസംഹരിക്കാം. ജാംനഗറിനടുത്തു സിക്കയിലെ സിമന്റ് ഫാക്ടറിയിൽ ഒരുകാലത്തു കോസ്റ്റ് അക്കൗണ്ടന്റായി ഒരു മേനോൻ ഉണ്ടായിരുന്നു. വാർദ്ധക്യത്തിൽ അദ്ദേഹത്തിന് തളർവാതം പിടിപെട്ടു കിടപ്പിലായി. പലപ്പോഴും ഒരു കുടുംബസുഹൃത്ത് എന്ന നിലയ്ക്ക് ഞാൻ അവരുടെ ഭവനത്തിൽ പോകാറുണ്ടായിരുന്നു. മേനോന്റെ രണ്ടു പേരക്കുട്ടികൾ അക്കാലമത്രയും കിടക്കയിൽ ഇരുവശങ്ങളിലും അപ്പൂപ്പനെയും കെട്ടിപ്പിടിച്ചാണ് ഉറങ്ങിയിരുന്നത്. ഇടയ്ക്കിടെ മേനോന്റെ കൈകാലുകൾ അവർ തിരുമ്മിക്കൊടുക്കുമായിരുന്നു. ആ സ്നേഹം ഒന്നു കാണേണ്ട കാഴ്ചയായിരുന്നു. ഇന്നത്തെക്കാലത്തു മക്കൾക്ക് വൃദ്ധരുടെ മുറിയിലേക്ക് ഒന്ന് ഒളിഞ്ഞുനോക്കാൻപോലും ചിലപ്പോൾ സമയം കിട്ടാറില്ല.

നമുക്കു ദൈവം തന്ന ഇന്ദ്രിയങ്ങളിൽ വച്ചേറ്റവും ശക്തമായതും അതീവപ്രാധാന്യം അർഹിക്കുന്നതുമാണ് സ്പർശനം. അതൊരു കുളിർമഴയാണ്, രോമാഞ്ചജനകമാണ് അത്. നമുക്ക് ആശ്വാസം പകരുന്ന, വിരൽത്തുമ്പുകളെ ഇക്കിളിപ്പെടുത്തുന്ന വലിയൊരു ഊർജപ്രവാഹമാണത്. വിശുദ്ധമാണ് സ്പർശനം, മാലാഖമാർ ഒരുക്കുന്ന സാന്നിധ്യമാണത്. വാചാലമാണ് ഓരോ സ്പർശനവും. സ്പർശനം നല്ല ഓർമകൾ സമ്മാനിക്കുന്നു എന്നാണ് ജോൺ കീറ്റ്സ് പറയുക. നമുക്കെല്ലാം വേണ്ടുവോളം ലഭിക്കേണ്ട, അതോടൊപ്പം മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടുന്ന ഈ ദിവ്യശക്തിയെ നമുക്ക് നല്ല രീതിയിൽ ഉപയോഗിക്കാം.

■






# മാതാപിതാക്കൾ മുതിർന്നവരായാൽ



ജസ്റ്റിൻ തോമസ്

**മു**തിർന്ന മാതാപിതാക്കൾ കുടുംബത്തിന്റെ ഐശ്വര്യവും വിളക്കുകളുമാണെന്നു നാം പറയാറുണ്ട്. മുതിർന്നവരെ ബഹുമാനിക്കുന്ന, അനുസരിക്കുന്ന,



സ്നേഹിക്കുന്ന സംസ്കാരമാണു നമ്മുടേത്. എന്നിരുന്നാലും ചില അസ്വാരസ്യങ്ങൾ മുതിർന്നവർമൂലം കുടുംബങ്ങളിൽ ഉണ്ടാവുന്നതിന്റെ കാരണങ്ങൾ നാം അറിയണം. നാലു തരത്തിലുള്ള പെരുമാറ്റരീതികൾ മുതിർന്ന മാതാപിതാക്കളിൽ കാണാറുണ്ട്.

1. വാത്സല്യം നിറഞ്ഞ പെരുമാറ്റം 2. ക്രൂരമായ പെരുമാറ്റം 3. കാര്യം കാണാനുള്ള പെരുമാറ്റം, 4. അകന്നുനിൽക്കുന്ന പെരുമാറ്റരീതി. ചില അവസരങ്ങളിൽ ഒരു വ്യക്തിയിൽത്തന്നെ മേൽ സൂചിപ്പിച്ചവയിൽ പലതും സമ്മേളിക്കാം.

**1. വാത്സല്യം നിറഞ്ഞ സ്നേഹപൂർവമായ പെരുമാറ്റം**

ഇത്തരക്കാരുടെ പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു: കുടുംബാംഗങ്ങളെ മനസ്സിലാക്കുന്നു. ആശയവിനിമയം പ്രോത്സാഹിപ്പിക്കുന്നു. ആവശ്യമുണ്ടെങ്കിൽ മാത്രം മക്കളുടെയും കൊച്ചുമക്കളുടെയും കാര്യങ്ങളിൽ ഇടപെടുന്നു. അധികാരമുണ്ടെങ്കിലും മറ്റുള്ളവർക്കു സ്വാതന്ത്ര്യം നൽകുന്നു. തങ്ങളുടെ മാതാപിതാക്കൾ ചെയ്ത തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ആവുന്നത്ര ശ്രമിക്കുന്നു. തങ്ങൾ മറ്റുള്ളവർക്കു ഭാരമാവാതിരിക്കാൻ ശ്രദ്ധയോടെ പരിശ്രമിക്കുന്നു.

നന്മനിറഞ്ഞ മൂല്യങ്ങളെ മുറുകെപ്പിടിക്കുകയും അവ പുലർത്താൻ കുടുംബാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സ്വന്തം ആരോഗ്യത്തിലും കുടുംബാംഗങ്ങളുടെ ആരോഗ്യസംരക്ഷണത്തിലും ശ്രദ്ധ ചെലുത്തുന്നു. കുടുംബാംഗങ്ങളുടെയും സാമ്പത്തിക, സാമൂഹിക, ആത്മീയ, വിദ്യാഭ്യാസ, മേഖലകളിൽ ആവശ്യമെങ്കിൽ ഉപദേശവും മാർഗനിർദേശവും നല്കുന്നു. കുടുബാംഗങ്ങളെ തുല്യതയോടെ പരിഗണിക്കുന്നു.

**2. ക്രൂരമായ പെരുമാറ്റം**

മുതിർന്ന മാതാപിതാക്കൾ ക്രൂരമായി പെരുമാറാൻ പ്രധാനമായും താഴെപ്പറയുന്ന ചിന്താരീതികളും അവസ്ഥകളും കാരണമാകാം.

മദ്യം, മയക്കുമരുന്ന്, മറ്റ് അടിമത്തങ്ങൾ, മാനസിക അസ്വസ്ഥതകൾ, സ്വന്തം തെറ്റുകൾ മറയ്ക്കുവാനുള്ള ശ്രമം, പക, തങ്ങളുടെ അധികാരം നഷ്ടമാകുമോ, എന്ന അകാരണവും അല്ലാതെയുമുള്ള ഭീതി, അയവില്ലാത്ത സ്വഭാവരീതി, ശാരീരിക അസുഖങ്ങൾ, തെറ്റായ ഉപദേശങ്ങൾ, പങ്കാളിയുടെ മരണം, അസുഖം, മറ്റുതരത്തിലുള്ള വേർപാടുകൾ, സാമ്പത്തിക പരാധീനത, മറ്റു കുടുംബാംഗങ്ങളിൽനിന്നുള്ള അവഗണന, വഞ്ചന, കബളിപ്പിക്കൽ, ക്രൂരമായ പെരുമാറ്റം തുടങ്ങിയവ.

ചെറുപ്പം മുതലുള്ള ചില ശീലങ്ങളും മുതിർന്ന മാതാപിതാക്കളെ ക്രൂരരാക്കി മാറ്റും. ഇത്തരക്കാർ പക്ഷപാതത്തോടെ പെരുമാറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാരുടെ ക്രൂരപെരുമാറ്റം കുടുംബത്തിലെ ചില അംഗങ്ങളോടു മാത്രമേ ഉണ്ടാവൂ.

**3. കാര്യം കാണാനുള്ള പെരുമാറ്റം**

ഇത്തരക്കാർ നല്ല അഭിനേതാക്കൾ ആയിരിക്കും. ഇവർക്ക് ഇഷ്ടമില്ലാത്ത പെരുമാറ്റം കുടുംബാംഗങ്ങളിൽനിന്നുണ്ടായാൽ അവരെ ഇവർ വെറുക്കും. പക്ഷേ, കാര്യം കാണാൻ ഇവർ എത്ര വിദ്വേഷമുള്ളവരോടും പെട്ടെന്ന് അടുക്കും. വീട്ടിൽ കുത്തിത്തിരിപ്പുണ്ടാക്കാൻ ഇത്തരക്കാർ വളരെ സമർഥരാണ്. ക്രൂരപെരുമാറ്റക്കാരെപ്പോലെതന്നെ ഇവരും കുടുംബാന്തരീക്ഷം കലുഷിതമാക്കും.

**4. അകന്നുനിൽക്കുന്ന രീതി**

ഇത്തരക്കാർ അവരിലേക്കുതന്നെ ചുരുങ്ങുകയോ വീട്ടിൽനിന്നു വിട്ടുനിൽക്കുകയോ ചെയ്യാം. ഇത്തരം പെരുമാറ്റരീതിയുടെ പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു: മാനസികബുദ്ധിമുട്ടുകൾ, ഉറ്റവരുടെ വേർപാട്, കുടുംബാംഗങ്ങളിൽനിന്നുള്ള തിരസ്കരണം, സാമ്പത്തികഭദ്രത, സാമ്പത്തികഭദ്രതയില്ലായ്മ, സമൂഹത്തിന്റെ തിരസ്കരണം, അപമാനകരമായ സാഹചര്യങ്ങൾ, കുടുംബത്തിനുള്ളിലും പുറത്തുള്ള അവിഹിതബന്ധങ്ങൾ, ചില ശീലങ്ങൾ (ജോലിസംബന്ധമായി മാറിനിന്നു ശീലിച്ചവർ ഇത്തരത്തിൽ വീട്ടിൽനിന്ന് അകന്നു നിൽക്കാം), അപകർഷതാബോധം, ഉത്തരവാദിത്വങ്ങളിൽനിന്ന് ഓടിയൊളിക്കൽ, ചില തെറ്റായ മുൻവിധികളും ധാരണകളും. മേൽ സൂചിപ്പിച്ചവയൊക്കെ ഒരു വ്യക്തിയെ അകന്നുനിൽക്കുന്ന പെരുമാറ്റരീതിയിലേക്കു നയിക്കാം.

**മുതിർന്ന മാതാപിതാക്കൾ എപ്പോഴാണ് കുടുംബത്തിന്റെ ഐശ്വര്യവും വിളക്കുകളും ആവുക?**

വാത്സല്യപൂർണമായ സ്നേഹം നിറഞ്ഞ പെരുമാറ്റരീതികളുടെ ഉടമകൾ കുടുംബത്തിന്റെ അണയാത്ത വിളക്കുകളായിരിക്കും. ഇവരെയോർത്ത് മക്കളും കൊച്ചുമക്കളും മറ്റു ബന്ധുമിത്രാദികളും സ്രഷ്ടാവിനു നന്ദി പറയും. ഇവരുടെ ദീർഘായുസ്സിനുവേണ്ടി നിയോഗങ്ങളുണ്ടാവും. കാരണം, ഇവർ ഭാരമായ ഐശ്വര്യവുമാണ്. ഇവർക്കുവേണ്ടി വൃദ്ധമന്ദിരങ്ങൾ പണിയപ്പെടുന്നില്ല. കാരണം, ഇവരുടെ ചിറകിൻകീഴിൽ സംരക്ഷിക്കപ്പെടാൻ മക്കളും മരുമക്കളും കൊച്ചുമക്കളുമൊക്കെ മത്സരിക്കും.

**മുതിർന്ന മാതാപിതാക്കളെ തിരുത്താൻ കഴിയുമോ?**

ഉത്തരം തീർച്ചയായും കഴിയും എന്നാണ്. മുതിർന്ന മാതാപിതാക്കളുടെ അവസരോചിതമല്ലാത്ത പ്രവൃത്തികളും വാക്കുകളും ചിന്തകളും തിരുത്താൻ മറ്റുള്ളവർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു: മനസ്സിലാക്കുക - പഠിക്കുക - പ്രവർത്തിക്കുക - പുനരവലോകനം നടത്തുക.

**മനസ്സിലാക്കുക**

ഇത്തരക്കാരുടെ പ്രശ്നം എന്ത് എന്നു കണ്ടുപിടിക്കുന്ന പ്രക്രിയയാണിത്. ഉദാ: അമിത കോപം.

**പഠിക്കുക**

എന്തുകൊണ്ടു മേൽസൂചിപ്പിച്ച പ്രശ്നം ഈ വ്യക്തിക്ക് ഉണ്ടാവുന്നുവെന്ന് ആഴത്തിൽ മനസ്സിലാക്കുന്ന പ്രക്രിയയാണിത്. ഇതിനായി ഒരു കൗൺസിലറെ സമീപിക്കാം.

**പ്രവർത്തിക്കുക**

ഇത് കുടുംബാംഗങ്ങളുടെ ഭാഗത്തുനിന്നുണ്ടാകേണ്ട കാര്യങ്ങളുടെ ആകത്തുകയാണ്. ചിന്തകൾകൊണ്ടും വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും ആ വ്യക്തിയെ തിരുത്താൻ പ്രാപ്തമാക്കുന്ന പ്രക്രിയയാണിത്. ഇവ ശാസ്ത്രീയമായി പ്രാവർത്തികമാക്കിയാൽ ഫലം ഉറപ്പാണ്. ഈ പ്രക്രിയയിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രായോഗികമാർഗങ്ങൾ പ്രധാനമാണ്.

1. ഉപദേശം, 2. സ്വയം തിരിച്ചറിയുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക, 3. ഉൾപ്പെടുത്തൽ/ഒഴിവാക്കൽ, 4. അംഗീകാരം/തിരസ്കരണം, 5. ചികിത്സകൾ, മരുന്നുകൾ, 6. ശക്തമായ നിലപാടുകൾ സ്വീകരിക്കൽ, 7. മാറ്റാൻ പറ്റാത്ത വസ്തുതകളെ അംഗീകരിക്കൽ.

മേൽസൂചിപ്പിച്ച ഏഴു കാര്യങ്ങൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നതിനുശേഷം ആയതിന്റെ ഫലം പുനരവലോകനം ചെയ്യണം. ഈ തിരുത്തൽ പ്രക്രിയ പരിശീലനം ലഭിച്ച ഒരു വ്യക്തിയുടെ സഹായത്തോടെ ചെയ്താൽ ഫലം തീർച്ച! ■

## വായന

### അപ്പമായവനെ അനുഭവമാക്കിയവൻ

| | |
|---|---|
| ഗ്രന്ഥകർത്താ | : ഫാ. ജോസഫ് നെല്ലിക്കാട്ടേരിൽ |
| പ്രസാധനം | : കാർമൽ പബ്ലിഷിംഗ് ഹൗസ്, തിരുവനന്തപുരം |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 100 രൂപ |



*ദിവ്യകാരുണ്യനാഥനെ അനുഭവമാക്കിയ ചില വിശുദ്ധരുടെ ഓർമക്കുറിപ്പുകളാണ് ഈ ചെറുപുസ്തകം. നിങ്ങളുടെ കുഞ്ഞുങ്ങളുടെ കരങ്ങൾ ഈ വിശുദ്ധരുടെ കരങ്ങളോടു ചേർത്തുവയ്ക്കുക. അങ്ങനെ അവർ വിശുദ്ധിയെയും ദിവ്യകാരുണ്യത്തെയും സ്നേഹിക്കട്ടെ.*

### മധുരം സൗമ്യം ദീപ്തം

| | |
|---|---|
| ഗ്രന്ഥകർത്താ | : റ്റി.ഒ. ജോസഫ് |
| പ്രസാധനം | : ഗ്രന്ഥകർത്താവ് |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 120 രൂപ |



ഒരു നല്ല ചെറുകഥപോലെ വായനക്ഷമത പകരുന്നതാണ് ഓരോ അഭിമുഖവും. കാന്തിയും മൂല്യവുമുള്ള പ്രതിഭകളെ തേച്ചുമിനുക്കി സഹൃദയസമക്ഷം അവതരിപ്പിക്കുന്ന ഗ്രന്ഥം.

### കാനാട്ടുപാറയിലെ കാലിത്തൊഴുത്ത്

| | |
|---|---|
| ഗ്രന്ഥകർത്താ | : സന്തോഷ് മരിയസദനം |
| പ്രസാധനം | : വീസി ബുക്സ് |
| വിതരണം | : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ |
| വില | : 250 രൂപ |



ഈ ഗ്രന്ഥം വായിക്കുന്നവരുടെയുള്ളിൽ രൂപപ്പെടുന്ന ബോധ്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ സാധിച്ചാൽ സാമൂഹികജീവിതം കൂടുതൽ സുന്ദരമാകും. കാരണം, സമൂഹം തള്ളിക്കളയുന്നവരെ കൂടുതലറിയുമ്പോൾ അവരോടുള്ള നമ്മുടെ കാഴ്ചപ്പാടുകളും മാറും.

# കാൽവരി കയറിയ സ്നേഹം



ഫാ. ജോസഫ് നെച്ചിക്കാട്ട്

**മൊ**ളോക്കോയിലെ കുഷ്ഠരോഗികൾക്കുവേണ്ടി ജീവൻ ബലികഴിച്ച മഹാനാണ് ഫാദർ ഡാമിയൻ - കുഷ്ഠരോഗികൾക്കുവേണ്ടി കുഷ്ഠരോഗിയായ വ്യക്തി. എങ്കിലും, എന്തുകൊണ്ടോ ആ മഹാത്മാവ് അവസാനകാലത്ത് അങ്ങേയറ്റം അസ്വസ്ഥനായിരുന്നു. കുഷ്ഠരോഗത്തിന്റെ പാർശ്വഫലമാണ് അതെന്നത്രേ പലരുടെയും നിഗമനം. അക്കാലത്ത് ഡാമിയന്റെ ഏറ്റവും വലിയ ആശ്വാസമായിരുന്നത് ഫാദർ ലാംബർട്ട് കൊൺറാഡ് എന്ന അമേരിക്കൻ മിഷനറിയാണ്. ഫാദർ ഡാമിയനോടൊപ്പം താമസിക്കുകയും അദ്ദേഹത്തെ ശുശ്രൂഷിക്കുകയും ചെയ്ത ധൈര്യശാലി.

മൊളോക്കോയിൽ വരുന്നതിനുമുമ്പ് ഫാ. കൊൺറാഡ് കാട്ടുജാതികളുടെ കൂടെയായിരുന്നു - അവിടമായിരുന്നു അദ്ദേഹത്തിന്റെ സേവനരംഗം. കൊഴുത്തുതടിച്ച കോമളകളേബരനായിരുന്നു ഫാദർ കൊൺറാഡ്. അഴകെഴുന്ന ആ വെള്ളക്കാരനെ കണ്ടാൽ ആരും നോക്കിനിന്നുപോകും. ഒരിക്കൽ കുറെ കാട്ടുജാതികൾക്ക് ഒരു മോഹം. ഇയാളെ കൊന്നുതിന്നാലെന്താ! നല്ല മാംസം! അവർ അദ്ദേഹത്തെ വരിഞ്ഞുകെട്ടി കൊല്ലാൻ കൊണ്ടുപോയി. അദ്ദേഹമാകട്ടെ ഒരു എതിർപ്പും പ്രകടിപ്പിച്ചില്ല. അവസാനം, തന്റെ കയ്യിലെ വാച്ച് ഊരി അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: "ഇതു നല്ലൊരു സാധനമാണ്, കളയരുത്."


"ഇതു വല്ല കൂടോത്രവുമാണോ?" അതായിരുന്നു അവരുടെ പേടി. അദ്ദേഹം പറഞ്ഞു: "ഇതു വളരെ വിലപ്പിടിപ്പുള്ള വസ്തുവാണ്. സമയം അറിയാൻ ഇതിൽ നോക്കിയാൽ മതി! ഉച്ചയാകുമ്പോൾ ഇതിന്റെ സൂചി കറങ്ങി 12 ൽ വരും...!" അവർക്കു വിസ്മയമായി. ഇങ്ങനെയുണ്ടോ മനുഷ്യർ? കൊല്ലാൻ കൊണ്ടുപോകുന്നവർ കിടന്നു പിടയ്ക്കുകയും, തിരിഞ്ഞുകടിക്കുകയുമല്ലേ ചെയ്യുക? "അങ്ങെന്താണു ഞങ്ങളെ ഒന്നും ചെയ്യാത്തത്?" അവർ ആരാഞ്ഞു. അദ്ദേഹം പറഞ്ഞു: "ഞാനൊരു മിഷനറിയാണ്. സ്വന്തം ജീവൻ എനിക്കുവേണ്ടി നഷ്ടപ്പെടുത്തുന്നവൻ അതു നേടുമെന്നാണ് ഗുരു പഠിപ്പിച്ചിട്ടുള്ളത്...!"

തുടർന്നുള്ളത് അവരുടെ മാനസാന്തരകഥയാണ്...!

ശത്രുവിനെ സ്നേഹിക്കാൻ പഠിപ്പിച്ച ഗുരുവിനെ അനുസ്മരിച്ചുകൊണ്ട് വി. പൗലോസ് ഇങ്ങനെ എഴുതി: "നിന്റെ ശത്രുവിനു വിശക്കുന്നെങ്കിൽ നീ അവനു ഭക്ഷിക്കാനും ദാഹിക്കുന്നുവെങ്കിൽ കുടിക്കാനും കൊടുക്കുക. ഇതുവഴി നീ അവന്റെ തലയിൽ തീക്കനൽ കൂട്ടും." (റോമ. 12-20). ഇതുതന്നെയാണു സുഭാഷിതങ്ങളും പറയുക (സുഭാ. 25-21).

ഇവിടെയാണു കാട്ടുജാതികൾ കുടുങ്ങിയത്! കൊല്ലപ്പെടുവാൻ കൊണ്ടുപോകുന്ന ഇര ഒരിക്കലും അടങ്ങിയിരിക്കുകയില്ല. എന്നാൽ, എന്തുകൊണ്ട് ഈ മനുഷ്യർ ഇങ്ങനെ നിന്നുതന്നു? അതുമാത്രമല്ല, എപ്പോഴും വട്ടം കറങ്ങി സമയം ചൂണ്ടിക്കാണിച്ചുകൊണ്ടിരിക്കുന്ന വിലപ്പിടിപ്പുള്ള ആ അദ്ഭുതയന്ത്രവും നമുക്കു തന്നു? അവിടെ അസാധാരണമായ ദിവ്യമായ എന്തോ ഒന്ന് ഉണ്ട്. അവർ അദ്ദേഹത്തോടു മാപ്പു ചോദിച്ചു!

ആദിമക്രൈസ്തവരുടെ ഈ സവിശേഷതയാണ് അഥേനിയൻ താത്ത്വികനായ അരിസ്റ്റിഡസിനെ, അഗസ്റ്റസ് ഹഡ്രിയാൻ ചക്രവർത്തിക്ക് (AD 76-136) ഒരു കത്തെഴുതാൻ പ്രേരിപ്പിച്ചത്: "ക്രിസ്ത്യാനികളെന്നു പറയുന്ന ഈ മനുഷ്യർ, തങ്ങളെ ദ്രോഹിക്കുന്നവരെ താത്പര്യപൂർവം സ്നേഹിക്കുകയും അവർക്കു നന്മ



ചെയ്യുകയും ചെയ്യുന്നു!" അവിടെ അഭൗമികമായ എന്തോ ഒന്ന് ഉണ്ട് എന്ന് അരിസ്റ്റിഡസിനു മനസ്സിലായി.

പട്ടാളക്കാരനായിരുന്ന പക്കോമിയൂസ് പകച്ചുപോകുന്നതും ഇവിടെ വച്ചാണ് - ക്രൈസ്തവരുടെ ശുശ്രൂഷാമനോഭാവം. ഒരിക്കൽ അവരുടെ ക്യാമ്പിലേക്കു കടന്നുചെന്ന തികച്ചും അപരിചിതനായ അദ്ദേഹത്തെ അവർ തികഞ്ഞ ആതിഥ്യമര്യാദയോടെ സ്വീകരിച്ചാദരിച്ചു. എന്താണിതിന്റെ കാരണം? അതാണു പക്കോമിയൂസിനു ചോദിക്കാനുണ്ടായിരുന്നത്. ഉത്തരം വളരെ കൃത്യമായിരുന്നു: "അങ്ങനെയാണു ഗുരു ഞങ്ങളെ പഠിപ്പിച്ചത്." അദ്ദേഹത്തിന് ആ ഗുരുവിനെക്കുറിച്ച് അറിയണമെന്നായി. അധികം താമസിയാതെ അദ്ദേഹം അവരുടെ സമൂഹത്തിൽ അംഗമായിത്തീർന്നുവെന്നു മാത്രമല്ല അനേകരെ ക്രൈസ്തവസന്ന്യാസത്തിലേക്കാനയിച്ചുകൊണ്ടു വേറൊരു ഗുരുവായിത്തീരുകയും ചെയ്തു!

അമേരിക്കൻ രാഷ്ട്രീയത്തിലെ അതികായനായിരുന്നു ബഞ്ചമിൻ ഫ്രാങ്ക്ളിൻ. അമേരിക്കൻ ഭരണഘടനയുടെ ഉപജ്ഞാതാവ്. നാടിന്റെ പ്രതിനിധിയായി പല തവണ (1754, 1757-62, 1776) ഇംഗ്ലണ്ടിലേക്കും ഫ്രാൻസിലേക്കും അദ്ദേഹം അയയ്ക്കപ്പെട്ടിട്ടുമുണ്ട്. പലതുകൊണ്ടും അദ്ദേഹത്തിന് ഒട്ടേറെ ശത്രുക്കളുമുണ്ടായിരുന്നു; അവരെയൊക്കെ തറപറ്റിക്കാനും അദ്ദേഹത്തിനു കഴിയുമായിരുന്നു. എങ്കിലും, അതൊന്നും തനിക്കു ഭൂഷണമല്ലെന്ന് അദ്ദേഹം കരുതി. ഒരിക്കൽ അതേക്കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ പറഞ്ഞു:

"Doing an injury puts you below your enemy
Revenging one makes you but even with him.
Forgiving it sets you above him."

ശരിയാണ്. ശത്രുവിനെ മുറിവേല്പിക്കുന്നതു തരംതാണ പണിയാണ്. പ്രതികാരം ചെയ്യുമ്പോൾ അവനെപ്പോലെ മോശമായി പ്രവർത്തിക്കുകയാണ് - ഒപ്പത്തിനൊപ്പം അഥവാ, പകരത്തിനുപകരം! ക്ഷമിക്കുമ്പോൾ മാത്രമാണ് അവനെക്കാൾ ഉയർന്നു നില്ക്കുക.

'പൂച്ച' എന്നു വിളിക്കുന്നവനെ 'പട്ടീ' എന്നു വിളിച്ചെങ്കിലേ മനസ്സിനു തൃപ്തി വരികയുള്ളൂ! അതു കൈപ്പറ്റിയവന് അടക്കം വരണമെങ്കിൽ തിരിച്ചു 'കില്ലപ്പട്ടീ' എന്നു വിളിക്കണം. അതിന് അതേ നാണയത്തിൽ മുതലും പലിശയും തിരിച്ചേല്പിക്കണമെങ്കിൽ പ്രതിയോഗി നിഘണ്ടുവിലില്ലാത്ത ഏതെങ്കിലും പദം പ്രയോഗിക്കേണ്ടിവരും. അതിനു മേൽപ്പദം സംസാരഭാഷയിൽ കിട്ടാതെ വരുമ്പോഴാണ് വാക്കേറ്റം കയ്യേറ്റത്തിലേക്കും കയ്യേറ്റം കൊലപാതകത്തിലേക്കും നീങ്ങുക. ഇവിടെയാണു വി. പൗലോസിനെ (റോമ. 12-20) പരാവർത്തനം ചെയ്ത ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ വാക്കുകൾ! അവിടെ, ആ ഔദാര്യത്തിനുമുമ്പിൽ എല്ലാം അളമുട്ടി നില്ക്കുകയാണ്. അതിന് അപ്പുറമൊന്നുമില്ല. അടുത്തതു തിരിച്ചുവരവുതന്നെയായിരിക്കും - ക്ഷമാപണപൂർവം!

അവരൊക്കെ കടമെടുത്തതു യേശുവിന്റെ തിരുവചനമാണ്: "ശത്രുക്കളെ സ്നേഹിക്കുക" (മത്താ. 5:44). ആ വചനം ഒരു പടി കൂടെ കടന്നു മാംസരൂപം ധരിക്കുന്നതു കാൽവരിയിൽവച്ചാണ്. അവരോടു ക്ഷമിക്കുകയും, ക്ഷമിക്കണമേയെന്നു പിതാവിനോടു പ്രാർത്ഥിക്കുകയും മാത്രമല്ല, അതിനു കാരണംകൂടി പിതാവിനെ ബോധിപ്പിക്കുകയാണ്: "അവരുടെ അറിവില്ലായ്മകൊണ്ടു സംഭവിച്ചുപോയതാണ്" (ലൂക്കാ. 23:34). ക്ഷമയുടെ പാരത്രികപരകോടി - അഭൗമികമായ അതിരുകല്ല്. അവിടെ ശ്വാസംമുട്ടി നിന്ന ഒരു കള്ളനുപോലും തിരിച്ചറിവു കൈവരുന്നു: ഇവിടം ഭൂമിയല്ല പറുദീസായാണ് (ലൂക്കാ 23:42).

അക്രമം ഒന്നിനും ഉത്തരമല്ല. തിന്മയെ തിന്മകൊണ്ടു പരാജയപ്പെടുത്താനും സാധ്യമല്ല. അരിസ്റ്റിഡസ് പറഞ്ഞ വാക്കുകൾ ബാക്കി നില്ക്കുന്നു: "ദ്രോഹിക്കുന്നവരെ താത്പര്യപൂർവം സ്നേഹിക്കുന്നവരുടെ" വിഭാഗത്തിൽ പെട്ടവനായിരുന്നു ഫാദർ ലാംബർട്ട് കോൺറാഡ്. അതായിരുന്നു തന്നെ കൊന്നുതിന്നാൻ തുടങ്ങിയവർക്കു നിന്നുകൊടുത്തതിന്റെ - തന്റെ വാച്ചുകൂടി വച്ചുകൊടുത്തതിന്റെ കാരണം. ആ അന്തിമസമ്മാനമാണ് അവരെ കരയിപ്പിച്ചത്.

---




മാത്യൂസ് ആർപ്പൂക്കര




**കേ**രളത്തിലെ മലഞ്ചെരുവുകളിലാണ് കാടപ്പക്ഷികളെ കണ്ടുവരുന്നത്. ഇതിന്റെ മുട്ടയ്ക്കും ഇറച്ചിക്കും ഔഷധഗുണമുള്ളതായി കരുതപ്പെടുന്നു. കാടമുട്ട ശ്വാസകോശരോഗങ്ങൾക്ക്; പ്രത്യേകിച്ച്, ആസ്ത്മാരോഗത്തിനു ഫലപ്രദമാണെന്ന് അനുഭവസ്ഥർ പറയുന്നു.

കാടകളുടെ ജീവിതചക്രം വളരെ ചുരുങ്ങിയതാണ്. ഒരു കൊല്ലം മൂന്നോ നാലോ തലമുറകളുണ്ടാകുന്നു. തീറ്റച്ചെലവ് മറ്റു വളർത്തുപക്ഷികളെ അപേക്ഷിച്ചു നന്നേ കുറവാണ്. മുട്ട വിരിയാൻ മൂന്നാഴ്ച മതിയാകും. കാടകൾ അടയിരിക്കാറില്ല. നേരത്തേ പ്രായപൂർത്തിയെത്തുന്നു. ഒന്നരമാസം പ്രായമാകുമ്പോൾ മുട്ടയിട്ടുതുടങ്ങും. മാംസത്തിനുവേണ്ടി വളർത്തുന്നവയെ അഞ്ചോ ആറോ ആഴ്ചകൊണ്ട് മാർക്കറ്റിലെത്തിക്കാനാവും. കാട ഒരു വർഷത്തിൽ 300 മുട്ടകൾ വരെ ഇടുന്നു. മുട്ടയ്ക്ക് ശരീരത്തിന്റെ എട്ടു ശതമാനംവരെ തൂക്കം വരും. കോഴിമുട്ടയ്ക്കു മൂന്നു ശതമാനവും ടർക്കി മുട്ടയ്ക്ക് ഒരു ശതമാനവും മാത്രം തൂക്കമേയുള്ളൂ.

കാട്ടുകാടപ്പക്ഷികളെ ആദ്യം മെരുക്കി വളർത്തിയത് ജപ്പാൻകാരാണ്. അതുകൊണ്ടാണ് ജപ്പാൻ കാട എന്ന പേരു വീണത്. ഇന്നിപ്പോൾ ലഭ്യമാകുന്ന ഡീലക്സ് ഇനങ്ങളിൽ ജാപ്പനീസ് കാടകളും അതിന്റെ ഉപവിഭാഗങ്ങളുമാണ്. സ്റ്റബിൾ, ബോബ് വൈറ്റ്, ഫാറൊ ഈസ്റ്റേൺ എന്നിവ മറ്റിനങ്ങളാണ്.

കഴുത്തിലെയും നെഞ്ചിലെയും തൂവലുകൾക്ക് ഇളംചുവപ്പും തവിട്ടും കലർന്ന നിറമാണെങ്കിൽ അത് ആൺകാടയും കറുത്ത പുള്ളിക്കുത്തുകളോടുകൂടിയ ചാരനിറമാണെങ്കിൽ പെൺകാടയുമാണ്. പെൺകാടകൾക്ക് ആൺകാടകളെക്കാൾ വലുപ്പമുണ്ടാകും.


കാടകളെ കൃത്രിമമായി വിരിയിച്ചെടുക്കുകയാണു ചെയ്യുന്നത്. ആദ്യത്തെ 14 ദിവസം ഇൻകുബേറ്ററിലെ ചൂട് 37.5 സെന്റിഗ്രേഡ് ആയിരിക്കണം. ജലാംശം 60 ശതമാനവുമുണ്ടാകണം. ഹാച്ചറിയിലേക്കു മാറ്റുമ്പോൾ അതിൽ 36.5 ചൂടും 70 ശതമാനം ജലാംശവും ഉണ്ടായിരിക്കണം. വിരിഞ്ഞിറങ്ങിയ കാടക്കുഞ്ഞുങ്ങൾക്കു മൂന്നാഴ്ച കൃത്രിമച്ചൂടു നല്കാറുണ്ട്. ആറാഴ്ചകൊണ്ട് കാടകൾ പ്രായപൂർത്തിയാകുന്നു. പൂർണവളർച്ചയെത്തുന്ന കാടയ്ക്ക് 160 ഗ്രാം തൂക്കം കാണും. പൂർണവളർച്ചയെത്തിയ കാട ദിനംപ്രതി 25 ഗ്രാം തീറ്റ തിന്നും. ഒരേ ബ്രാന്റ് തീറ്റ നല്കുന്നതാവും നല്ലത്. പഴകിയതോ പൂപ്പൽ ബാധിച്ചതോ ആയ തീറ്റ കൊടുക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഒരു വർഷത്തിൽ ഒരു കാട 800 ഗ്രാം തീറ്റയോളം കഴിക്കും. നല്ല വൃത്തിയുള്ള കൂടും ശുദ്ധജലവും ഗുണമേന്മയുള്ള തീറ്റയും കൊടുക്കുന്നുവെന്നുറപ്പാക്കുക.

സാധാരണമായി ഒരു കാടമുട്ടയ്ക്ക് പത്തു ഗ്രാം തൂക്കമുണ്ടാകും. പല നിറത്തിൽ മുട്ടകൾ കണ്ടുവരുന്നു. കടുംതവിട്ട്, നീല, വെള്ള, കറുപ്പുപൊട്ടുകളടങ്ങിയ വെള്ള എന്നീ നിറങ്ങളിലാണ് കാടമുട്ടകൾ കണ്ടുവരിക. കാടയിറച്ചിയും കാടമുട്ടപോലെ പോഷകസമൃദ്ധമാണ്. കാടമുട്ട അച്ചാറും എല്ലോടുകൂടിയ ഇറച്ചി കാടതന്തൂരിയും ഗ്രിൽഡ് കാടയിറച്ചിയും ചില്ലിക്കാടയുമൊക്കെ കാടയിറച്ചികൊണ്ടുള്ള വിഭവങ്ങളാണ്. ഇതിന്റെ ശാസ്ത്രനാമം: കോർട്ടൂണിക്സ് കോർട്ടൂണിക്സ് ജപ്പോണിക്ക.

Deepanalam Weekly

RNI No : 16998/68
Vol. 55 No. 11 Date of Publication 12 May 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



# ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ
# 87-ാം ചരമവാർഷികം
## 2022 മേയ് 23 തിങ്കൾ



| | |
|---|---|
| ജനനം | : 25-04-1872 |
| പൗരോഹിത്യം | : 17-02-1901 |
| മരണം | : 23-05-1935 |

## പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ

സ്നേഹമുള്ളവരേ,

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചന്റെ 87-ാം ചരമവാർഷികത്തോടനുബന്ധിച്ചുള്ള അനുസ്മരണശുശ്രൂഷകൾ **2022 മേയ് 14-ാം തീയതി ശനിയാഴ്ച മുതൽ മേയ് 23-ാം തീയതി തിങ്കളാഴ്ച വരെ പാലാ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ് കപ്പേളയിൽ** ഭക്തിനിർഭരമായി നടത്തപ്പെടുകയാണ്.

ഈശോയുടെ തിരുഹൃദയത്തിന്റെ കരുണാർദ്രസ്നേഹം മനുഷ്യഹൃദയങ്ങളിലേക്കു പകർന്നുനല്കുന്നതിനു ജീവിതം സമർപ്പിച്ച നല്ല ഇടയൻ, 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പാലായിലും പരിസരപ്രദേശങ്ങളിലും കാരുണ്യത്തിന്റെ നീർച്ചാൽ ഒഴുക്കിയ ദിവ്യകാരുണ്യഭക്തൻ, അനുരഞ്ജനകൂദാശയിലൂടെ ഈശോയിലേക്കു അനേകരെ അടുപ്പിച്ച തിരുഹൃദയപ്രേഷിതൻ, അനാഥർക്കും ആലംബഹീനർക്കും സാന്ത്വനമേകിയ ആത്മീയ അജപാലകൻ, ഹരിജനോദ്ധാരകൻ, സാമൂഹിക പരിഷ്കർത്താവ്, തിരുഹൃദയസന്ന്യാസിനീസമൂഹസ്ഥാപകൻ എന്നിങ്ങനെ വിവിധ തലങ്ങളിൽ പ്രശോഭിച്ച ഈ ദൈവികമനുഷ്യന്റെ ജീവിതദർശനങ്ങൾ ഈ ദിനങ്ങളിൽ പങ്കുവയ്ക്കപ്പെടുന്നു.



ധന്യൻ മത്തായി അച്ചന്റെ കബറിടം

കഴിഞ്ഞ എട്ടര പതിറ്റാണ്ടിലേറെയായി ആശ്വാസദായകനായ മത്തായി അച്ചന്റെ കബറിടത്തിങ്കലേക്കുള്ള വിശ്വാസികളുടെ പ്രവാഹം തുടരുന്നു. അനുഗ്രഹവും ആശ്വാസവും നേടി അവർ സംതൃപ്തിയോടെ മടങ്ങുന്നു. അദ്ദേഹത്തിന്റെ പുണ്യജീവിതം നമുക്കു മാതൃകയാകട്ടെ, പ്രചോദനമാകട്ടെ.



മാർ ജോസഫ് കല്ലറങ്ങാട്ട് (പാലാ രൂപതാമെത്രാൻ)
മാർ ജേക്കബ് മുരിക്കൻ (സഹായമെത്രാൻ, പാലാ രൂപത)
മാർ ജോർജ് മഠത്തിക്കണ്ടത്തിൽ (കോതമംഗലം രൂപതാമെത്രാൻ)
യൂഹാനോൻ മാർ ക്രിസോസ്റ്റം (ബിഷപ് എമരിത്തൂസ് മലങ്കര രൂപത, പത്തനംതിട്ട)
മദർ ആൽഫോൻസ തോട്ടുങ്കൽ S.H. (സുപ്പീരിയർ ജനറൽ)



റവ. ഡോ. ചെറിയാൻ തുണ്ടുപറമ്പിൽ CMI (പോസ്റ്റുലേറ്റർ)
സി. ലിസ്ബത്ത് കടുക്കുന്നേൽ S.H. (പ്രൊവിൻഷ്യൽ സുപ്പീരിയർ)
സി. തെരേസ് കോയിപ്പുറം S.H (വൈസ് പോസ്റ്റുലേറ്റർ)
വെരി റവ. ഫാ. [illegible] വേട്ടുകല്ലേൽ (വികാരി, സെന്റ് തോമസ് കത്തീഡ്രൽ, പാലാ)

ധന്യൻ മത്തായി അച്ചന്റെ ചരമവാർഷികാചരണതിരുക്കർമ്മങ്ങളിൽ ഭക്ത്യാദരപൂർവ്വം പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ എവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സി. ലിസ്ബത്ത് കടുക്കുന്നേൽ S.H.
(പ്രൊവിൻഷ്യൽ സുപ്പീരിയർ)

സി. തെരേസ് കോയിപ്പുറം S.H.
(വൈസ് പോസ്റ്റുലേറ്റർ)

### ചരമവാർഷികത്തിന് ഒരുക്കമായുള്ള തിരുക്കർമ്മങ്ങൾ മേയ് 14 മുതൽ 22 വരെ

**7.30 am. - 12.30 pm.** – ദിവ്യകാരുണ്യ ആരാധന, **03.00 pm.** വിശുദ്ധ കുർബാന, നൊവേന

**മേയ് 14 ശനി** 3 pm: റവ ഫാ. മാത്യു കദളിക്കാട്ടിൽ
(വികാർ, സെന്റ് മേരീസ് ചർച്ച്, കാക്കൊമ്പ്)

**മേയ് 15 ഞായർ** " : മാർ ജേക്കബ് മുരിക്കൻ
(പാലാ രൂപത സഹായമെത്രാൻ)

**മേയ് 16 തിങ്കൾ** " : റവ. ഡോ. ജോസ് കുളത്തൂർ
(ചാൻസലർ, കോതമംഗലം രൂപത)

**മേയ് 17 ചൊവ്വ** " : വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ
(വികാരി ജനറാൾ, കാഞ്ഞിരപ്പള്ളി രൂപത)

**മേയ് 18 ബുധൻ** " : റവ. ഫാ. ജോസഫ് പാലക്കുടിയിൽ
(വികാർ, സെന്റ് ആന്റണീസ് ചർച്ച്, ഇരുമ്പുപാലം)

**മേയ് 19 വ്യാഴം** " : മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ
(വികാരി ജനറാൾ, ആർച്ചുബിഷപ്സ് ഹൗസ്, ചങ്ങനാശേരി

**മേയ് 20 വെള്ളി** " : റവ. ഫാ. ജോസഫ് വടക്കേടത്ത് CMF
(സുപ്പീരിയർ, കരുണാഭവൻ, കൊതവറ, വൈക്കം)

**മേയ് 21 ശനി** " : മോസ്റ്റ് റവ. യുഹാനോൻ മാർ ക്രിസോസ്റ്റം
(ബിഷപ് എമരിത്തൂസ്, മലങ്കര രൂപത, പത്തനംതിട്ട)

**മേയ് 22 ഞായർ** " : റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ
(പ്രസിഡന്റ്, പൗരസ്ത്യവിദ്യാപീഠം, വടവാതൂർ)

### 2022 മേയ് 23 തിങ്കൾ

### ശ്രാദ്ധദിനം

**10.30 am** : ആഘോഷമായ സമൂഹബലി
മാർ ജോർജ് മഠത്തിക്കണ്ടത്തിൽ
(കോതമംഗലം രൂപത മെത്രാൻ)

**11.45 am** : ചരമവാർഷിക പ്രാർത്ഥനകൾ
കബറിടത്തിങ്കൽ

**12.00 noon** : ശ്രാദ്ധ നേർച്ച – വെഞ്ചരിപ്പ്
**മുഖ്യകാർമ്മികൻ:** മാർ ജോസഫ് കല്ലറങ്ങാട്ട്
(പാലാ രൂപത മെത്രാൻ)

ധന്യൻ മത്തായി അച്ചന്റെ മാദ്ധ്യസ്ഥ്യം വഴി
അനുഗ്രഹങ്ങൾ ലഭിക്കുന്നവർ
THE VICEPOSTULATOR,
S.H. PROVINCIAL HOUSE, PALA-686 575,
Ph:9449636975,9947625039
എന്ന വിലാസത്തിൽ ഫോൺനമ്പർ സഹിതം
വിശദമായി അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org